# വ്രതാനുഷ്ഠാനവും ഫിത്ര് സകാത്തും

# ﴿ أحكام الصيام وزكاة الفطر ﴾

**[ Malayalam – മലയാളം – مليالم ]**


## സയ്യിദ് സഅ്ഫര് സ്വാദിഖ്

جمع وترتيب:

**سيد سعفر صادق**

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

المكتب التعاوني للدعوة وتوعية الجاليات بربوة

الرياض ، المملكة العربية السعودية

islamhouse.com

1431– 2010

# മുഖവുര

പ്രപഞ്ചനാഥനിൽ നിന്നും അവതരിച്ചിട്ടുള്ള മതമാണ് ഇസ്ലാം. ലോകത്തേക്ക് നിയോഗിതരായ മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്ത മതം. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൽ സ്വീകാര്യമായ ഏക മതം. അത് ഇസ്ലാം മാത്രമാണ്. ഇസ്ലാമിലൂടെ മാത്രമേ മോക്ഷം ലഭിക്കുകയുള്ളൂ. ഇസ്ലാമിന്റെ പ്രമാണങ്ങൾ വിശുദ്ധഖുർആനും, പ്രവാചകൻ(ﷺ)യുടെ ചര്യയുമാണ്. അവയിൽ എന്തെല്ലാം നമുക്ക് കാണാൻ സാധിക്കുന്നുവോ അതാണ് ഇസ്ലാമിക ശരീഅത്ത്. അവസാന പ്രവാചക(ﷺ)നോട് കൂടി ഇസ്ലാം സമ്പൂർണമായിരിക്കുന്നു.അതിൽ എന്തെങ്കിലും കൂട്ടിചേർക്കുവാനോ, അതിൽ നിന്ന് വല്ലതും വെട്ടിചുരുക്കുവാനോ ആർക്കുംതന്നെ അധികാരമില്ല. പ്രവാചകൻ(ﷺ)യുടെ മരണ സമയത്ത് എന്തെല്ലാം ഇസ്ലാമിക ശരീഅ:ത്തിലുണ്ടോ അതെല്ലാം ഇന്നും എന്നും അതിലുണ്ടാവും,ഇല്ലാത്തത് ഇന്നും എന്നും അതിലുണ്ടാവുകയുമില്ല. അത് കൊണ്ട് പരലോകമോ

ക്ഷം ആഗ്രഹിക്കുന്നവർ പ്രവാചകൻ(ﷺ)തന്റെ ജീവിതത്തിൽ മതത്തിന്റെ ഭാഗമായി ഏതൊക്കെ കാര്യങ്ങളാണ് ചെയ്തത് അത് ജീവിതത്തിൽ പകർത്തുക.ഒരിക്കലും റസൂൽ(ﷺ)പഠിപ്പിക്കാത്തകാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ചെയ്യാതിരിക്കുക.

ഇസ്ലാം അഞ്ച് തൂണുകളിലായിട്ടാണ് പടുത്തുയർത്തിയിട്ടുള്ളത്. സാങ്കേതിക ഭാഷയിൽ അതിന് 'അർകാനുൽഇസ്ലാം' (ഇസ്ലാമിന്റെ തൂണുകൾ) എന്നാണ് പറയുക. അത് ഓരോ മുസ്ലിമും അറിഞ്ഞിരിക്കലും, അത് പ്രവർത്തിക്കലും നിർബ്ബന്ധമാണ്. കാരണം അത് പ്രവർത്തിക്കുവാനുള്ളതാണ്. ഒന്നാമത്തേത് 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലായെന്നും, മുഹമ്മദ് നബി(ﷺ)അല്ലാഹുവിന്റെ പ്രവാചകനാണെന്നും സാക്ഷ്യപ്പെടുത്തലാണ്. ഇതാണ് ഇസ്ലാമിന്റെ അടിത്തറ. ഇതിൽ ഒരു തരത്തിലും ഭംഗം വരുത്തുവാനോ, ന്യൂനത വരുത്തുവാനോ പാടില്ല. രണ്ടാമത്തേത് അഞ്ച് നേരത്തെ നമസ്കാരം നിലനിർത്തലാണ്. അതിന്റെ നിബന്ധനകളും, സുന്നത്തുകളും, ഫർളുകളുമെല്ലാം ഒപ്പിച്ച് കൊണ്ട് അതാതി

ന്റെ സമയങ്ങളിൽ പ്രവാചകൻ(ﷺ)നമസ്കരിച്ചത് പോലെ നമസ്കരിക്കുക. മുകല്ലഫായ ഒരു മുസ്ലിമിന് ഒരിക്കലും നമസ്കാരം ഒഴിവാക്കുവാൻ പാടില്ല. മൂന്നാമത്തേത് അല്ലാഹു നിർബ്ബന്ധമാക്കിയ സകാത്ത് നൽകലാണ്. അതിന്റെ നിയമങ്ങളും, തോതും, വിഹിതവും എല്ലാം അറിഞ്ഞ് മനസിലാക്കി ഓരോ വർഷവും കണക്കനുസരിച്ച് ഖുർആൻ വിവരിച്ചയാളുകൾക്ക് സകാത്ത് കൊടുക്കണം. നാലാമത്തേതാണ് വിശുദ്ധ റമളാനിലെ നോമ്പ്. അഞ്ചാമത്തേത് വിശുദ്ധ ഹജ്ജുമാണ്. ഇതിൽ റമളാനിലെ നോമ്പ്, അതിന്റെ പ്രത്യേകത, അതിൽ എന്തെല്ലാം ചെയ്യണം, ചെയ്തു കൂടാ, അതുപോലെ ഫിത്വർ സകാത്ത് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചതാണ് താഴെ വിശദീകരിക്കുന്നത്. തൗഹീദ്, ശിർക്ക്, നമസ്ക്കാരം, ഖുർആൻ പാരായണം, സ്വദഖ, ഉംറ എന്നീ വിഷയങ്ങളിലുള്ള ലേഖനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. റമദാനിലെ വിശ്വാസ ദാർഢ്യത്തിനും പുണ്യമാസത്തിലെ ശ്രേഷ്ഠമായ കർമ്മാനുഷ്ഠാനങ്ങൾക്കും ഇവ പ്രേരകമായിത്തീരുമെന്ന് കരുതട്ടെ.

ഈ രചനയിൽ വല്ല അബദ്ധങ്ങളും, പിഴവുകളും വന്ന് പോയിട്ടുണ്ടെങ്കിൽ സഹോദര ബുദ്ധ്യാ ഉണർത്തണമെന്ന് അപേക്ഷിക്കുകയാണ്. അല്ലാഹു ഇത് ഒരു സൽകർമ്മമായി സ്വീകരിക്കു മാറാവട്ടെ.

നിങ്ങളുടെ സഹോദരൻ,

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

# ഇസ്‌ലാമിൽ നോമ്പിനുള്ള സ്ഥാനം

ദൈവികമതമായ ഇസ്ലാം മാത്രമാണ് അല്ലാഹുവിൽ സ്വീകാര്യമായ മതം. ഇസ്ലാമിന്റെ പ്രമാണങ്ങൾ വിശുദ്ധഖുർആനും തിരുസുന്നത്തുമാണ്. അതനുസരിച്ചാണ് മുസ്ലിംകൾ ജീവിക്കേണ്ടത്. ഇസ്ലാം പടുത്തുയർത്തിയിരിക്കുന്നത് അഞ്ച് കാര്യങ്ങളിലാണ്. ആ അഞ്ച് കാര്യങ്ങളും ഓരോ മുസ്ലിമും പ്രവർത്തിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ അടിസ്ഥാന ഘടകങ്ങളിൽപെട്ടതും വളരെ പ്രാധാന്യമർഹിക്കുന്നതുമായ ഒരു കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്ലാമിക പ്രമാണങ്ങളായ വിശുദ്ധഖുർആനും, തിരുസുന്നത്തും പണ്ഡിതന്മാരുടെ ഇജ്മാഉം അത് തെളിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ) (البقرة: ١٨٣)

'സത്യവിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പു നിർബ്ബന്ധമാക്കപ്പെട്ടിരുന്നതു പോലെ നി

ങ്ങൾക്കും അതു നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.നി ങ്ങൾ ധർമ്മനിഷ്ഠയുള്ളവരായിത്തീരാൻ വേണ്ടി യാണത്' (ബഖറ:183)

പ്രവാചക(ﷺ)ന്റെ തിരുസുന്നത്തിൽ ഇപ്രകാരം കാണാവുന്നതാണ്.

(عَنِ ابْنِ عُمَرَ رَضِي اللَّه عَنْهمَا قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ بُنِيَ الإِسْـلاَمُ عَلَى خَمْـسٍ شَـهَادَةِ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ وَإِقَامِ الصَّلاَةِ وَإِيتَـاءِ الـزَّكَاةِ وَالْحَجِّ وَصَوْمِ رَمَضَانَ) (متفق عليه)

ഇബ്നുഉമർ(رضي الله عنه)വിൽ നിന്നും നിവേദനം: 'റസൂൽ (ﷺ)അരുളി: (ഇസ്ലാം അഞ്ച് കാര്യങ്ങളിലാണ് പ ടുത്തുയർത്തിയിരിക്കുന്നത്. അവ; അല്ലാഹുവല്ലാ തെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, മുഹ മ്മദ് (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും സാ ക്ഷ്യം വഹിക്കുകയും, നമസ്കാരം നിലനിർത്തു കയും, സകാത്ത് നൽകുകയും, ഹജ്ജ് ചെയ്യുക യും, റമളാനിൽ നോമ്പനുഷ്ഠിക്കുകയും ചെയ്യലാ ണ്.' (മുത്തഫഖുൻ അലൈഹി)

ഈ ഹദീസിൽ ഹജ്ജിനു ശേഷമാണ് നോമ്പിനെ പ്രസ്താവിച്ചിട്ടുള്ളത്. നോമ്പിന് ശേഷം ഹജ്ജ് പറഞ്ഞ ഹദീസുകളുമുണ്ട്.

പണ്ഡിതന്മാരുടെ ഇജ്മാഅ്: റമളാനിൽ വ്യതമനുഷ്ഠിക്കേണ്ടത് നിർബ്ബന്ധമാണെന്നതിലും,അത് ഇസ്ലാമിന്റെ പഞ്ച സ്തംഭങ്ങളിലൊന്നാണെന്നതിലും മുസ്ലിം സമൂഹം ഏകാഭിപ്രായക്കാരാണ്.

## റമളാനിന്റെയും, നോമ്പിന്റെയും ശ്രേഷ്ഠത

ഇസ്ലാമിലെ ശ്രേഷ്ഠമായതും, വർദ്ധിച്ച പ്രതിഫലമുള്ളതുമായ സൽകർമ്മമാണ് വ്യതാനുഷ്ഠാനം. ഖുദ്സിയായ ഒരു ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ്:

(عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ

إِنَّ رَبَّكُمْ يَقُولُ كُلُّ حَسَنَةٍ بِعَشْرِ أَمْثَالِهَا إِلَى سَبْعِ مِائَةِ ضِعْفٍ الصَّوْمُ لِي وَأَنَا أَجْزِي بِهِ الصَّوْمُ جُنَّةٌ مِنَ النَّارِ وَلَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللَّهِ مِنْ رِيحِ الْمِسْكِ ... ) (رواه مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയുണ്ടായി:'നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: ഓരോ നന്മയും പത്ത് മുതൽ എഴുന്നൂറ് ഇരട്ടിവരെ പ്രതിഫലമുള്ളതാണ്, നോമ്പ് എനിക്കുള്ളതാണ്, ഞാനാണതിന് പ്രതിഫലം നൽകുന്നത്. വ്രതം നരകത്തിൽ നിന്നുള്ള പരിചയാകുന്നു. നോമ്പുകാരന്റെ വായയുടെ വാസന അല്ലാഹുവിന്റെയടുത്ത് കസ്തൂരിയേക്കാൾ വാസനയുള്ളതാണ്....' (മുസ്ലിം)

'നോമ്പ് എനിക്കുള്ളതാണ്' എന്ന പ്രസ്താവന വഴി അല്ലാഹു നോമ്പിനെ തന്നിലേക്ക് ചേർത്തി പറഞ്ഞതിൽ നിന്ന് തന്നെ അതിന്റെ ശ്രേഷ്ഠത വളരെ വ്യക്തമാവുന്നു. തിരുമേനി(ﷺ) പറയുന്നു:

(عَنْ سَهْلٍ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ

قَالَ إِنَّ فِي الْجَنَّةِ بَابًا يُقَالُ لَهُ الرَّيَّانُ يَدْخُلُ مِنْـهُ الصَّـائِمُونَ يَـوْمَ الْقِيَامَـةِ لاَ يَـدْخُلُ مِنْـهُ أَحَـدٌ غَـيْرُهُمْ يُقَـالُ أَيْـنَ الصَّـائِمُونَ فَيَقُومُونَ لاَ يَدْخُلُ مِنْهُ أَحَدٌ غَـيْرُهُمْ فَـإِذَا دَخَلُـوا أُغْلِـقَ فَلَـمْ يَدْخُلْ مِنْهُ أَحَدٌ) (متفق عليه)

സഹ്ൽ(﵁)വിൽ നിന്ന്: പ്രവാചകൻ(ﷺ)പറയുകയുണ്ടായി:'സ്വർഗത്തിൽ റയ്യാൻ എന്നൊരു കവാടമുണ്ട്. നോമ്പുകാർക്ക് മാത്രമേ അന്ത്യ നാളിൽ ആ കവാടത്തിലൂടെ പ്രവേശിക്കാനാകൂ. മറ്റാർക്കും അതിലൂടെ പ്രവേശനമില്ല. അവിടെ വെച്ച് നോമ്പുകാർ എവിടെ എന്ന് വിളംബരം ഉണ്ടാകും. അപ്പോൾ അവരെല്ലാവരും അതിലൂടെ കടന്ന് പോകും. പിന്നെ ആ കവാടം അടക്കപ്പെടും. വേറെ ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല' (മുത്തഫകുൻ അലൈഹി)

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَـلَّمَ مَـنْ صَامَ رَمَضَانَ إِيمَانًـا وَاحْتِسَـابًا غُفِـرَ لَهُ مَـا تَقَـدَّمَ مِـنْ ذَنْبِـهِ )
(بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി:‘ആരെങ്കിലും വിശ്വാസത്തോടെയും, പ്രതിഫലം പ്രതീക്ഷിച്ച് കൊണ്ടും നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്ന് തന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്’ (ബുഖാരി).

മാനവ മോചനത്തിനായി അല്ലാഹു നൽകിയ അവസാന വേദഗ്രന്ഥമായ വിശുദ്ധഖുർആൻ റമളാൻ മാസത്തിലാണ് അവതരിച്ചത്. പ്രസ്തുത മാസം മുഴുവൻ വൃതമനുഷ്ഠിക്കുവാൻ ഖുർആൻ അനുശാസിച്ചിട്ടുണ്ട്.

(شَهْرُ رَمَضَانَ الَّذِي أُنزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنْ الْهُدَى وَالْفُرْقَانِ) (البقرة:١٨٥)

‘ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർ വഴി കാട്ടുന്നതും സത്യവും അസത്യവും വേർ തിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവു കളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരി പ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ’ (അൽബഖറ: 185).

ആയിരം മാസങ്ങളേക്കാൾ ഉത്തമമായ ഒരു ദിവസം റമളാനിലുണ്ട്. ആ ദിവസത്തിലാണ് ഖുർആൻ ഇറങ്ങിയത്. അല്ലാഹു പറയുന്നു:

(إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ * وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ * لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ) (القدر:٣ - 1)

'തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.' (അൽഖദ്ർ: 1–3)

റമളാനിൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും നരകകവാടങ്ങൾ അടക്കപ്പെടുകയും, പിശാചുക്കൾ ബന്ധനത്തിലാക്കപ്പെടുകയും ചെയ്യുന്നു.

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا جَاءَ رَمَضَانُ فُتِّحَتْ أَبْوَابُ الْجَنَّةِ وَغُلِّقَتْ أَبْوَابُ النَّارِ وَصُفِّدَتِ الشَّيَاطِينُ ) (مسلم)

അബൂഹുറൈറ (ﷺ)വിൽ നിന്ന്; പ്രവാചകൻ(ﷺ) പറയുകയുണ്ടായി:‘റമളാൻ സമാഗതമായാൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും, നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും, പിശാചുക്കൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നു’ (മുസ്ലിം). വിശുദ്ധവൃതം സത്യവിശ്വാസിക്ക് തെറ്റിൽ നിന്നും സുരക്ഷ നൽകുന്ന പരിചയാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ يَقُولُ اللَّهُ عَزَّ وَجَلَّ الصَّوْمُ لِي وَأَنَا أَجْزِي بِهِ يَدَعُ شَهْوَتَهُ وَأَكْلَهُ وَشُرْبَهُ مِنْ أَجْلِي وَالصَّوْمُ جُنَّةٌ وَلِلصَّائِمِ فَرْحَتَانِ فَرْحَةٌ حِينَ يُفْطِرُ وَفَرْحَةٌ حِينَ يَلْقَى رَبَّهُ وَلَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللَّهِ مِنْ رِيحِ الْمِسْكِ ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ‘അല്ലാഹു പറയുന്നു: നോമ്പ് എനിക്കുള്ളതാണ്, ഞാനാണതിന് പ്രതിഫലം നൽകുന്നത്. എനിക്ക് വേണ്ടി അവൻ(അടിമ) തന്റെ

വികാരവും, ഭക്ഷണവും, പാനീയവും ഉപേക്ഷിക്കുന്നു. നോമ്പ് ഒരു പരിചയാണ്. നോമ്പ്കാരന് രണ്ട് സന്തോഷങ്ങളുണ്ട്; നോമ്പ് തുറക്കുമ്പോഴും, തന്റെ രക്ഷിതാവിനെ കണ്ട് മുട്ടുമ്പോഴുമാണത്. നോമ്പുകാരന്റെ വായയുടെ വാസന തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് കസ്തൂരിയേക്കാൾ വാസനയുള്ളതാണ്' (മുസ്ലിം).

നരകത്തിൽ നിന്നും രക്ഷയേകുന്ന പരിചയായും വിശുദ്ധ നോമ്പ് പരിചയപ്പെടുത്തപ്പെട്ടിട്ടുണ്ട്:

( عَنْ مُطَرِّفٍ قَالَ دَخَلْتُ عَلَى عُثْمَانَ بْنِ أَبِي الْعَاصِ فَدَعَا بِلَبَنٍ فَقُلْتُ إِنِّي صَائِمٌ فَقَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ الصَّوْمُ جُنَّةٌ مِنَ النَّارِ كَجُنَّةِ أَحَدِكُمْ مِنَ الْقِتَالِ ) (النسائي)

മുത്വർറിഫ് (ﷺ)പറഞ്ഞു: ഞാൻ ഉഥ്മാനുബ്നു അബൂൽ ആസ്വിന്റെ(ﷺ)യടുത്ത് പ്രവേശിച്ചു, അപ്പോൾ എന്നെ പാല് കുടിക്കുവാനായി ക്ഷണിച്ചു. ഞാൻ പറഞ്ഞു: ഞാൻ നോമ്പുകാരനാണ്. എ

ന്നിട്ടദ്ദേഹം പറയുകയുണ്ടായി: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'യുദ്ധത്തിൽ നിങ്ങ ൾ ഉപയോഗിക്കുന്ന പരിചയെപോലെ, നോമ്പ് ന രകത്തിൽ നിന്നും സംരക്ഷിക്കുന്ന ഒരു പരിചയാ കുന്നു' (നസാഇ)

പരലോകത്ത് ആരുടെയും ശുപാർശ ലഭിക്കാത്ത സന്ദർഭത്തിൽ വ്യതമനുഷ്ഠിച്ചവർക്ക് അത് അല്ലാഹുവിനോട് ശുപാർശ പറയുന്നതാണ്. ഒരു ഹദീസ് കാണുക:

( عن عبد الله بن عمرو ، أن رسول الله صلى الله عليه وسلم قال : « الصيام والقرآن يشفعان للعبد فيقول الصيام : أي رب ، إني منعته الطعام والشهوات بالنهار فشفعني فيه ، ويقول القرآن : منعته النوم بالليل فشفعني فيه فيشفعان » صحيح على شرط مسلم ولم يخرجاه (شعب الإيمان للبيهقي- مستدرك على الصحيحين للحاكم )

അബ്ദുല്ലാഹ് ഇബ്നു അംറ്(رضي الله عنه)ൽ നിന്ന്:

പ്രവാചകൻ (ﷺ)പറയുന്നു:‘നോമ്പും, ഖുർആനും അടിമ കൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്.നോമ്പ് പറയും:‘എന്റെ രക്ഷിതാവെ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും, ആഗ്രഹങ്ങളും തടഞ്ഞിരുന്നു, ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ, ഖുർആൻ പറയും: രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു, ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ. അങ്ങിനെ അവ രണ്ടും ശുപാർശ ചെയ്യുന്നതാണ്’ (ബൈഹഖിയും, ഹാകിമും ഉദ്ധരിച്ചത്).

പുണ്യങ്ങളുടെയും നന്മയുടെയും പൂക്കാലമാണ് റമളാൻ. നഷ്ടപ്പെട്ടാൽ ഒരിക്കലും വീണ്ടെടുക്കാനാവാത്ത കാലം. ഓരോ വിശ്വാസികളും ഈ അസുലഭാവസരം പരമാവധി പ്രയോജനപ്പെടുത്തുക തന്നെ വേണം. ലഭ്യമായ സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തി ഇഹലോകവും പരലോകവും സുരക്ഷിതമാക്കാൻ ശ്രദ്ധകാണിക്കണം.

## നോമ്പ് നിയമമാക്കിയതിലെ തത്വം

മനുഷ്യ മനസ്സിനെ ദു:സ്വഭാവങ്ങളിൽ നിന്നും വിമലീകരിക്കുക, ഭൗതിക സുഖഭോഗങ്ങളിൽ വിരക്തിയുണ്ടാക്കുക, ശരീരത്തിൽ പിശാചിന്റെ സഞ്ചാരത്തിന് തടസ്സമുണ്ടാക്കുക, പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ സഹാനുഭൂതിയും സഹതാപവുമുണ്ടാക്കുക, പരലോക ചിന്തയുണ്ടാക്കുക, സർവ്വോപരി പരലോകത്തിലേക്കുള്ള ഏറ്റവും ഉത്തമ വിഭവമായ തഖ്‌വയുണ്ടാക്കുക തുടങ്ങി ഒരു വിശ്വാസിയുടെ വിശുദ്ധ ജീവിതത്തിനുതകുന്ന പരിശീലനമാണ് യഥാർത്ഥത്തിൽ വ്രതാനുഷ്ഠാനം.

## നോമ്പിന്റെ വിവക്ഷ

നോമ്പ് എന്ന് അർത്ഥം പറയാറുള്ള 'സൗം' എന്ന അറബി പദത്തിന് ഭാഷയിൽ തടഞ്ഞുനിർത്തുക, പിടിച്ച് നിർത്തുക എന്നൊക്കെയാണ് അർത്ഥങ്ങൾ.

എന്നാൽ സാങ്കേതിക ഭാഷയിൽ, രണ്ടാം ഫജ്ർ (പ്രഭാതം)മുതൽ സൂര്യാസ്തമയം വരെ വ്രതത്തെ അസാധുവാക്കുന്ന കാര്യങ്ങളിൽ നിന്നും അകന്നുനിൽക്കുന്ന ഒരു ആരാധനയാണ് നോമ്പ്.

# റമദാൻ വ്രതം നിർബ്ബന്ധം

ഇസ്ലാമിൽ റമളാൻ മാസത്തിലെ നോമ്പ് നിർബ്ബന്ധമാക്കിയത് ഹിജ്റ രണ്ടാം വർഷത്തിലാണ്. പ്രവാചകതിരുമേനി (ﷺ) ഒമ്പത് റമളാനുകളിൽ നോമ്പനുഷ്ഠിച്ചിട്ടുണ്ട്.

**നോമ്പ് നിർബ്ബന്ധമാവാനുള്ള അഞ്ച് നിബന്ധനകൾ:**

**മുസ്ലിമായിരിക്കുക.**

ഒരു അവിശ്വാസിയുടെ നോമ്പ് അസാധുവാണ്.

കാരണം നിഷ്കളങ്കമായ നിയ്യത്ത് അനിവാര്യമായ ഒരു ആരാധനയാണ് നോമ്പ്.

**പ്രായപൂർത്തിയെത്തുക.**

കുട്ടികൾക്ക് നോമ്പ് നിർബ്ബന്ധമല്ല. കാരണം അവർ മുകല്ലഫ് (ദൈവിക ശാസനയേറ്റവർ) അല്ല. പരിശീലനത്തിന് വേണ്ടി കുട്ടികൾ നോമ്പെടുക്കുന്നത് പുണ്യമുള്ളതാണ്.

**ബുദ്ധിയുണ്ടായിരിക്കുക.**

ഭ്രാന്തന്മാർ നോമ്പിൽ നിന്ന് ഒഴിവാണ്. അവർക്ക് സ്വയം ബുദ്ധി ഇല്ലാത്തതിനാൽ തക്ലീഫ് ഇല്ല.

**കഴിവുണ്ടായിരിക്കുക.**

വാർദ്ധക്യം കൊണ്ടോ രോഗം കാരണമായോ നോമ്പെടുക്കുവാൻ അശക്തരായവർ ഇതിൽ നിന്നും ഒഴിവാണ്.

**നാട്ടിൽ താമസിക്കുക.**

അഥവാ, യാത്രക്കാർക്ക് നോമ്പ് ഒഴിവാക്കാവുന്നതാണ്.

എന്നാൽ ഒരു അവിശ്വാസി മുസ്ലിമാവുകയോ, ഭ്രാന്തന് സ്വയബുദ്ധിയുണ്ടാവുകയോ, കുട്ടിക്ക് പ്രായപൂർത്തിയെത്തുകയോ, യാത്രക്കാരൻ നാട്ടിൽ തിരിച്ചെത്തുകയോ, ആർത്തവകാരി ശുദ്ധിഘട്ടത്തിൽ പ്രവേശിക്കുകയോ, അശക്തന് നോമ്പെടുക്കുവാൻ കഴിവ് നേടുകയോ ചെയ്താൽ, ആ സമയം മുതൽ തന്നെ നോമ്പെടുക്കേണ്ടതാണ്. റമളാൻ മാസപ്പിറവി വിവരം പകൽ സമയത്താണ് അറിയാനിടയാവുന്നതെങ്കിൽ ആ ദിവ

സത്തെ തന്നെ അവശേഷിക്കുന്ന സമയം നോമ്പെടുക്കുകയും റമളാൻ പൂർത്തിയായ ശേഷം ആ നോമ്പ് നിർവ്വഹി (ഖളാവീട്ടുകയും)ക്കുകയും വേണം.

## നോമ്പിന്റെ നിയ്യത്ത്

റമളാൻ വ്രതം, പ്രായ്ശ്ചിത്തവ്രതം, നേർച്ചയാക്കിയ വ്രതം തുടങ്ങി നിർവ്വഹിക്കൽ നിർബ്ബന്ധമാക്കിയിട്ടുള്ള നോമ്പുകാർക്ക് രാത്രി സമയത്ത് തന്നെ നിശ്ചിതമായ ഉദ്ദേശം(നിയ്യത്ത്) ഉണ്ടായിരിക്കേണ്ടതാണ്. മനസ്സിൽ ഉദ്ദേശമുണ്ടായിരുന്നാൽ മതി. പ്രത്യേകമായി എന്തെങ്കിലും ചൊല്ലി പറയുവാനായി ഇസ്ലാം പഠിപ്പിക്കുന്നില്ല. എല്ലാ കർമ്മങ്ങളും ഉദ്ദേശങ്ങൾക്കടിസ്ഥാനത്തിൽ മാത്രമെ സ്വീകരിക്കുകയുള്ളൂ. നിയ്യത്തില്ലാത്ത കർമ്മങ്ങൾ അസ്വീകാര്യമാണ്. എന്നാൽ നമ്മുടെ നാട്ടിൽ ഓരോ കർമ്മങ്ങൾക്കും നിയ്യത്തുകൾ നാവ് കൊണ്ട് ചൊല്ലിപ്പറയാറുണ്ട്. അതിന് മതത്തിൽ അടിസ്ഥാനമില്ല.'നിയ്യത്ത്'എന്ന അറബി പദത്തിന്റെ അർത്ഥം'ഉദ്ദേശിക്കുക, കരുതുക, വിചാരിക്കു

ക' എന്നൊക്കെയാണ്. നിയ്യത്തിന്റെ സ്ഥാനം ഹൃദയമായതിനാൽ അത് തന്റെ നാവ് കൊണ്ട് ചൊല്ലി പറയേണ്ടതില്ല. എന്നാൽ ഹജ്ജിനും ഉംറക്കുമുള്ള നിയ്യത്ത് പ്രവാചകൻ(ﷺ) ചെയ്തത്പോലെ നാവുകൊണ്ട് തന്നെ പറയേണ്ടതുണ്ട്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنْ عُمَرَ بْنِ الْخَطَّابِ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّمَا الأَعْمَالُ بِالنِّيَّةِ وَإِنَّمَا لامْرِئٍ مَا نَوَى فَمَنْ كَانَتْ هِجْرَتُهُ إِلَى اللَّهِ وَرَسُولِهِ فَهِجْرَتُهُ إِلَى اللَّهِ وَرَسُولِهِ وَمَنْ كَانَتْ هِجْرَتُهُ لِدُنْيَا يُصِيبُهَا أَوِ امْرَأَةٍ يَتَزَوَّجُهَا فَهِجْرَتُهُ إِلَى مَا هَاجَرَ إِلَيْهِ ) (بخاري ومسلم)

ഉമറുബ്നുൽ ഖത്വാബി (رضي الله عنه)ൽ നിന്ന് പ്രവാചകൻ (ﷺ) പറയുകയുണ്ടായി: 'തീർച്ചയായും കർമ്മങ്ങൾ ഉദ്ദേശങ്ങൾക്ക് അനുസരിച്ചാണ്, ഓരോ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കുക. ആരുടെയെങ്കിലും പാലായനം അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കുമാണെങ്കിൽ അവന്റെ ഹിജ്റ

അല്ലാഹുവിലേക്കും റസൂലിലേക്കുമാണ്. ആരുടെയെങ്കിലും ഹിജ്റ ഇഹലോകത്തെ വല്ല നേട്ടങ്ങൾ കരസ്ഥമാക്കുവാനോ, അല്ലെങ്കിൽ ഒരു സ്ത്രീയെ വിവാഹം കഴിക്കുവാനോ ആണെങ്കിൽ അവന്റെ പാലായനം അവൻ ഏതൊന്നിന് വേണ്ടിയാണോ ഹിജ്റ പോയത് അതിനുള്ളതാകുന്നു' (ബുഖാരി, മുസ്ലിം)

( عَنْ حَفْصَةَ زَوْجِ النَّبِيِّ صَلَّى اللَّه عَلَيْـهِ وَسَـلَّمَ أَنَّ رَسُـولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ لَمْ يُجْمِعِ الصِّيَامَ قَبْلَ الْفَجْـرِ فَـلاَ صِيَامَ لَهُ) (رواه احمـد واصـحاب السـنن وابـن خزيمـه وابـن حبان)

പ്രവാചകപത്നി ഹഫ്സ്വ (رضي الله عنها)യിൽ നിന്ന് പ്രവാചകൻ(ﷺ)പറഞ്ഞു: 'പ്രഭാതത്തിന് മുമ്പേ നോമ്പെടുക്കണമെന്ന് തീരുമാനിക്കാത്തവന് നോമ്പുണ്ടായിരിക്കുകയില്ല' (അഹ്മദ്, ഇബ്നു ഹിബ്ബാൻ)

രാത്രിയുടെ ആദ്യം, മധ്യം അവസാനം എന്ന വ്യത്യാസമൊന്നും ഇവിടെയില്ല. ഒരാൾ രാത്രി

ഉറങ്ങുന്നതിന്റെ മുമ്പേ നോമ്പെടുക്കണമെന്ന ഉദ്ദേശമുണ്ടായിരുന്നെങ്കിൽ പിന്നീട് പ്രഭാതം പുലർന്ന ശേഷം അയാൾ ഉറക്കമുണർന്നെന്നിരിക്കട്ടെ, എങ്കിലും അയാൾ നോമ്പെടുത്താൽ ആ നോമ്പ് ശരിയായതായിരിക്കും. ഇൻശാഅ് അല്ലാഹ്. എന്നാൽ ഐഛിക വ്രതമാണെങ്കിൽ പ്രഭാതോദയത്തിന് ശേഷം നോമ്പു മുറിയുന്ന സംഗതിയൊന്നുമുണ്ടായില്ലെങ്കിൽ പകൽ സമയത്ത് തന്നെ ഉദ്ദേശിച്ചിരുന്നാലും (നിയ്യത്തുണ്ടായാൽ) അതു മതിയാകുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

(عَنْ عَائِشَةَ أُمِّ الْمُؤْمِنِينَ قَالَتْ دَخَلَ عَلَيَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ذَاتَ يَوْمٍ فَقَالَ هَلْ عِنْدَكُمْ شَيْءٌ فَقُلْنَا لاَ قَالَ فَإِنِّي إِذَنْ صَائِمٌ ثُمَّ أَتَانَا يَوْمًا آخَرَ فَقُلْنَا يَا رَسُولَ اللَّهِ أُهْدِيَ لَنَا حَيْسٌ فَقَالَ أَرِينِيهِ فَلَقَدْ أَصْبَحْتُ صَائِمًا فَأَكَلَ ) (مسلم)

സത്യവിശ്വാസികളുടെ മാതാവായ ആയിശാ (ﷺ)ൽ നിന്ന്, അവർ പറയുന്നു: 'ഒരു ദിവസം പ്രവാചകൻ(ﷺ) എന്റെയടുത്ത് പ്രവേശിച്ച് ചോദിക്കുകയുണ്ടായി, നിങ്ങളുടെ അടുത്ത് വല്ലതും

(ഭക്ഷി ക്കുവാൻ) ഉണ്ടോ? അപ്പോൾ ഞങ്ങൾ പറഞ്ഞു: ഇല്ല. എങ്കിൽ ഞാൻ നോമ്പനുഷ്ഠി ക്കുകയാണ്. അതുപോലെ മറ്റൊരു ദിവസം പ്രവാചകൻ(ﷺ) ഞങ്ങളുടെ അടുത്ത് വന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞു: പ്രവാചകരെ, നമുക്ക് 'ഹൈസ്'(ഒരു തരം പലഹാരം)സമ്മാന മായി ലഭിച്ചിരിക്കുന്നു. തിരുമേനി(ﷺ)പറഞ്ഞു: കൊണ്ടു വരൂ, ഞാൻ നോമ്പുകാരനായിരുന്നു, അങ്ങിനെ തിരുമേനി(ﷺ) അത് ഭക്ഷിച്ചു' (മുസ്ലിം)

## റമളാൻ മാസമുറപ്പിക്കുന്നത്

താഴെ പറയുന്ന രണ്ടിൽ ഏതെങ്കിലും ഒരു മാർഗത്തിലൂടെ മാസപ്പിറവി നിശ്ചയിക്കാവുന്ന താണ്. ഇത് കൂടുതൽ വിശദീകരിക്കേണ്ട കാര്യ മാണ്. ഇവിടെ ചുരുക്കം മാത്രമെ നൽകുന്നുള്ളൂ.

**ചന്ദ്രോദയം ദർശിക്കുക.** ഒരാൾ സ്വയം തന്നെ ചന്ദ്രനെ ദർശിക്കുകയോ, അല്ലെങ്കിൽ ദർശിച്ചതായി സത്യസന്ധനും മുകല്ലഫുമായ ഒരാൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്താൽ നോമ്പെടുക്കൽ നിർബ്ബന്ധമാണ്.

**ശഅബാൻ മുപ്പത് പൂർത്തിയാക്കുക.** ശഅബാൻ മുപ്പതാം രാവിൽ മാസപ്പിറവി ദർശിക്കുന്നതിന് മേഘം, അന്തരീക്ഷം മൂടിക്കെട്ടുക തുടങ്ങിയ തടസ്സങ്ങളുണ്ടാകുകയോ അതല്ലെങ്കിൽ ഈ തടസ്സങ്ങളൊന്നും ഇല്ലാതിരുന്നിട്ടും പിറവി ദർശനം ഉണ്ടാവാതിരിക്കുകയോ ആണെങ്കിലാണ് ശഅബാൻ മുപ്പത് പൂർത്തിയാക്കേണ്ടത്. താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക.

(عَنْ مُحَمَّدِ بْنِ زِيَادٍ قَالَ سَمِعْتُ أَبَا هُرَيْرَةَ رَضِي اللَّه عَنْه يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ صُومُوا لِرُؤْيَتِهِ وَأَفْطِرُوا لِرُؤْيَتِهِ فَإِنْ غُمِّيَ عَلَيْكُمُ فَأَكْمِلُوا عِدَّةَ شَعْبَانَ ثَلاَثِينَ)

(بخاري ومسلم)

മുഹമ്മദ്ബ്ന സിയാദ്(ﷺ)പറയുന്നു: അബൂഹുറൈറ(ﷺ) പറയുന്നതായി ഞാൻ കേട്ടു, പ്രവാചകൻ(ﷺ) പറഞ്ഞു: ‘നിങ്ങൾ മാസപ്പിറവി കാണുമ്പോൾ നോമ്പെടുക്കുകയും മാസപ്പിറവി(ശവ്വാലിന്റെ) കാണുമ്പോൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക. ഇനി അന്തരീക്ഷം മേഘാവൃതമാണെങ്കിൽ ശഅബാൻ മുപ്പത് പൂർത്തിയാക്കുകയും ചെയ്യുവിൻ’ (ബുഖാരി, മുസ്ലിം)

## നോമ്പ് ഖളാ വീട്ടൽ

ഏതെങ്കിലും കാരണങ്ങളാൽ അനുഷ്ഠിക്കാതെ നഷ്ടപ്പെട്ട നോമ്പ് നിർവ്വഹിച്ച് വീട്ടാൻ (ഖളാ വീട്ടാൻ) ധൃതി കാണിക്കുന്നത് നല്ലതാണ്. എന്നാൽ അടുത്ത റമളാൻ വരെ അത് പിന്തിപ്പിക്കുന്നത് അനുവദനീയം തന്നെയാണ്. ആയിശാ(ﷺ)ഇങ്ങനെ പറയുന്നു:

( عَنْ أَبِي سَلَمَةَ قَالَ سَمِعْتُ عَائِشَةَ رَضِي اللَّه عَنْهَا تَقُولُ كَانَ يَكُونُ عَلَيَّ الصَّوْمُ مِنْ رَمَضَانَ فَمَا أَسْتَطِيعُ أَنْ أَقْضِيَهُ

إِلاَّ فِي شَعْبَانَ الشُّغْلُ مِنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْـهِ وَسَـلَّمَ أَوْ بِرَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ) (مسلم)

'റമളാനിലെ നോമ്പ് എനിക്ക് കടമായി അവശേഷിക്കാറുണ്ട്. പിന്നെ നബി(ﷺ) യിൽ നിന്നുള്ള ജോലി കാരണമോ, അല്ലെങ്കിൽ പ്രവാചക(ﷺ) ന്റെ സാന്നിദ്ധ്യം കാരണമോ എനിക്കത് ശഅബാനിൽ മാത്രമേ നിർവ്വഹിക്കുവാൻ സാധിക്കാറുള്ളൂ' (മുസ്ലിം)

ഖളാഅ് വീട്ടുമ്പോൾ ഇടവിട്ട് നോമ്പെടുക്കുന്നത് അനുവദനീയമാണ്. എന്നാൽ കടം വീട്ടുവാനുള്ള ദിവസങ്ങൾ മാത്രം ശഅബാനിൽ അവശേഷിക്കുന്ന സാഹചര്യമാണെങ്കിൽ തുടർച്ചയായി തന്നെ നിർവ്വഹിച്ചു വീട്ടൽ നിർബ്ബന്ധമായിത്തീരുന്നു.

**അടുത്ത റമളാൻ സമാഗതമാകുന്നത് വരെ ഖളാഅ് വീട്ടൽ പിന്തിപ്പിക്കുന്നതിന്റെ വിധി:**

രോഗം, യാത്രപോകൽ പോലെ നോമ്പൊഴിവാക്കൽ അനുവദനീയമായ സ്വീകാര്യമായ കാര

ണം കൊണ്ടാണ് പിന്തിപ്പിച്ചതെങ്കിൽ ഖളാ വീട്ടൽ മാത്രമേ നിർബ്ബന്ധമായി തീരുന്നുള്ളൂ. എന്നാൽ ഖളാഅ് വീട്ടുന്നത് പിന്തിപ്പിക്കുവാൻ കാരണമൊന്നും ഇല്ലാതിരിക്കുകയും പുതിയ റമളാൻ സമാഗതമാകുന്നതിന് മുമ്പ് മരണപ്പെടുകയുമാണെങ്കിൽ അയാളുടെമേൽ യാതൊരു ബാധ്യതയും ഉണ്ടായിത്തീരുകയില്ല.കാരണം അയാൾ മരണപ്പെടുന്ന സമയത്തും ഖളാഅ് വീട്ടൽ പിന്തിപ്പിക്കുന്നത് അനുവദനീയമായിരുന്നു. പുതിയ റമളാൻ സമാഗതമായ ശേഷമാണ് അയാൾ മരണപ്പെടുന്നതെങ്കിൽ അയാളുടെ സ്വത്തിൽ നിന്നും ഓരോ ദിവസത്തിനും പകരമായി ഒരു പാവപ്പെട്ടവന് ഭക്ഷണം പ്രായശ്ചിത്തമായി നൽകണം.(അങ്ങനെയെങ്കിൽ ആ മരണപ്പെട്ടവന്റെ മേലുണ്ടായിരുന്ന ബാധ്യത തീരുന്നതാണ്).

## പ്രായ്ശ്ചിത്ത വ്രതമോ, നേർച്ചയോ നിർവ്വഹിക്കാതെ മരണപ്പെട്ടാൽ

ഹജ്ജിന്റെ മൃഗബലിക്ക് പകരമായ നോമ്പ്, 'ളിഹാറി'ന്റെ (ഭാര്യയെ സമീപിക്കില്ലെന്ന് സത്യം

ചെയ്തത് കൊണ്ടുണ്ടായ) നോമ്പ് തുടങ്ങിയവ നിർബ്ബന്ധമായും നിർവഹിക്കേണ്ടിയിരുന്ന ഒരു വ്യക്തി മരണപ്പെടുകയാണെങ്കിൽ ഓരോ ദിവസത്തിനും പകരമായി ഒരു ദരിദ്രന് ഭക്ഷണം നൽകിയാൽ മതി. നേർച്ചനോമ്പ് നിർബ്ബന്ധമായിരിക്കെയാണ് മരണപ്പെട്ടതെങ്കിൽ അയാളുടെ അടുത്ത ബന്ധു അത് നോറ്റുവീട്ടുന്നത് സുന്നത്താണ്. ഒരു ഹദീസിൽ ഇപ്രകാരം കാണാവുന്നതാണ്.

(عَنِ ابْنِ عَبَّاسٍ رَضِي اللَّه عَنْهمَا قَالَ جَـاءَتِ امْـرَأَةٌ إِلَى رَسُـولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَتْ: يَـا رَسُـولَ اللَّهِ إِنَّ أُمِّي مَاتَـتْ وَعَلَيْهَا صَوْمُ نَذْرٍ أَفَأَصُومُ عَنْهَا قَالَ أَرَأَيْتِ لَوْ كَانَ عَلَى أُمِّكِ دَيْنٌ فَقَضَيْتِيهِ أَكَانَ يُؤَدِّي ذَلِكِ عَنْهَا قَالَتْ نَعَمْ قَـالَ فَصُـومِي عَـنْ أُمِّكِ) (مسلم)

ഇബ്നുഅബ്ബാസ്(ﷺ) വിൽ നിന്ന്: 'ഒരു സ്ത്രീ വന്ന് കൊണ്ട് പ്രവാചക(ﷺ)നോട് പറഞ്ഞു: എന്റെ ഉമ്മ നേർച്ച നോമ്പ് നിർബ്ബന്ധമാക്കിയിരിക്കെ മരിക്കുകയുണ്ടായി, അവർക്ക് വേണ്ടി ഞാൻ അത്

നിർവ്വഹിക്കേണ്ടതുണ്ടോ? തിരുമേനി (ﷺ) പറഞ്ഞു: അതെ.' (ബുഖാരി, മുസ്ലിം)

മഹാനായ ഇമാം ഇബ്നൽഖയ്യിം(ﷺ) പറയുന്നു: അടിസ്ഥാനപരമായി 'ഫറളാ'യ നോമ്പ് ഒഴികെ നേർച്ച നോമ്പ് മയ്യിത്തിന് വേണ്ടി മറ്റൊരാൾ നിർവ്വഹിക്കപ്പെടേണ്ടതാണ്.കാരണം അല്ലാഹു 'ഫറളാ'ക്കിയ നോമ്പ് ഇസ്ലാമിന്റെ അടിസ്ഥാന കർമ്മങ്ങളിൽ പെട്ടതും നമസ്കാരം പോലെ തന്നെ മറ്റൊരാൾ പകരം നിർവ്വഹിച്ചാൽ മതിയാകാത്തതുമാണ്. അതേയവസരം നേർച്ച നോമ്പ് 'ശറഇ'ൽ അടിസ്ഥാനപരമായി നിർബ്ബന്ധമാക്കപ്പെട്ടിരുന്നതായിരുന്നില്ല. മറിച്ച് അടിമ സ്വമേധയാ തന്റെ മേൽ നിർബ്ബന്ധബാധ്യതയാക്കുകയായിരുന്നു. അത് കടബാധ്യതയുടെ സ്ഥാനത്താണ്. അങ്ങിനെയാണ് പ്രവാചകൻ(ﷺ) അതിനെ ഉപമിച്ചിരുന്നത്.

# നോമ്പുകാരന് സുന്നത്തായ കാര്യങ്ങൾ

1- ഖുർആൻ പാരായണം, ദിക്റ് ചൊല്ലൽ ദാന ധർമ്മങ്ങൾ നിർവ്വഹിക്കൽ, വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് നാവിനെ നിയന്ത്രിക്കൽ എന്നിവ നോമ്പുകാരന് സുന്നത്താണ്. ഈ പുസ്തകത്തിന്റെ അവസാനത്തിൽ ഖുർആൻ പഠനവും, പാരായണവും എന്ന ലേഖനം വായിക്കുക. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنِ ابْنِ عَبَّاسٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَجْوَدَ النَّاسِ وَكَانَ أَجْوَدُ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْآنَ فَلَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَجْوَدُ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ) (بخاري)

ഇബ്നുഅബ്ബാസ്(ﷺ) വിൽ നിന്ന് നിവേദനം: 'നബി(ﷺ) ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമ്മം ചെയ്തിരുന്ന വ്യക്തിയായിരുന്നു. റമളാനിലെ ഓ

രോ രാത്രിയിലും ജിബ്‌രീൽ(ﷺ) നബി(ﷺ) ക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നപ്പോഴാണ് പ്രവാചകൻ(ﷺ) ഏറ്റവും കൂടുതൽ ദാനധർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. അപ്പോൾ അടിച്ചു വീശുന്ന കാറ്റിനേക്കാൾ ധർമ്മം നൽകുന്നവനായിരുന്നു' (ബുഖാരി)

2- ആരെങ്കിലും തന്നെ ആക്ഷേപിക്കുകയാണെങ്കിൽ ഞാൻ നോമ്പ്കാരനാണ്, എന്ന് പ്രഖ്യാപിക്കുന്നത് നല്ലതാണ്. ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീസിൽ നമുക്ക് അത് കാണാവുന്നതാണ്.

(عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الصِّيَامُ جُنَّةٌ إِذَا كَانَ أَحَدُكُمْ صَائِمًا فَلاَ يَرْفُثْ وَلاَ يَجْهَلْ فَإِنِ امْرُؤٌ قَاتَلَهُ أَوْ شَاتَمَهُ فَلْيَقُلْ إِنِّي صَائِمٌ ) (بخاري ومسلم)

അബൂഹുറൈറ(ﷺ) വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു: 'നോമ്പ് പരിചയാണ്, ആരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ മ്ലേഛ പ്രവർത്തനങ്ങൾ ചെയ്യുവാനോ, അശ്രദ്ധയിലാകുവാനോ പാടില്ല. ആരെങ്കിലും അവനെ ഉപദ്രവിക്കുകയോ,

ചീത്ത പറയുകയോ ആണെങ്കിൽ അവൻ ഞാൻ നോമ്പുകാരനാണെന്ന് പറയട്ടെ' (ബുഖാരി, മുസ്ലിം).

3- അത്താഴം കഴിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) പറയുന്നു:

عن أَنَسَ بْنَ مَالِكٍ رَضِي اللَّه عَنْه قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً (متفق عليه)

അബൂഹുറൈറ(ؓ) വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: 'നിങ്ങൾ അത്താഴം കഴിക്കുക, തീർച്ചയായും അത്താഴം കഴിക്കുന്നതിൽ അനുഗ്രഹം ഉണ്ട്' (മുസ്ലിം)

4- അത്താഴം കഴിക്കുന്നത് അവസാന സമയത്തേക്ക് പിന്തിപ്പിക്കുന്നതും നോമ്പു തുറക്കുന്നത് ആദ്യ സമയത്ത് തന്നെ വേഗമാക്കുന്നതും സുന്നത്താണ്.

( عَنْ أَبِي ذَرٍّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لاَ تَزَالُ أُمَّتِي بِخَيْرٍ مَا عَجَّلُوا الْإِفْطَارَ وَأَخَّرُوا السُّحُورَ ) (أحمد)

അബൂദർ്‍(﵁) വിൽ നിന്ന്: നബി(ﷺ) പറയുന്നു: ‘അത്താഴം പിന്തിപ്പിക്കുകയും ധൃതിയിൽ നോമ്പ് തുറക്കുകയും ചെയ്യുന്ന കാലത്തോളം എന്റെ സമുദായം നന്മയിൽ തന്നെയായിരിക്കും’ (അഹ്മദ്)

5– ഈത്തപ്പഴം കൊണ്ടോ അല്ലെങ്കിൽ കാരക്ക കൊണ്ടോ അതുമല്ലെങ്കിൽ വെള്ളം കൊണ്ടോ നോമ്പ് തുറക്കുക. അതുമല്ലെങ്കിൽ ഏതു ഭക്ഷണ പാനീയം കൊണ്ടും നോമ്പ് തുറക്കാവുന്നതാണ്.

عن أَنَسَ بْنَ مَالِكٍ يَقُولُ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يُفْطِرُ عَلَى رُطَبَاتٍ قَبْلَ أَنْ يُصَلِّيَ فَإِنْ لَمْ تَكُنْ رُطَبَاتٌ فَعَلَى تَمَرَاتٍ فَإِنْ لَمْ تَكُنْ حَسَا حَسَوَاتٍ مِنْ مَاءٍ ) (أبوداود)

അനസ്ബ്നുമാലികി(﵁) ൽ നിന്ന്: ‘പ്രവാചകൻ (ﷺ)നമസ്കരിക്കുന്നതിന് മുമ്പ് നോമ്പ് തുറന്നിരു

ന്നത് 'റുത്വബ്' (പകുതി പഴുത്തതും, പകുതി പച്ച യായതുമായ ഈത്തപ്പഴം) കൊണ്ടായിരുന്നു. എന്നാൽ 'റുത്വബ്' കിട്ടിയില്ലെങ്കിൽ കാരക്ക കൊണ്ടായിരുന്നു, അതും ലഭിച്ചില്ലെങ്കിൽ കുറച്ച് വെള്ളം കുടിച്ച് നോമ്പ് തുറന്നിരുന്നു' (അബൂ ദാവൂദ്)

6- തുറക്കുന്ന വേളയിൽ താഴെ വരും പ്രകാരം പ്രാർത്ഥിക്കലും സുന്നത്താണ്.

( عن ابْنَ سَالِمٍ الْمُقَفَّعَ قَـالَ كَانَ رَسُـولُ اللَّهِ صَـلَّ اللَّه عَلَيْـهِ وَسَلَّمَ إِذَا أَفْطَرَ قَالَ ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَـتَ الْأَجْـرُ إِنْ شَاءَ اللَّهُ ) (رواه أبو داود والحاكم والبيهقي)

ഇബ്നുസാലിം അൽ മുഖഫ്ഫഹി(ﷺ) ൽ നിന്ന്, പ്രവാചകൻ(ﷺ) നോമ്പ് തുറക്കുന്നവേളയിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: 'ദാഹം തീർന്നു, അന്ന നാളികൾ ഈറനണിഞ്ഞു, ഇൻശാഅ് അല്ലാഹ്(അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ) അല്ലാഹുവിന്റെ പ്രതിഫലം സ്ഥിരപ്പെട്ടു' (അബൂദാവൂദ്)

7– മിസ്വാക്ക് ചെയ്യുന്നത് സുന്നത്താണ്. ആമിറുബ്നു റബീഅ: (ﷺ) പറയുന്നു:

عَنْ عَامِرِ بْنِ رَبِيعَةَ قَالَ: رَأَيْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَسْتَاكُ وَهُوَ صَائِمٌ مَا لاَ أُحْصِي)

(رواه احمد وأبو داود والترمذي)

ആമിറുബ്നുറബീഅ:(ﷺ) യിൽ നിന്ന്: 'നബിതിരുമേനി(ﷺ) നോമ്പുകാരനായിരിക്കെ തന്നെ എണ്ണിതിട്ടപ്പെടുത്തുവാൻ സാധിക്കാത്തയത്ര മിസ്വാക്ക് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്' (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

8– നോമ്പുകാരെ നോമ്പ് തുറപ്പിക്കുന്നത് സുന്നത്താണ്. ഹദീസ് ശ്രദ്ധിക്കുക.

(عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْـهِ وَسَلَّمَ مَنْ فَطَّرَ صَائِمًا كَانَ لَهُ مِثْلُ أَجْرِهِ غَيْرَ أَنَّهُ لاَ يَـنْقُصُ مِـنْ

أَجْرِ الصَّائِمِ شَيْئًا) (رواه الترمذي وابـن ماجـه واحمـد وابـن حبان )

സൈദ്ബ്നു ഖാലിദ്ൽ ജുഅനിയി(ﷺ)ൽ നിന്ന് 'റസൂലുല്ലാഹ്(ﷺ) പറയുന്നു: നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരന്റെ അത്ര തന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുമില്ല' (തിർമിദി,ഇബ്നുമാജ, അഹ്മദ്, ഇബ്നുഹിബ്ബാൻ)

9- റമളാനിന്റെ അവസാന പത്തിൽ 'ഇഅ്തികാഫ്' ഇരിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) അവസാനത്തെ പത്തിൽ സ്ഥിരമായി 'ഇഅ്തികാഫ്' ഇരിക്കാറുണ്ടായിരുന്നെന്ന് ഹദീസുകളിൽ കാണാനാവുന്നതാണ്.

(عَنْ عَبْدِاللَّهِ بْنِ عُمَـرَ رَضِي اللَّه عَنْهمَـا قَـالَ كَانَ رَسُـولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَعْتَكِفُ الْعَشْرَ الْأَوَاخِـرَ مِـنْ رَمَضَـانَ ) (بخاري)

അബ്ദുല്ലാഹ് ഇബ്നുഉമർ(ﷺ) പറയുന്നു: 'പ്രവാചകൻ(ﷺ) റമളാനിന്റെ അവസാനപത്തിൽ 'ഇഅ്തികാഫ്' ഇരുന്നിരുന്നു' (ബുഖാരി).

10– നോമ്പുകാരന്റെ എല്ലാ സമയങ്ങളിലും, പ്രത്യേകിച്ച് റമളാനിന്റെ അവസാന പത്തിൽ എല്ലാ ഇബാദത്തുകളും അനുഷ്ഠിച്ച് പുണ്യം നേടാൻ ജാഗ്രത കാണിക്കുന്നത് സുന്നത്താണ്. താഴെ കൊടുത്തിരിക്കുന്ന ഹദീസ് കാണുക.

عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ أَحْيَا اللَّيْلَ وَأَيْقَظَ أَهْلَهُ وَجَدَّ وَشَـدَّ الْمِئْزَرَ (متفق عليه)

ആഇശാ(ﷺ) പറയുന്നു: 'അവസാനത്തെപ്പത്ത് കടന്ന് വന്നാൽ തിരുമേനി(ﷺ) ഉറക്കമൊഴിക്കുകയും, തന്റെ കുടുംബത്തെ ഉണർത്തുകയും ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നട

ത്തുകയും ചെയ്യുമായിരുന്നു' (മുത്തഫഖുൻ അലൈഹി)

## <u>നോമ്പുകാരന് കറാഹത്തായ കാര്യങ്ങൾ</u>

1- ഉമിനീർ ശേഖരിക്കുകയും പിന്നീട് ഒന്നിച്ച് വിഴുങ്ങുകയും ചെയ്യുക.
2- വായ കൊപ്ലിക്കുന്നതിലും മൂക്കിൽ വെള്ളം ചീറ്റുന്നതിലും അതിരുകവിയുക.
3- ആവശ്യമില്ലാതെ ഭക്ഷണത്തിന്റെ രുചി നോക്കുക.

## <u>നോമ്പുകാരന് നിർബ്ബന്ധമായ കാര്യങ്ങൾ</u>

1- കളവ്, ഏഷണി പരദൂഷണം, വഴക്കടിക്കുക അസഭ്യം സംസാരിക്കുക എന്നിവയെല്ലാം വർജി ക്കേണ്ടത് എല്ലാ സമയത്തും അനിവാര്യമാണെങ്കി ലും നോമ്പുകാരൻ ഇതെല്ലാം വർജജിക്കേണ്ടത്

പ്രത്യേകം നിർബ്ബന്ധമാണ്. പ്രവാചകവചനം ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ) ( رواه البخاري)

അബൂഹുറൈറ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: 'വ്യാജ സംസാരവും പ്രവർത്തനവും അവിവേകം കാണിക്കുന്നതും ഒരാൾ ഉപേക്ഷിക്കു ന്നില്ലെങ്കിൽ അയാൾ ഭക്ഷണ പാനീയങ്ങൾ വർ ജ്ജിക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവ ശ്യവുമില്ല' (ബുഖാരി)

## റമളാനിൽ വ്രതം ഒഴിവാക്കുവാൻ അനുവദനീയമായ കാര്യങ്ങൾ

താഴെ പറയുന്നവർക്ക് റമളാനിൽ നോമ്പു ഒഴിവാക്കൽ അനുവദനീയമാണ്.

1– നോമ്പു നോറ്റാൽ ശാരീരിക ദോഷമുണ്ടായേക്കാവുന്ന രോഗി അല്ലെങ്കിൽ മരുന്ന് കഴിച്ചാൽ രോഗം ഭേദമാവുമെന്ന് പ്രതീക്ഷയുള്ള രോഗി.

2– നമസ്കാരം ഖസ്റാക്കുവാൻ അനുവദനീയമായ ദീർഘയാത്ര ചെയ്യുന്നവൻ.

ഇവർക്ക് നോമ്പ് ഒഴിവാക്കുന്നതാണ് നല്ലത്, അതാണ് സുന്നത്ത്. രോഗം, ദീർഘയാത്ര തുടങ്ങിയ വേളകളിൽ ഒഴിവാക്കുന്ന നോമ്പുകൾ പിന്നീട് നോറ്റുവീട്ടേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

(فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ)

(البقرة: ١٨٤)

'നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം(നോമ്പെടുക്കേണ്ടതാണ്)' (അൽബഖറ: 184)

ഈ വിഷയത്തിലുള്ള ഹദീസ് കാണുക:

(عَنْ جَابِرِ بْنِ عَبْدِاللَّهِ رَضِي اللَّه عَنْه قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي سَفَرٍ فَرَأَى زِحَامًا وَرَجُلاً قَدْ ظُلِّلَ عَلَيْهِ فَقَالَ مَا هَذَا فَقَالُوا صَائِمٌ فَقَالَ لَيْسَ مِنَ الْبِرِّ الصَّوْمُ فِي السَّفَرِ)

(متفق عليه)

ജാബിർ(﵁) പറഞ്ഞു: ‘പ്രവാചകൻ(ﷺ) ഒരു യാത്രയിലായിരുന്നു, ഒരു സ്ഥലത്ത് അദ്ദേഹം അൽപം തിരക്ക് കണ്ടു. അവിടെ മീതെ തണൽ വിരിക്കപ്പെട്ട ഒരാൾ നടക്കുകയാണ്. ആ സമയം പ്രവാചകൻ(ﷺ) ചോദിച്ചു: അതെന്താണ്? അവർ പറഞ്ഞു: നോമ്പുകാരനാണ്. നബി(ﷺ) പറഞ്ഞു: യാത്രയിൽ നോമ്പനുഷ്ഠിക്കുന്നത് പുണ്യത്തിൽ പെട്ടതല്ല’ (മുത്തഫഖുൻ അലൈഹി).

( عَنْ عَائِشَةَ رَضِي اللَّه عَنْهَا أَنَّهَا قَالَتْ سَأَلَ حَمْـزَةُ بْـنُ عَمْـرٍو الأَسْلَمِيُّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنِ الصِّيَامِ فِي السَّفَرِ فَقَالَ إِنْ شِئْتَ فَصُمْ وَإِنْ شِئْتَ فَأَفْطِرْ ) (بخاري)

ആയിശാ(ﷻ) പറയുന്നു: ഹംസ ഇബ്നു അംറുൽ അസ്ലമി(ﷻ) റസൂൽ(ﷺ)യോട് യാത്രയിൽ നോമ്പെടുക്കുന്നിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ നബി(ﷺ) പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പെടുക്കുക, നീ ഉദ്ദേശിക്കുന്നുവെങ്കിൽ നോമ്പെടുക്കാതിരിക്കുകയും ചെയ്യുക' (ബുഖാരി)

ഒരാൾ യാത്രയിൽ നോമ്പെടുത്താൽ അവന്ന് അത് മതിയാവുന്നതാണ്.

3- ആർത്തവകാരിയും പ്രസവ രക്തക്കാരിയും നിർബ്ബന്ധമായും നോമ്പൊഴിവാക്കണം. പിന്നീടത് നോറ്റുവീട്ടിയാൽ മതി. ഇവർക്ക് നോമ്പെടുക്കൽ അനുവദനീയമല്ല. ഹറാമാണ്.

(عَنْ مُعَاذَةَ قَالَتْ سَأَلْتُ عَائِشَةَ فَقُلْتُ مَا بَالُ الْحَائِضِ تَقْضِي الصَّوْمَ وَلاَ تَقْضِي الصَّلاَةَ فَقَالَتْ أَحَرُورِيَّةٌ أَنْتِ قُلْتُ لَسْتُ بِحَرُورِيَّةٍ وَلَكِنِّي أَسْأَلُ قَالَتْ كَانَ يُصِيبُنَا ذَلِكَ فَنُؤْمَرُ بِقَضَاءِ الصَّوْمِ وَلاَ نُؤْمَرُ بِقَضَاءِ الصَّلاَةِ ) (متفق عليه)

മുആദ:(﵂) പറഞ്ഞു: ഞാൻ ആയിശാ(﵂)യോട് ചോദിച്ചു: ആർത്തവകാരികൾ നോമ്പ് 'ഖളാഅ്' വീട്ടണം, എന്നാൽ നമസ്കാരം 'ഖളാഅ്' വീട്ടേണ്ടതില്ല, എന്താണതിന് കാരണം? അപ്പോൾ ആഇശാ(﵂) പറഞ്ഞു: നീ 'ഹറൂറിയ്യ'യാണോ? (ഖവാരിജുകളിൽ പെട്ട ഒരു വിഭാഗത്തിന്റെ പേരാണ് 'ഹറൂറി'കൾ എന്നത്). ഞാൻ പറഞ്ഞു: ഞാൻ 'ഹറൂറി'യല്ല, അറിയാൻ വേണ്ടി മാത്രം ചോദിച്ചതാണ്. ആയിശാ(﵂) പറഞ്ഞു: 'ഞങ്ങൾക്ക് അത് (ആർത്തവം) ഉണ്ടാകുന്ന സമയങ്ങളിൽ നഷ്ടമാകുന്ന നോമ്പുകൾ നോറ്റുവീട്ടാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരുന്നു. എന്നാൽ നഷ്ടപ്പെട്ട നമസ്കാരങ്ങ

ൾ ‘ഖളാഅ്’ ചെയ്യാൻ കൽപിക്കപ്പെട്ടിരുന്നില്ല’ (മുത്തഫഖുൻ അലൈഹി)

4– ഗർഭിണിക്കും മുലയൂട്ടുന്നവൾക്കും അവർക്കും കുട്ടികൾക്കും ബുദ്ധിമുട്ടുണ്ടാവുമെന്ന ഭയമുണ്ടെങ്കിൽ നോമ്പൊഴിവാക്കാം. എന്നാലത് നോറ്റു വീട്ടേണ്ടതുണ്ട്. എന്നാൽ അവർക്ക് പ്രശ്നമില്ല കുട്ടികൾക്കു മാത്രമെ പ്രശ്നമുള്ളുവെങ്കിൽ നോമ്പൊഴിവാക്കാം. പക്ഷെ, നോറ്റു വീട്ടുകയും ഒപ്പം ഓരോ ദിവസത്തിനും ഓരോ അഗതിക്ക് ഭക്ഷണം നൽകുകയും വേണം. അല്ലാഹു പറഞ്ഞു:

(وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ) (البقرة آية :١٨٤)

‘(ഞെരുങ്ങിക്കൊണ്ട് മാത്രം) അതിനു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്’ (അൽബഖറ: 184)

5– നോമ്പെടുക്കാനാവാത്ത വൃദ്ധൻ, ഭേദമാവുമെന്ന പ്രതീക്ഷയില്ലാത്ത രോഗി ഇവർക്ക് നോമ്പ് ഒഴിവാക്കാം. പകരം ഓരോ ദിവസത്തിനും ഓരോ

അഗതിക്കും അന്നാട്ടിലെ അര 'സ്വാഅ്' ഭക്ഷണം നൽകണം.

6– മുങ്ങി മരിക്കുവാൻ പോകുന്നയാളെ രക്ഷിക്കാനോ, ജിഹാദിന് വേണ്ടിയോ ഒരാൾക്ക് നോമ്പ് മുറിക്കാവുന്നതാണ്. അവന്നതിന് അനുവാദമുണ്ട്.

ഇത്തരം കാരണങ്ങളൊന്നുമില്ലാതെ നോമ്പൊഴിവാക്കാനനുവാദമില്ല. മന:പൂർവ്വം നോമ്പൊഴിവാക്കിയാൽ അവനു കുറ്റമുണ്ട്. അവൻ തൗബ ചെയ്യുക നിർബ്ബന്ധമാണ്. ഒഴിവാക്കിയ നോമ്പുകൾ നോറ്റു വീട്ടുകയും വേണം.

## **നോമ്പ് നിഷ്ഫലമാക്കുന്ന കാര്യങ്ങൾ**

നോമ്പിനെ അസാധുവാക്കുന്ന ചില കാര്യങ്ങളുണ്ട്. ഓരോ മുസ്ലിമും അത് മനസിലാക്കുകയും നിർബ്ബന്ധമായും അതിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യേണ്ടതുണ്ട്.

1– റമളാനിൽ മന:പൂർവ്വം ഭക്ഷണമോ പാനീ

യമോ കഴിക്കൽ. അതിന്ന തുല്ല്യമായ ഗ്ലൂക്കോസ്, ഇഞ്ചക്ഷൻ രക്തം സ്വീകരിക്കൽ തുടങ്ങിയവ ചെയ്യൽ. എന്നാൽ ഗ്ലൂക്കോസല്ലാത്ത ഇഞ്ചക്ഷ നാണെങ്കിൽ നോമ്പു മുറിയുകയില്ല. എങ്കിലും ഒഴിവാക്ക ലാണ് നല്ലത്. അല്ലാഹു പറയുന്നു.

قال تعالى : (ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ ) (البقرة آية ١٨٧)

'എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക' (ബഖറ: 187)

ഒരാൾ മറന്ന് കൊണ്ടാണ് ഭക്ഷണം കഴിച്ചത് എങ്കിൽ കുഴപ്പമില്ല. റസൂൽ(ﷺ) പറയുന്നു:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا نَسِيَ فَأَكَلَ وَشَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللَّهُ وَسَقَاهُ) (رواه الجماعة)

അബൂഹുറൈറ(رضي الله عنه) വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: 'നോമ്പുകാരനായിരിക്കേ മറന്ന് കൊ

ണ്ട് ആരെങ്കിലും തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കട്ടെ, അല്ലാഹുവാണ് അവനെ തീറ്റിക്കുകയും കുടിപ്പിക്കുകയും ചെയ്തത്' (ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമിദി)

2- വായിലൂടെയോ മൂക്കിലൂടെയോ വല്ല വസ്തുവും അകത്ത് കടക്കുക, എന്നാൽ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ വല്ല ഈച്ചയോ പൊടിയോ അകത്ത് കടന്നാൽ അത് പ്രശ്നമാക്കേണ്ടതില്ല.

3- മന:പൂർവ്വം ഛർദ്ദിക്കൽ. സ്വാഭാവിക ഛർദ്ദിയാണെങ്കിൽ കുഴപ്പമില്ല.

4- സ്വന്തം പ്രവർത്തികൊണ്ട് ഇന്ദ്രിയം പുറപ്പെടൽ. സംയോഗമോ, ചുംബനമോ, സ്പർശനമോ, നോട്ടമോ, സ്വയംഭോഗമോ ഇവയൊക്കെ അതിന് കാരണമാകാം.

5- കൊമ്പ് വെച്ചിട്ടോ, ദാനം നൽകുവാനോ ശരീരത്തിൽ നിന്നും രക്തം എടുക്കൽ. എന്നാൽ പരിശോധനാർത്ഥം അൽപം രക്തമെടുക്കുന്നതുകൊണ്ടോ, പല്ലെടുക്കൽ, മുറിവ് എന്നിവ മുഖേന

അൽപം ചോര പോകുന്നതുകൊണ്ടോ നോമ്പു മുറിയുകയില്ല.

6– ആർത്തവ രക്തവും പ്രസവ രക്തവും. ഇതുണ്ടാവുന്നത് സൂര്യാസ്തമനത്തിന് തൊട്ടു മുമ്പാണെങ്കിലും ശരി നോമ്പു മുറിയും.

7– സംയോഗം. സ്ഖലനമുണ്ടായാലും ഇല്ലെങ്കിലും ശരി നോമ്പു മുറിയും.

## നോമ്പ് നിഷ്ഫലമാകുവാനുള്ള നിബന്ധനകൾ

1– ഇന്ന കാര്യം ചെയ്താൽ നോമ്പ് നിഷ്ഫലമായി പോകുമെന്നതിനെക്കുറിച്ച് അറിവുള്ളവനായിരിക്കണം.

2– സ്വബോധത്തോടെയാവണം. മറന്ന് കൊണ്ടാവരുത്.

3– നോമ്പ് മുറിയുന്ന കാര്യങ്ങൾ ചെയ്യുന്നത് ആരുടെയെങ്കിലും നിർബ്ബന്ധത്തിന് വഴങ്ങിയിട്ടാ

കരുത്. സ്വന്തം ഇഷ്ടപ്രകാരമാവണം.

അറിവില്ലാതെയോ ഉദ്ദേശ്യമില്ലാതേയോ മുമ്പു പ്രസ്താവിച്ച കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് ചെയ്താൽ നോമ്പു മുറിയുകയില്ല. നോമ്പ് സാധുവായി തീരുന്നതാണ്. അല്ലാഹു പറയുന്നു:

(رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا) ( البقرة: ٢٨٦)

'ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾ മറന്ന് പോയതിലോ, ഞങ്ങൾക്ക് തെറ്റു പറ്റിയതിലോ ഞങ്ങളെ നീ പിടികൂടരുതേ' (അൽബഖറ:286)

( عَنْ أَبِي ذَرٍّ الْغِفَارِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ اللَّهَ تَجَاوَزَ عَنْ أُمَّتِي الْخَطَأَ وَالنِّسْيَانَ وَمَا اسْتُكْرِهُوا عَلَيْهِ)

(رواه ابن ماجه والطبراني والحاكم )

അബൂദർറുൽഗിഫാരി(ﷺ) വിൽ നിന്ന്: തിരുമേനി (ﷺ)പറയുന്നു:'അബദ്ധവും മറവിയും നിർബന്ധിപ്പിക്കപ്പെട്ടതും എന്റെ സമുദായത്തിന് മാപ്പു നൽകപ്പെട്ടിരിക്കുന്നു'(ഇബ്നുമാജ,ത്വബ്റാനി, ഹാകിം)

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا نَسِيَ فَأَكَلَ وَشَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللَّهُ وَسَقَاهُ) (رواه الجماعة)

അബൂഹുറൈറ(ﷺ) വിൽ നിന്ന് നിവേദനം: 'ആരെങ്കിലും മറന്ന കൊണ്ട് ഭക്ഷണം കഴിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കട്ടെ. കാരണം അല്ലാഹുവാണ് അവനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത്' (മുത്തഫഖുൻ അലൈഹി)

അറിഞ്ഞുകൊണ്ടും സ്വബോധത്തോടെയും സ്വമേധയാ നോമ്പുമുറിയുന്ന കാര്യം ചെയ്താൽ അല്ലാഹുവിങ്കലേക്ക് ഖേദിച്ച് മടങ്ങണം. ആ ദിവസത്തെ നോമ്പു നോറ്റുവീട്ടുകയും വേണം. സംയോഗത്തിനൊഴികെ ഒന്നിനും പ്രായശ്ചിത്തം നൽകേണ്ടതില്ല. ആരെങ്കിലും റമളാനിലെ പകലിൽ നോമ്പനുഷ്ഠിച്ച് കൊണ്ട് സംയോഗം ചെയ്താൽ അവന് കടുത്ത പ്രായശ്ചിത്തമുണ്ട്. അവ അടിമയെ മോചിപ്പിക്കുക, അതിന് കഴിയില്ലെങ്കിൽ രണ്ടു മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുക,

അതിനും കഴിയില്ലെങ്കിൽ അറുപത് അഗതികൾക്ക് ഭക്ഷണം കൊടുക്കുക എന്നിവയാണവ. ഭക്ഷണമാണ് നൽകുന്നത് എങ്കിൽ ഓരോ അഗതിക്കും അര 'സ്വാഅ്' വീതമാണ് കൊടുക്കേണ്ടത്. ഈ പ്രായശ്ചിത്തം ക്രമമനുസരിച്ചാവണം. അതായത് അടിമയെ മോചിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിലേ രണ്ട് മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുകയെന്നതിലേക്ക് കടക്കാവൂ, അതിനും സാധിച്ചില്ലെങ്കിലേ അറുപത് അഗതികൾക്ക് ഭക്ഷണം നൽകുന്നതിലേക്ക് പ്രവേശിക്കാവൂ.

## സൂര്യാസ്തമനത്തിലും സുബ്ഹിയിലും സംശയം.

സൂര്യനസ്തമിച്ചോ എന്ന സംശയമുണ്ടായിരിക്കെ നോമ്പു മുറിക്കുവാൻ പാടില്ല. കാരണം, പകലാണിവിടെ അടിസ്ഥാനം. സുബഹി ആയോ ഇല്ലെയോ എന്ന സംശയം വന്നാൽ തിന്നുകയും കുടിക്കുകയും ചെയ്യാം. കാരണം ഇവിടെ രാത്രിയാണ് അടിസ്ഥാനം. അല്ലാഹു പറയുന്നത് നോക്കുക.

(وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمْ الْخَيْطُ الْأَبْيَضُ مِنْ الْخَيْطِ الْأَسْوَدِ مِنْ الْفَجْرِ) (البقرة: ١٨٧)

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നതുവരെ' (ബഖറ:187)

## സുന്നത്ത് നോമ്പുകൾ

1– ഏറ്റവും ശ്രേഷ്ഠമായ നോമ്പ് ദാവൂദ്(ﷺ) യുടേതാണ്. ഇടവിട്ട ദിനങ്ങളിൽ നോമ്പെടുക്കുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്.

( عَنْ عَبْدِ اللَّهِ بْنِ عَمْرٍو رَضِي اللَّه عَنْهمَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ ... صُمْ أَفْضَلَ الصِّيَامِ عِنْدَ اللَّهِ صَوْمَ دَاوُدَ عَلَيْهِ السَّلاَم كَانَ يَصُومُ يَوْمًا وَيُفْطِرُ يَوْمًا) (بخاري ومسلم)

അബ്ദുല്ലാഹ് ഇബ്നഅമ്ര്(ﷺ)വിൽ നിന്ന് റസൂലുല്ലാഹി(ﷺ)പറയുന്നു: 'നീ നോമ്പനുഷ്ഠിക്കുക, അല്ലാഹുവിന്റെ അടുത്ത് ഏറ്റവും ശ്രേഷ്ട്ടമായ നോമ്പ് ദാവൂദ്(ﷺ)ന്റെ നോമ്പാണ്, അദ്ദേഹം ഒരു ദിവസം നോമ്പനുഷ്ഠിക്കും, അടുത്ത ദിവസം നോമ്പ് ഒഴിവാക്കുകയും ചെയ്യും' (ബുഖാരി, മുസ്ലിം)

2– റമളാൻ മാസത്തിലെ നോമ്പു കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠമായ നോമ്പ് മുഹർറ മാസത്തിലേതാണ്.

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَفْضَلُ الصِّيَامِ بَعْدَ رَمَضَانَ شَهْرُ اللَّهِ الْمُحَرَّمُ وَأَفْضَلُ الصَّلاَةِ بَعْدَ الْفَرِيضَةِ صَلاَةُ اللَّيْلِ ) (مسلم)

അബൂഹുറൈറ(ﷺ) വിൽ നിന്ന് നബി(ﷺ) പറയുകയുണ്ടായി: റമളാനിന് ശേഷം ഏറ്റവും ശ്രേഷ്ട്ടമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറത്തിലെ നോമ്പാണ്, ഫർള് നമസ്കാരത്തിന് ശേ

ഷം ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം രാത്രിയിലെ നമസ്കാരമാകുന്നു' (മുസ്ലിം)

അതിൽ ഏറ്റവും പ്രധാനം മുഹർറം ഒമ്പത് പത്ത് ദിവസങ്ങളിൽ അനുഷ്ഠിക്കുന്നതാണ്. മുഹർറം പത്തിലെ നോമ്പ് മുൻ വർഷത്തെ പാപങ്ങൾക്ക് പ്രായശ്ചിത്തമാണ്.പത്തിന് മുമ്പോ പിമ്പോ ഒരു ദിവസം (ഒമ്പതോ, പതിനൊന്നോ) നോമ്പെടുക്കുന്നതും വളരെ പുണ്യമുള്ള കാര്യമാണ്.

3- ശവ്വാലിലെ ആറു ദിവസത്തിലെ നോമ്പ്.

( عَنْ أَبِي أَيُّوبَ الْأَنْصَارِيِّ رَضِي اللَّه عَنْه قال أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ كَانَ كَصِيَامِ الدَّهْرِ) (مسلم)

അബൂഅയ്യൂബുൽ അൻസാരി(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ)പറയുന്നു: 'റമളാൻ നോമ്പെടുത്തിട്ട് അതിന്റെ തുടർച്ചയായി ആറു ദിവസം ശവ്വാലിൽ നിന്നും ചേർത്താൽ ആയുഷ് കാലത്തെ മുഴുവൻ നോമ്പിനെ പോലെ ആയി' (മുസ്ലിം)

4– ദുൽ ഹിജ്ജ: ഒന്നു മുതൽ ഒൻപത് വരെ. അതിൽ പ്രധാനമായിട്ടുള്ളത് ഒമ്പതാം തിയ്യതിയിലെ അറഫാ ദിനത്തിലേതാണ്. അറഫ നോമ്പ് രണ്ടു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടും. എന്നാൽ ഹജ്ജ് ചെയ്യുന്നവർക്ക് ഈ നോമ്പില്ല.

( عَنْ أَبِي قَتَادَةَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ صِيَامُ يَوْمِ عَرَفَةَ أَحْتَسِبُ عَلَى اللَّهِ أَنْ يُكَفِّرَ السَّنَةَ الَّتِي قَبْلَهُ وَالسَّنَةَ الَّتِي بَعْدَهُ ...) (مسلم)

അബൂഖതാദ:(﵁)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: 'അറഫ ദിനത്തിലെ നോമ്പ് അതിന്റെ മുമ്പിലത്തെ ഒരു വർഷത്തെയും, അതിന് ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു' (മുസ്ലിം).

5– എല്ലാ മാസവും മൂന്ന് ദിവസത്തെ നോമ്പ്. അതിൽ ഏറ്റവും പ്രധാനം 13, 14, 15 തിയ്യതികളിൽ അഥവാ, 'അയ്യാമുൽ ബീളിൽ' അനുഷ്ഠിക്കുന്ന നോമ്പാണ്.

( عَنْ أَبِي ذَرٍّ قَالَ أَمَرَنَا رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنْ نَصُومَ مِنَ الشَّهْرِ ثَلاَثَةَ أَيَّامٍ الْبِيضَ ثَلاَثَ عَشْرَةَ وَأَرْبَعَ عَشْرَةَ وَخَمْسَ عَشْرَةَ) (النسائي)

അബൂദർറ്(ﷺ)പറഞ്ഞു:‘ഓരോ മാസത്തിലെയും പതിമൂന്ന്, പതിനാല്, പതിനഞ്ച് എന്നീ വെളുത്ത ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുവാൻ പ്രവാചകൻ(ﷺ) ഞങ്ങളോട് കൽപിച്ചിരുന്നു’ (നസാഇ)

6– എല്ലാ തിങ്കളും, വ്യാഴവും. ഒരു ഹദീസ് ശ്രദ്ധിക്കുക.എന്ത് കൊണ്ടാണ് നിങ്ങൾ എല്ലാ വ്യാഴാഴ്ചയും, തിങ്കളാഴ്ചയും നോമ്പനുഷ്ഠിക്കുന്നത് എന്ന് ചോദിച്ചപ്പോൾ നബി(ﷺ) പറയുകയുണ്ടായി:

(... قَالَ ذَانِكَ يَوْمَانِ تُعْرَضُ فِيهِمَا الْأَعْمَالُ عَلَى رَبِّ الْعَالَمِينَ وَأُحِبُّ أَنْ يُعْرَضَ عَمَلِي وَأَنَا صَائِمٌ ...) (أحمد)

‘കർമ്മങ്ങളൊക്കെ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന രണ്ട് ദിവസങ്ങളാണവ. നോമ്പു

കാരനായിരിക്കെ എന്റെ കർമ്മങ്ങൾ സമർപ്പിക്കു ന്നത് ഞാൻ ഇഷ്ടപ്പെടുന്നു' (അഹ്മദ്)

## വെറുക്കപ്പെട്ട നോമ്പുകൾ

1– റജബിലെ നോമ്പ്.

وكان عمر بن الخطاب رضي الله عنه يضرب اكتـف المترجبـين حتى يضعوها في الطعام ويقـول :(كلـوا فإنمـا هـو شـهر كانـت تعظمه الجاهلية) (أخرجه ابن أبي شيبه ).

റജബിൽ നോമ്പെടുക്കുന്നവരെ ഉമർ(ﷺ) അവർ ഭക്ഷണപ്പാത്രത്തിൽ കൈവെക്കും വരെ അടിക്കു മായിരുന്നു. അദ്ദേഹം പറയും: 'ഭക്ഷണം കഴിക്കു വിൻ. ജാഹിലിയ്യത്തിൽ ബഹുമാനിക്കപ്പെട്ടിരുന്ന ദിവസമാണിത്' (ഇബ്നു അബീ ശൈബ)

2– വെള്ളിയാഴ്ച മാത്രമായി നോമ്പെടുക്കുന്നത്. നബി (ﷺ) പറഞ്ഞു:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: لاَ يَصُومَنَّ أَحَدُكُمْ يَوْمَ الْجُمُعَةِ إِلاَّ يَوْمًا قَبْلَهُ أَوْ بَعْدَهُ) (بخاري)

അബൂഹുറൈറ(﵁) നബി(ﷺ) പറഞ്ഞതായി ഞാൻ കേട്ടു: 'നിങ്ങളാരും വെള്ളിയാഴ്ച മാത്രമായി നോമ്പെടുക്കരുത്. അതിന്റെ മുമ്പോ പിമ്പോ ഒരു ദിവസം നോമ്പെടുക്കുന്നുവെങ്കിൽ ആവാം' (ബുഖാരി)

3- സംശയ ദിവസം സുന്നത്ത് നോമ്പെടുക്കുന്നത്. നബി(ﷺ) പറഞ്ഞു:

عَن عَمَّار قَالَ: مَنْ صَامَ الْيَوْمَ الَّذِي يَشُكُّ فِيهِ النَّاسُ فَقَدْ عَصَى أَبَا الْقَاسِمِ صَلَّى اللَّه عَلَيْهِ وَسَلَّمَ ) (رواه أبو داود والترمذي)

അമ്മാർ(﵁) പറയുന്നു: 'സംശയമുള്ള ദിവസം നോമ്പെടുക്കുന്നവൻ അബുൽ ഖാസിം (മുഹമ്മദ്

നബി(ﷺ))യെ ധിക്കരിച്ചു കഴിഞ്ഞു' (അബൂ ദാവൂദ്, തിർമിദി)

4 – ശഅബാൻ പതിനഞ്ചിന് മാത്രമായുള്ള നോമ്പ്. (ബറാത്ത് നോമ്പ്) ശഅബാൻ പതിനഞ്ചിന് മാത്രം പ്രത്യേകം നോമ്പെടുക്കുന്നതിന് യാതൊരു തെളിവും ഇസ്ലാമിക പ്രമാണങ്ങളിൽ കാണാനാവില്ല.

## ഹറാമായ നോമ്പുകൾ

1– രണ്ട് പെരുന്നാൾ ദിവസങ്ങളിലും നോമ്പനുഷ്ഠിക്കുന്നത് നിഷിദ്ധമാണ്.

( عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ نَهَى رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنْ صَوْمَيْنِ يَوْمِ الْفِطْرِ وَيَوْمِ الْأَضْحَى)

(متفق عليه)

ആയിശാ(رضي الله عنها)വിൽ നിന്ന്: 'ഈദുൽഫിത്വ്ർ', 'ഈദുൽ അദ്ഹാ' എന്നീ രണ്ട് ദിവസങ്ങളിൽ നോമ്പ

നുഷ്ഠിക്കുന്നത്നബി(ﷺ) വിരോധിച്ചു' (മുത്തഫഖു ൻ അലൈഹി)

2- 'അയ്യാമുത്തശ്രീഖി'ലെ നോമ്പ്. ദുൽഹിജജ: 13, 14, 15. എന്നീ ദിവസങ്ങളിൽ. എന്നാൽ 'മുതമത്തിഅ്' ആയിട്ടോ, 'ഖാരിനായോ' ഹജ്ജ് ചെയ്യുന്നവർ ബലിമൃഗം കൊണ്ടു വന്നിട്ടില്ലെങ്കിലും, ബലിയറുക്കുവാൻ സാധിക്കാതെ വരുകയാണെങ്കിലും അതിന് പകരമായി ഈ ദിവസങ്ങളിൽ നോമ്പെടുക്കാം.

عَنِ ابْنِ عُمَرَ رَضِي اللَّه عَنْه قَالَ لَمْ يُرَخَّصْ فِي أَيَّامِ التَّشْرِيقِ أَنْ يُصَمْنَ إلاَّ لِمَنْ لَمْ يَجِدِ الْهَدْيَ ) (البخاري)

ഇബ്നു ഉമർ(رضي الله عنه) പറയുന്നു: 'ബലിമൃഗത്തെ കൂടെ കൊണ്ടുവരാത്തവർക്കൊഴികെ 'അയ്യാമുത്തശ്രീഖി'ൽ നോമ്പെടുക്കാൻ ഇളവ് നൽകപ്പെട്ടിട്ടില്ല' (ബുഖാരി)

# നാം അറിയേണ്ട കാര്യങ്ങൾ

1– വലിയ അശുദ്ധിയോടെ ഉണർന്നാൽ അത്താഴം കഴിച്ചു നോമ്പെടുക്കാവുന്നതാണ്. സുബ്ഹിക്ക് (ബാങ്കിന്) ശേഷം കുളിച്ചാലും മതി. ആർത്തവകാരിയും പ്രസവരക്തക്കാരിയും സുബ്ഹിക്ക് തൊട്ട് മുമ്പ് ശുദ്ധിയായായും നോമ്പ് എടുക്കണം. സുബഹിക്ക് ശേഷം കുളിച്ചാലും മതി.

2– സുന്നത്ത് നോമ്പ് എടുത്തവന് അത് പൂർത്തിയാക്കുക നിർബ്ബന്ധമില്ല. ആവശ്യമെങ്കിൽ മുറിക്കാവുന്നതാണ്.

(عَنْ عَائِشَةَ أُمِّ الْمُؤْمِنِينَ قَالَتْ دَخَلَ عَلَيَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ذَاتَ يَوْمٍ فَقَالَ هَلْ عِنْدَكُمْ شَيْءٌ فَقُلْنَا لاَ قَالَ فَإِنِّي إِذَنْ صَائِمٌ ثُمَّ أَتَانَا يَوْمًا آخَرَ فَقُلْنَا يَا رَسُولَ اللَّهِ أُهْدِيَ لَنَا حَيْسٌ فَقَالَ أَرِينِيهِ فَلَقَدْ أَصْبَحْتُ صَائِمًا فَأَكَلَ ) (مسلم)

സത്യവിശ്വാസികളുടെ മാതാവായ ആയിശാ(ﷺ)

ൽ നിന്ന്, അവർ പറയുന്നു: ‘ഒരു ദിവസം പ്രവാചകൻ(ﷺ) എന്റെയടുത്ത് പ്രവേശിച്ച് ചോദിക്കുകയുണ്ടായി, നിങ്ങളുടെ അടുത്ത് വല്ലതും (ഭക്ഷിക്കുവാൻ) ഉണ്ടോ? അപ്പോൾ ഞങ്ങൾ പറഞ്ഞു: ഇല്ല. എങ്കിൽ ഞാൻ നോമ്പനുഷ്ഠിക്കുകയാണ്. അതുപോലെ മറ്റൊരു ദിവസം പ്രവാചകൻ(ﷺ) ഞങ്ങളുടെയടുത്ത് വന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞു: പ്രവാചകരെ, നമുക്ക് ‘ഹൈസ്’ (ഒരു തരം പലഹാരം) സമ്മാനമായി ലഭിച്ചിരിക്കുന്നു. തിരുമേനി(ﷺ) പറഞ്ഞു: കൊണ്ടു വരൂ, ഞാൻ നോമ്പുകാരനായിരുന്നു, അങ്ങിനെ അദ്ദേഹമത് ഭക്ഷിച്ചു’ (മുസ്ലിം)

എന്നാൽ ഫർള് നോമ്പ് പൂർത്തിയാക്കുകതന്നെ വേണം.

3– റമളാനിന്റെ രാത്രികളിൽ ഭാര്യാഭർതൃ ബന്ധത്തിലേർപ്പെടുക, ഇഞ്ചക്ഷൻ എടുക്കുക, കണ്ണിൽ സുറുമ പോലെയുള്ളത് ഉപയോഗിക്കുക, രക്ത പരിശോധന നടത്തുക, ഭക്ഷണം രുചി നോക്കുക,

ഉറക്കത്തിൽ സ്ഖലനം ഉണ്ടാവുക എന്നിവയൊന്നും നോമ്പിനെ നിഷ്ഫലമാക്കി കളയുകില്ല.

## തറാവീഹ്

തറാവീഹ്, തഹജ്ജുദ്, ഖിയാമുല്ലൈൽ എന്നീ നാമങ്ങളിലെല്ലാം അറിയപ്പെടുന്ന രാത്രി നമസ്കാരം എല്ലാ മാസങ്ങളിലുമുണ്ട്. എന്നാൽ റമളാനിൽ അത് സംഘടിതമായി കഴിയുന്നത്ര ഖുർആൻ പാരായണം ചെയ്ത്കൊണ്ട് നമസ്കരിക്കുന്നതിന് പ്രത്യേകം പ്രാധാന്യമുണ്ട്. ഒരു ഹദീസ് ശ്രദ്ധിക്കുക:

(عَنْ أَبِي سَلَمَةَ بْنِ عَبْدِالرَّحْمَنِ أَنَّهُ سَأَلَ عَائِشَةَ رَضِي اللَّه عَنْهَا كَيْفَ كَانَتْ صَلاَةُ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي رَمَضَانَ فَقَالَتْ مَا كَانَ يَزِيدُ فِي رَمَضَانَ وَلاَ فِي غَيْرِهِ عَلَى إِحْدَى عَشْرَةَ رَكْعَةً يُصَلِّي أَرْبَعًا فَلاَ تَسَلْ عَنْ حُسْنِهِنَّ وَطُولِهِنَّ ثُمَّ يُصَلِّي أَرْبَعًا فَلاَ تَسَلْ عَنْ حُسْنِهِنَّ وَطُولِهِنَّ ثُمَّ يُصَلِّي ثَلاَثًا

فَقُلْتُ يَا رَسُولَ اللَّهِ أَتَنَامُ قَبْلَ أَنْ تُوتِرَ قَالَ يَا عَائِشَةُ إِنَّ عَيْنَيَّ تَنَامَانِ وَلاَ يَنَامُ قَلْبِي (بخاري)

അബൂസലമതബ്ന അബ്ദുർറഹ്മാൻ(ﷺ) ആയിശാ(ﷺ)യോട് പ്രവാചകൻ(ﷺ)യുടെ രാത്രിയിലെ നമസ്കാരം എങ്ങിനെയായിരുന്നുവെന്ന് ചോദിക്കുകയുണ്ടായി, അപ്പോൾ അവർ പറഞ്ഞു: 'റമളാനിലാവട്ടെ, അല്ലാത്ത സമയത്താവട്ടെ നബി(ﷺ) പതിനൊന്ന് റക്അത്തിൽ കൂടുതൽ നമസ്കരിക്കാറുണ്ടായിരുന്നില്ല. നാല് റക്അത്ത് നമസ്കരിക്കും (ആദ്യം രണ്ടും,തുടർന്ന് രണ്ടും), അതിന്റെ ഭംഗിയെ സംബന്ധിച്ചും ദൈർഘ്യത്തെ സംബന്ധിച്ചും നീ ചോദിക്കേണ്ടതില്ല. വീണ്ടും നാല് റക്അത്ത് നമസ്കരിക്കും അതിന്റെ ഭംഗിയെ സംബന്ധിച്ചും ദൈർഘ്യത്തെ സംബന്ധിച്ചും നീ ചോദിക്കേണ്ടതില്ല. പിന്നീട് മൂന്ന് റക്അത്ത് നമസ്കരിക്കും. ഞാൻ ചോദിക്കും പ്രവാചകരെ, അങ്ങ് വിത്ർ നമസ്കരിക്കുന്നതിന് മുമ്പ് ഉറങ്ങുകയാണോയെന്ന്. നബി പറയും: ആയിശാ എന്റെ കണ്ണുകൾ ഉറ

ങ്ങുന്നുവെങ്കിലും എന്റെ ഹൃദയം ഉറങ്ങുന്നില്ല' (ബുഖാരി)

# ലൈലത്തുൽ ഖദ്ർ

**ലൈലത്തുൽ ഖദ്റിന്റെ മഹത്വം:**

ലൈലത്തുൽ ഖദ്റിൽ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. അല്ലാഹു പറയുന്നു:

إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ * وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ * لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ (القدر:1-3)

'തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.'(അൽഖദ്ർ: 1-3)

ഈ വിഷയത്തിലുള്ള ഹദീസ് ഒന്ന് ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنْ قَامَ لَيْلَةَ الْقَدْرِ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ) (متفق عليه).

അബൂഹുറൈറ(﵁)വിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി(ﷺ)യിൽ നിന്ന് 'വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ലൈലത്തുൽ ഖദ്റിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടും' (മുത്തഫഖുൻ അലൈഹി)

**ലൈലത്തുൽ ഖദ്റിന്റെ സമയം:**

ലൈലത്തുൽ ഖദ്ർ റമളാനിലെ അവസാനപ്പത്തിലെ ഒറ്റ രാവിലായിരിക്കും സംഭവിക്കുക. ഒറ്റയായ മറ്റേതൊരു രാവിലും സംഭവിക്കാൻ സാധ്യതയുള്ളതുപോലെ 27–ാം രാവിലും സംഭവിക്കാമെന്നല്ലാതെ, 27–ാം രാവിലാണ് ലൈലത്തുൽ ഖദ്

ർ എന്ന് പറയുവാൻ വ്യക്തമായ തെളിവുകളില്ല. ഒരു ഹദീസ് ശ്രദ്ധിക്കുക:

عن عُيَيْنَةُ بْنُ عَبْدِ الرَّحْمَنِ عَنْ أَبِيهِ قَالَ ذَكَرْتُ لَيْلَةَ الْقَدْرِ عِنْدَ أَبِي بَكْرَةَ فَقَالَ مَا أَنَا بِمُلْتَمِسِهَا بَعْدَمَا سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِلاَّ فِي عَشْرِ الأَوَاخِرِ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ الْتَمِسُوهَا فِي الْعَشْرِ الأَوَاخِرِ فِي الْوِتْرِ مِنْهُ ...) (أحمد)

ഉയൈനബ്ന അബ്ദുർറഹ്മാൻ(ﷻ) തന്റെ പിതാവിൽ നിന്നും, ഞാൻ അബൂബകർ(ﷻ) യുടെ സാന്നിദ്ധ്യത്തിൽ ലൈലത്തുൽ ഖദ്റിനെ സംബന്ധിച്ച് പറഞ്ഞു, അപ്പോൾ അബൂബകർ(ﷻ)പറഞ്ഞു: 'അത് അവസാനപത്തിലെ ഒറ്റ രാവിലായിരിക്കും വരുകയെന്ന് പ്രവാചകൻ(ﷺ) യിൽ നിന്ന് ഞാൻ കേട്ടു, അങ്ങിനെ പ്രവാചകൻ(ﷺ)യിൽ നിന്ന് കേട്ടത് മുതൽ ഞാനതിനെ അവസാന പത്തിലല്ലാതെ അന്വേഷിക്കാറില്ല' (അഹ്മദ്)

ലൈലത്തുൽ ഖദ്ർ റമളാനിലെ അവസാന പത്തിലുള്ള ഒറ്റ രാവുകളിലായിരിക്കും എന്നതിനാൽ അവസാന പത്തിൽ നാം അതിനെ പ്രതീക്ഷിക്കുകയാണ് വേണ്ടത്.

**ലൈലത്തുൽ ഖദ്ർ രഹസ്യമാക്കി വെച്ചതിലെ തത്വം:**

അവസാന പത്തിലെ ഒറ്റ രാവുകളിൽ അത് വരുമെന്ന് പ്രവാചകൻ(ﷺ) നമുക്ക് അറിയിച്ചു തന്നു. അത്കൊണ്ട് തന്നെ അവസാന പത്തിലെ എല്ലാ ഒറ്റരാവുകളിലും ഇന്ന് ലൈലത്തുൽ ഖദ്ർ ആയിരിക്കുമെന്ന് വിചാരിച്ച് വിശ്വാസികൾ കൂടുതൽ സൽകർമ്മങ്ങൾ ചെയ്യും. അത് വിശ്വാസികൾക്ക് തന്നെയാണ് ഗുണം ലഭിക്കുന്നത്. ജുമുഅ ദിവസം ഉത്തരം ലഭിക്കുന്ന ഒരു സമയം ഉണ്ട് എന്നാൽ ആ സമയം ഏതെന്ന് പ്രവാചകൻ(ﷺ) വ്യക്തമായി പറഞ്ഞിട്ടില്ല. അതു പോലെത്തന്നെയാണ് ഈ കാര്യവും. ആയതിനാൽ നാം റമളാനിന്റെ അവസാന പത്തിലെ ഒറ്റ രാവുകളിൽ ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിച്ച് കൊണ്ട് സൽകർ

മ്മങ്ങൾ അധികരിപ്പിക്കുക. അവസാനപത്തിൽ താഴെ വരുന്ന പ്രാർത്ഥന ചൊല്ലുന്നത് നല്ലതാണ്.

( عَنْ عَائِشَةَ قَالَتْ: قُلْتُ يَا رَسُولَ اللَّهِ أَرَأَيْتَ إِنْ عَلِمْتُ أَيُّ لَيْلَةٍ لَيْلَةُ الْقَدْرِ مَا أَقُولُ فِيهَا قَالَ قُولِي اللَّهُمَّ إِنَّكَ عُفُوٌّ كَرِيمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي ) (رواه الترمذي والنسائي وابن ماجة أحمد )

ആയിശാ(﵂) പറഞ്ഞു: പ്രവാചകരെ, ലൈലത്തുൽ ഖദ്ർ ഇന്ന ദിവസമാണെന്ന് എനിക്ക് മനസിലായാൽ ഞാൻ എന്താണ് അതിൽ പ്രാർത്ഥിക്കേണ്ടത്. നബി(ﷺ) പറയുകയുണ്ടായി: നീ ഇങ്ങനെ പറയുക: ‘അല്ലാഹുവെ, നീ മാപ്പു നൽകുന്നവനാണ്. മാപ്പ് ഇഷ്ടപ്പെടുന്നവനുമാണ്. അത് കൊണ്ട് എനിക്ക് നീ മാപ്പ് തരേണമേ’

(അഹ്മദ്, ഇബ്നുമാജ, തിർമിദി).

# ഇഅ്തികാഫ്

വിശുദ്ധ റമളാനിൽ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കവാനായി പള്ളിയിൽ ഭജനമിരിക്കൽ സുന്നത്താണ്. പ്രവാചകൻ(ﷺ) തന്റെ എല്ലാ റമളാനിലും അവസാന പത്തിൽ ഇഅ്തികാഫിരിന്നിരുന്നു. പ്രവാചകനോടൊപ്പം അവിടുത്തെ ഭാര്യമാരും ഇഅ്തികാഫിരുന്നു. പ്രവാചകൻ(ﷺ)യുടെ വഫാത്തിന് ശേഷം അവിടുത്തെ ഭാര്യമാർ പള്ളിയിൽ ഇഅ്തികാഫ് ഇരുന്നിരുന്നു. അതുകൊണ്ട് തന്നെ സ്ത്രീകൾക്കും വിശുദ്ധ റമളാനിൽ ഇഅ്തികാഫിരിക്കാവുന്നതാണ്.

**നിർവ്വചനം:** ഭാഷാർത്ഥം: ഒരു കാര്യത്തിൽ സ്ഥിരമായിരി ക്കുക.,

മതപരമായ അർത്ഥം: പ്രത്യേകമായി പള്ളിയിൽ താമസിച്ച് അല്ലാഹുവിന് വേണ്ടി പുണ്യകർമ്മങ്ങൾ ചെയ്ത് ഇബാദത്തുകളിൽ മുഴുകുക.

**തത്വം:**

ഭക്തനായ വിശ്വാസി പുണ്യകർമ്മങ്ങൾ ചെയ്ത്, തിന്മകളിൽ നിന്ന് വിട്ടു നിന്ന്, അല്ലാഹുവിലേക്ക് അടുക്കാൻ വേണ്ടി പള്ളിയിൽ കഴിയുക എന്നത് ആ വിശ്വാസിക്ക് അല്ലാഹുവോടുള്ള സ്നേഹത്തിന്റെ അടയാളമാണ്. അവന്റെ തൃപ്തി തേടുന്നതിന്റെ ലക്ഷണമാണ്. ശാശ്വതമായ സ്വർഗലോകത്തെ പ്രതിഫലത്തോടുള്ള താൽപര്യമാണ്. അല്ലാഹു അരുളി:

( وَعَهِـدْنَا إِلَى إِبْـرَاهِيمَ وَإِسْـمَاعِيلَ أَنْ طَهِّـرَا بَيْـتِيَ لِلطَّـائِفِينَ وَالْعَاكِفِينَ وَالرُّكَّعِ السُّجُودِ) (البقرة : ١٢٥)

'ഇബ്രാഹിമിന്നും ഇസ്മാഈലിന്നും നാം കൽപന നൽകിയത്, ത്വവാഫ്(പ്രദക്ഷിണം) ചെയ്യുന്നവർക്കും, ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന(പ്രാർത്ഥിക്കുന്ന) വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങളിരുവരും ശുദ്ധമാക്കി വെക്കുക എന്നായിരുന്നു' (ബഖറ: 125)

**ഇഅ്തികാഫിന്റെ വിധി:**

റമളാനിൽ ഇഅ്തികാഫ് ഇരിക്കുകയെന്നത് സുന്നത്താണ്. റമളാൻ അവസാനത്തിൽ റസൂൽ (ﷺ) ഇത് പതിവാക്കി. കൂടെ അവിടുത്തെ ഭാര്യ മാരും. പ്രവാചകന്റെ വഫാത്തിന് ശേഷവും അ വിടുത്തെ ഭാര്യമാർ ഇഅ്തികാഫിരുന്നു. റമദാനി ലെ ഇഅ്തികാഫ് നിർബ്ബന്ധ കർമ്മമല്ല, ഐഛിക മാണ്. എന്നാൽ ഇഅ്തികാഫിന് നേർച്ച നേർന്നാ ൽ അത് നിർബ്ബന്ധമായിത്തീരുന്നതാണ്. റസൂൽ (ﷺ) അരുളി:

(مَنْ نَذَرَ أَنْ يُطِيعَ اللَّهَ فَلْيُطِعْهُ) (رواه البخاري)

'അല്ലാഹുവിനെ അനുസരിക്കുവാനാണ് ആരെങ്കി ലും നേർച്ച നേർന്നതെങ്കിൽ അവൻ അല്ലാഹുവെ അനുസരിക്കട്ടെ' (ബുഖാരി)

**ഇഅ്തികാഫിന്റെ നിബന്ധനകൾ:**

1- നിയ്യത്ത് (ഉദ്ദേശം)

2- മുസ്ലിമായിരിക്കുക

3- ബുദ്ധിയുണ്ടായിരിക്കുക

4– വകതിരിവ്.

5– കുളി നിർബ്ബന്ധമാവുന്ന അശുദ്ധിയില്ലാതിരിക്കുക.

( وَلاَ جُنُبًا إِلاَّ عَابِرِي سَبِيلٍ حَتَّى تَغْتَسِلُوا) (النساء :٤٣)

'ജനാബത്തുകാരായിരിക്കുമ്പോൾ നിങ്ങൾ കുളിക്കുന്നത് വരെയും (നമസ്കാരത്തെ സമീപിക്കരുത്) നിങ്ങൾ വഴി കടന്ന് പോകുന്നവരായിക്കൊണ്ടല്ലാതെ' (നിസാഅ്:43)

6– പള്ളിയിലായിരിക്കുക.

(وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ) (البقرة : ١٨٧)

'നിങ്ങൾ പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുമ്പോൾ' (അൽബഖറ:187)

**ഇഅ്തികാഫിന്റെ സുന്നത്തുകൾ:**

പ്രവാചകൻ(ﷺ) പഠിപ്പിച്ച പുണ്യകർമ്മങ്ങളിൽ വ്യാപൃതനാവുക, അത്യാവശ്യമില്ലാത്ത വാക്കുകളും പ്രവൃത്തികളും വെടിയുക.

## ഇഅ്തികാഫിൽ അനുവദനീയമായവ:

അത്യാവശ്യങ്ങൾക്ക് പുറത്ത് പോവാം. ശുദ്ധീകരിക്കുവാൻ, കൊണ്ടുവരാൻ ആളില്ലാത്ത അവസ്ഥയിൽ ഭക്ഷണം കഴിക്കാൻ, മലമൂത്ര വിസർജനത്തിന്, രോഗിയെ സന്ദർശിക്കുമെന്ന് നിബന്ധന വെച്ചിട്ടുണ്ടെങ്കിൽ രോഗസന്ദർശനത്തിന്, ജുമുഅ നമസ്കാരത്തിന് തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്ക് പുറത്തു പോകാവുന്നതാണ്. ഭാര്യക്ക് ഭർത്താവിനെ സന്ദർശിക്കുകയും, സംസാരിക്കുകയും ചെയ്യാം. അധികരിക്കാത്തവിധം സന്ദർശകനോടും സംസാരിക്കാവുന്നതാണ്.

## ഇഅ്തികാഫ് അസാധുവാകുന്ന കാര്യങ്ങൾ:

1– ഭാര്യയുമായി സംസർഗത്തിലേർപ്പെടുക.

2– തന്റെ പ്രവർത്തനം മുഖേന സ്ഖലനം സംഭവിക്കുക.

3– അത്യാവശ്യമില്ലാതെ പള്ളിയിൽ നിന്നും പുറത്ത് പോകുക.

**അവസാനപ്പത്തിലല്ലാതെ ഇഅ്തികാഫ് ഇരിക്കുന്നതിന്റെ വിധി:**

മുസ്ലിം തന്റെ മതനിയമങ്ങൾ സ്വീകരിക്കേണ്ടത് പ്രവാചകതിരുമേനി(ﷺ)യിൽ നിന്നാണ്. റസൂലുല്ലാഹ്(ﷺ) റമളാനിലല്ലാതെ ഇഅ്തികാഫ് ഇരുന്നിട്ടില്ല, ‘ഖളാഅ്’ വീട്ടാനല്ലാതെ. അത് പോലെ തന്നെ പ്രവാചകാനുയായികളും ‘ഖളാഅ്’ വീട്ടുവാനല്ലാതെ റമളാനിലല്ലാതെ ഇഅ്തികാഫ് ഇരുന്നിട്ടില്ല. എന്നാൽ ഉമറുബ്നുൽ ഖത്താബ് പ്രവാചക(ﷺ) നോട് ഫത്‌വ ചോദിച്ചപ്പോൾ ഇപ്രകാരം പറഞ്ഞതായി നമുക്ക് ബുഖാരിയിൽ കാണാവുന്നതാണ്.

(عَنِ ابْنِ عُمَرَ رَضِي اللَّه عَنْهمَا أَنَّ عُمَرَ سَأَلَ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: كُنْتُ نَذَرْتُ فِي الْجَاهِلِيَّةِ أَنْ أَعْتَكِفَ لَيْلَـةً فِي الْمَسْجِدِ الْحَرَامِ قَالَ فَأَوْفِ بِنَذْرِكَ ) (بخاري)

ഇബ്നു ഉമർ(ﷺ) പറയുന്നു: ഉമർ(ﷺ) പ്രവാചക (ﷺ)നോട് ചോദിച്ചു: 'ഞാൻ ഒരു രാത്രി മസ്ജിദു ൽ ഹറാമിൽ ഇഅ്തികാഫ് ഇരിക്കുവാൻ ജാഹി ലിയ്യാ കാലത്തിൽ നേർച്ച നേർന്നിട്ടുണ്ടെന്ന് പറ ഞ്ഞപ്പോൾ അദ്ധേഹത്തോട് പറഞ്ഞു: നീ നിന്റെ നേർച്ച വീട്ടുക' (ബുഖാരി)

എന്നാൽ ഇത് മുസ്ലിം ഉമ്മത്തിന് മൊത്തത്തിൽ ഒരു നിയമമാക്കിയിട്ടില്ല. റമളാനിലെ അവസാന പ്പത്തിലല്ലാതെ ഇഅ്തികാഫ് അനുവദനീയമായി രുന്നെങ്കിൽ നബി(ﷺ) അത് ജനങ്ങൾക്ക് അറി യിച്ച് കൊടുക്കുമായിരുന്നു.

സ്ത്രീകൾക്കും പള്ളിയിൽ ഇഅ്തികാഫ് ഇ രിക്കാവുന്നതാണ്. പ്രവാചക പത്നിമാർ പ്രവാച കനോടൊപ്പവും, നബി(ﷺ)യുടെ മരണശേഷവും ഇഅ്തികാഫ് ഇരുന്നതായി നാം നേരത്തെ മനസി ലാക്കി. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنْ عَائِشَةَ رَضِي اللَّه عَنْهَا زَوْجِ النَّبِيِّ صَلَّى اللَّه عَلَيْـهِ وَسَـلَّمَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَعْتَكِفُ الْعَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ اللَّهُ ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِهِ ) (بخاري ومسلم)

പ്രവാചകപത്നി ആയിശാ(﵂) യിൽ നിന്ന്: നബി (ﷺ)മരണം വരെ റമളാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരുന്നിരുന്നു. അതിന് ശേഷം അദ്ദേഹത്തിന്റെ ഭാര്യമാരും ഇഅ്തികാഫ് ഇരുന്നു' (ബുഖാരി, മുസ്ലിം).

**രത്ന ചുരുക്കം:** റമളാനിലെ അവസാനപ്പത്തിലല്ലാതെ ഇഅ്തി കാഫ് സുന്നത്തില്ല. അത്പോലെ ജനങ്ങളോട് ഇഅ്തികാഫ് ഇരിക്കുവാൻ ആവശ്യപ്പെടുവാനും പാടില്ല. എന്നാൽ ഒരാൾ ഉമർ(﵁)ന്റെ ഹദീസ് പരിഗണിച്ച് കൊണ്ട് ഇഅ്തികാഫിരിക്കുവാൻ സുന്നത്താക്കിയാൽ അവനെ വിരോധിക്കേണ്ടതുമില്ല. പക്ഷെ, പ്രവാചകൻ(ﷺ) ചെയ്തത് പോലെ ചെയ്യുക എന്നതാണ്

ഏറ്റവും നല്ലത് എന്ന് അവനെ ഉപദേശിക്കേണ്ടതുണ്ട്.

## ഫിത്വ്ർ സകാത്ത്

ഇസ്ലാമിക പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്ന മുസ്ലീംകൾക്ക് അല്ലാഹു രണ്ട് ആഘോഷങ്ങളാണ് നൽകിയിട്ടുള്ളത്. അത് വിശുദ്ധ ഖുർആൻ ഇറങ്ങിയ മാസമായ റമളാൻ മാസത്തിലെ നിർബ്ബന്ധ വ്രതത്തിന് ശേഷം വരുന്ന ശവ്വാൽ ഒന്നിനുള്ള 'ഈദുൽ ഫിത്വ്റും', ദുൽഹിജ്ജ: പത്തിനുള്ള 'ഈദുൽ അദ്ഹ' യുമാണ്. അതല്ലാത്ത ഒരു ആഘോഷവും ഇസ്ലാമിലില്ല. ഈദുൽ ഫിത്വ്റിന് മുമ്പ് മുസ്ലീംകൾ നിർബ്ബന്ധമായും കൊടുത്തു വീട്ടേണ്ട സകാത്തുൽ ഫിത്വ്റിനെ സംബന്ധിച്ചാണ് ഇവിടെ അൽപം വിശദീകരിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

റമളാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുവാൻ അവസരം ലഭിച്ചതിലുള്ള സന്തോഷത്താലും, അ

തിന് അല്ലാഹുവിന് നന്ദി ചെയ്യുക എന്ന ഉദ്ദേശ ത്താലും, അതിൽ വന്ന്പോയിട്ടുള്ള വീഴ്ചകൾ ക്ക് പരിഹാരമെന്ന നിലക്കും, അല്ലാഹുവിന്റെ തൃപ്തി മാത്രം പ്രതീക്ഷിച്ച് കൊണ്ടും നിർവഹി ക്കേണ്ട ഒരു ആരാധനയാണ് ഫിത്വ്ർ സകാത്ത് നൽകൽ. പെരുന്നാൾ ദിനം മുസ്ലീംകളിൽ പെട്ട ഒരാളും പട്ടിണി കിടക്കാതിരിക്കുവാനും, അന്യരു ടെ മുന്നിൽ പോയി കൈനീട്ടുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാനുമാണ് അല്ലാഹു മുസ്ലീം കൾക്ക് സകാത്തുൽ ഫിത്വ്ർ നിർബ്ബന്ധമാക്കിയി ട്ടുള്ളത്. ഹിജ്റ രണ്ടാം വർഷം റമളാനിലാണ് അല്ലാഹു ഇത് നിർബ്ബന്ധമാക്കിയത്. വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും അടി സ്ഥാനത്തിൽ അത് നിർബ്ബന്ധമാണെന്ന് നമുക്ക് കാണുവാൻ സാധിക്കും.

(قَدْ أَفْلَحَ مَنْ تَزَكَّى) (سورة الأعلى:١٤)

'തീർച്ചയായും പരിശുദ്ധി നേടിയവർ വിജയം പ്രാപിച്ചിരിക്കുന്നു' (അഅ്ലാ:14) എന്ന ഖുർആനി ക വചനത്തെ വിശദീകരിച്ച് കൊണ്ട് അബൂ സ ഈദുൽ ഖുദ്രി(ﷺ)യും, ഇബ്നുൽ ഉമറും(ﷺ)

പറയുന്നത് ഇപ്രകാരമാണ്. ‘ഈ ആയത്ത് വിശദീകരിക്കുന്നത് സകാത്തുൽ ഫിത്‌റിനെ സംബന്ധിച്ചാകുന്നു.’ ഇത് ഇമാം ഖുർത്വുബി തന്റെ തഫ്സീറിൽ എടുത്ത് ഉദ്ദരിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം ബുഖാരിയും, ഇമാം മുസ്ലിമും റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം:

( أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَرَضَ زَكَاةَ الْفِطْرِ )

‘പ്രവാചകൻ(ﷺ) സകാത്തുൽ ഫിത്‌ർ നിർബ്ബന്ധമാക്കിയിരിക്കുന്നു.’ (ബുഖാരി, മുസ്ലിം)

**ആർക്കാണ് നിർബ്ബന്ധം?:**

സ്ത്രീകളും, പുരുഷന്മാരും, ചെറിയവരും, വലിയവരും, സ്വതന്ത്രനും, അടിമയുമടങ്ങുന്ന എല്ലാ മുസ്ലീംകൾക്കും സകാത്തുൽ ഫിത്‌ർ നൽകൽ നിർബ്ബന്ധമാണ്. പെരുന്നാൾ ദിവസം തനിക്കും താൻ ചിലവിന് കൊടുക്കുന്നവർക്കുമുള്ള ഭക്ഷണത്തിനുള്ളത് കഴിച്ച് ബാക്കിയുള്ളതിൽ

നിന്ന് സകാത്തുൽ ഫിത് വ്ർ നൽകേണ്ടതാണ്. പ്രവാചകൻ(ﷺ)യുടെ ഹദീസ് ശ്രദ്ധിക്കുക:

(عَنِ ابْنِ عُمَرَ رَضِي اللَّه عَنْهمَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: فَرَضَ زَكَاةَ الْفِطْرِ صَاعًا مِنْ تَمْرٍ أَوْ صَاعًا مِنْ شَعِيرٍ عَلَى كُلِّ حُرٍّ أَوْ عَبْدٍ ذَكَرٍ أَوْ أُنْثَى مِنَ الْمُسْلِمِينَ) (متفق عليه)

'പ്രവാചകൻ(ﷺ) ധാന്യത്തിൽ നിന്നോ, ഗോതമ്പിൽ നിന്നോ ഒരു 'സ്വാഅ്' മുസ്ലിംകളിൽപെട്ട വലിയവർ, ചെറിയവർ, സ്ത്രീകൾ, പുരുഷന്മാർ, അടിമകൾ, സ്വതന്ത്രൻ എന്നിവർക്ക് സകാത്തുൽ ഫിത്വ്ർ നിർബ്ബന്ധമാക്കിയിരിക്കുന്നു' (മുത്തഫഖുൻ അലൈഹി)

ഓരോ മുസ്ലിമും തന്റെയും താൻ ചിലവിന് കൊടുക്കുന്ന ഭാര്യാസന്താനങ്ങൾ അടുത്ത ബന്ധുക്കൾ എന്നിവർക്ക് വേണ്ടിയും ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടതാണ്. പാവപ്പെട്ടവർ വീടുവിടാന്തരം കയറിയിറങ്ങി തെണ്ടി നടക്കുന്ന സാഹചര്യം ഒഴിവാക്കുവാനായി പാവപ്പെട്ടവരുടെ വീടുകളിലേക്ക് എത്തിച്ച് കൊടുക്കുകയാണ് വേണ്ട

ത്. താൻ താമസിക്കുന്ന സ്ഥലത്ത് ഫിത്വ്ർ സകാത്ത് ശേഖരിക്കുവാനും, വിതരണം ചെയ്യുവാനും സംവിധാനമുണ്ടെങ്കിൽ അതിൽ പങ്കാളികളാകാവുന്നതാണ്. ഉഥ്മാൻ(ﷺ) തന്റെ ഫിത്വ്ർ സകാത്ത് കൊടുത്തിരുന്നത് സ്വയം തന്നെ വഹിച്ച് കൊണ്ട് പോയി പാവപ്പെട്ടവർക്ക് നൽകുകയായിരുന്നു പതിവ്.

**നിർബ്ബന്ധമാവുന്ന സമയം:**

ശവ്വാൽ ഒന്ന് പ്രഖ്യാപിച്ച് കഴിഞ്ഞാൽ നേരത്തെ സൂചിപ്പിച്ചവർക്ക് സകാത്തുൽ ഫിത്വ്ർ നിർബ്ബന്ധമായി. എന്നാൽ ഏറ്റവും ശ്രേഷ്ഠമായ സമയം പെരുന്നാൾ ദിനം പെരുന്നാൾ നമസ്കാരത്തിന് മുമ്പാകുന്നു. അത്പോലെ പെരുന്നാളിന്റെ ഒരു ദിവസമോ, രണ്ട് ദിവസമോ മുമ്പും കൊടുത്ത് വീട്ടൽ അനുവദനീയമാണ്. എന്നാൽ നമസ്കാരത്തിന് ശേഷം പിന്തിപ്പിക്കൽ അനുവദനീയമല്ല. അവൻ കുറ്റക്കാരനാണുതാനും. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

(... وَأَمَرَ بِهَا أَنْ تُؤَدَّى قَبْلَ خُرُوجِ النَّاسِ إِلَى الصَّلاَةِ ) (بخاري)

‘…ജനങ്ങൾ നമസ്കാരത്തിന് പോകുന്നതിന് മുമ്പ് അത് (ഫിത്വ്ർ സകാത്ത്) കൊടുത്തു വീട്ടുവാൻ (പ്രവാചകൻ(ﷺ) ഞങ്ങളോട്) കൽപിക്കുകയും ചെയ്തിരുന്നു’ (ബുഖാരി).

പെരുന്നാൾ നമസ്കാരത്തിന് ശേഷം കൊടുത്താൽ അത് ഫിത്വ്ർ സകാത്ത് ആവുകയില്ല, മറിച്ച് അത് ഒരു സ്വദഖ: മാത്രമെ ആവുകയുള്ളൂ. പ്രവാചകൻ(ﷺ)പറയുന്നു:

(... مَنْ أَدَّاهَا قَبْلَ الصَّلاَةِ فَـهِيَ زَكَاةٌ مَقْبُولَـةٌ وَمَـنْ أَدَّاهَـا بَعْـدَ الصَّلاَةِ فَهِيَ صَدَقَةٌ مِنَ الصَّدَقَاتِ) (أبوداود)

‘…ആരെങ്കിലുമത് (സകാത്തുൽ ഫിത്വ്ർ) നമസ്കാരത്തിന് മുമ്പ് വിതരണം നടത്തിയാൽ അത് സകാത്തുൽ ഫിത്വ്ർ ആകുന്നു, ആരെങ്കിലും അത് നമസ്കാരത്തിന് ശേഷമാണ് കൊടുത്തു വീട്ടുന്നതെങ്കിൽ അത് സ്വദഖ:കളിൽ പെടുന്ന ഒരു സ്വദഖ: മാത്രമാണ്, (അത് ഫിത്വ്ർ സകാത്ത് ആവുകയില്ല)’ (അബൂദാവൂദ്).

**എന്താണ്, എത്രയാണ് കൊടുക്കേണ്ടത്?**

ഒരു ‘സ്വാഅ്’ ഗോതമ്പ്, മുന്തിരി, പാൽകട്ടി, കാരക്ക എന്നിവയോ, അതല്ലെങ്കിൽ അതാത് നാട്ടിലെ പ്രധാന ഭക്ഷ്യ വസ്തുക്കൾ എന്നിവയാണ് കൊടുക്കേണ്ടത്. അത്പോലെ മനുഷ്യൻ ഭക്ഷിക്കുന്ന ഏത് ഭക്ഷ്യ പദാർത്ഥങ്ങളും ഉപയോഗിക്കാവുന്നതാണ്. കാരണം അബൂസഈദുൽ ഖുദ്രി (ﷺ)പറയുന്നു:

(عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِي اللَّه عَنْه قَالَ: كُنَّا نُخْرِجُ فِي عَهْدِ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَوْمَ الْفِطْرِ صَاعًا مِنْ طَعَامٍ، وَقَالَ: أَبُو سَعِيدٍ وَكَانَ طَعَامَنَا الشَّعِيرُ وَالزَّبِيبُ وَالأَقِطُ وَالتَّمْرُ) (بخاري).

‘ഞങ്ങൾ പ്രവാചക(ﷺ)ന്റെ കാലത്ത് പെരുന്നാൾ ദി നത്തിൽ ഞങ്ങളുടെ ഭക്ഷണത്തിൽ നിന്ന് ഒരു ‘സ്വാഅ്’ ഫിത്വ്ർ സകാത്തായി നൽകാറുണ്ടായിരുന്നു. ഞങ്ങളുടെ ഭക്ഷണം ഗോതമ്പോ, മുന്തിരിയോ, പാൽകട്ടിയോ, കാരക്കയോ ആയിരുന്നു’ (ബുഖാരി)

ആധുനിക കാലത്തെ കിലോയും സ്വാഉം തമ്മിൽ ഭക്ഷണ പദാർത്ഥങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടേക്കാം. എന്നാൽ ഒരു മധ്യനിലവാരത്തിലുള്ള ധാന്യമാണെങ്കിൽ ഒരു സ്വാഅ് ഏകദേശം 2.40 കിലോ ഗ്രാം വരും.

**ആർക്കാണ് നൽകേണ്ടത്?:**

മുസ്ലീംകളിലെ സാധുക്കൾക്കാണ് നൽകേണ്ടത്. പ്രവാചകൻ(ﷺ) പറയുന്നു:

( عَنِ ابْنِ عَبَّاسٍ قَالَ: فَرَضَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ زَكَاةَ الْفِطْرِ طُهْرَةً لِلصَّائِمِ مِنَ اللَّغْوِ وَالرَّفَثِ وَطُعْمَةً لِلْمَسَاكِينِ ...) (أبوداود)

ഇബ്നുഅബ്ബാസ്(رضي الله عنه) റസൂലുല്ലാഹ്(ﷺ)യിൽ നിന്ന് ഉദ്ദരിക്കുന്നു: 'നോമ്പ്കാരനിൽ വന്നിരിക്കുന്ന ചെറിയ വീഴ്ചകളെയും, ചെറിയ പാപങ്ങളെയും ശുദ്ധീകരിക്കുവാനും, സാധുക്കൾക്ക് ഭക്ഷണമായും പ്രവാചകൻ(ﷺ) ഫിത്വ്ർ സകാത്ത് നിർബ്ബന്ധമാക്കുകയുണ്ടായി' (അബൂദാവൂദ്).

ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നതും, മഹാന്മാരായ പണ്ഡിതന്മാർ മനസിലാക്കിയതും ഫിത്വ്ർ സകാത്ത് സാധുക്കൾക്കും, ദരിദ്രർക്കുമാണ് നൽകേണ്ടത് എന്നാണ്. ആവശ്യമാണെങ്കിൽ ഒരു സാധുവിന് തന്നെ ഒരു വീട്ടിലുള്ളവരുടെ ഫിത്വ്ർ സകാത്ത് മുഴുവനും നൽകാവുന്നതാണ്.

**ധാന്യത്തിന് പകരം പണം കൊടുക്കൽ:**

സകാത്തുൽ ഫിത്വ്റായി ഭക്ഷണത്തിന് പകരം ദിർഹമുകളോ, പണമോ കൊടുക്കൽ സുന്നത്തിന് വിപരീതമാണ്. കാരണം പ്രവാചകൻ(ﷺ) യിൽ നിന്നോ, അത് പോലെ പ്രവാചകാനുചരന്മാരായ സ്വാഹാബികളിൽ നിന്നോ അങ്ങിനെ ഉദ്ധരിക്കപ്പെട്ടിട്ടില്ല. മറിച്ച് തിരുമേനി(ﷺ) ഹദീസുകളിൽ വ്യക്തമാക്കുന്നത് ഭക്ഷണം നൽകുവാനാണ്, അതിന് വേണ്ടിയാണ് അന്ന് നിലവിലുണ്ടായിരുന്ന ഭക്ഷണങ്ങളുടെ പേരുകൾ പ്രവാചകൻ എണ്ണി പറയുവാൻ കാരണം. അത്കൊണ്ട് തന്നെ അതിന്റെ വില നൽകിയാൽ ഫിത്വ്ർ സകാത്ത് ശരിയാവില്ല എന്നർത്ഥം. എന്നാൽ ഏതെങ്കിലും മഹല്ലുകളോ,

ഇസ്ലാമിക സംഘങ്ങളോ ആളുകളിൽ നിന്ന് ഫിത്ര്‍ സകാത്തിന്റെ പണം സ്വരൂപിക്കുകയും എന്നിട്ട് അതിന് ഭക്ഷണ സാധനങ്ങൾ വാങ്ങി അവർ എവിടെയാണോ താമസിക്കുന്നത് അവിടെയുള്ള അർഹതപ്പെട്ടവർക്ക് അതിന്റെ സമയത്ത് തന്നെ വിതരണം ചെയ്യുകയുമാണെങ്കിൽ അതിൽ പങ്കാളികളാകാവുന്നതാണ്. അതു സംബന്ധമായി പണ്ഡിതൻമാർ നൽകിയ ഫത്വകൾ ഗ്രന്ഥങ്ങളിൽ നമുക്ക് കാണാവുന്നതുമാണ്.

**സകാത്തുൽ ഫിത്ര്‍ അയൽ രാജ്യങ്ങളിലേക്ക് അയച്ച് കൊടുക്കൽ:**

ഒരാൾക്ക് സകാത്തുൽ ഫിത്ര്‍ നിർബ്ബന്ധമാവുന്ന സമയം ശവ്വാൽ ഒന്ന് പ്രഖ്യാപിച്ചത് മുതലാണ്. അവൻ എവിടെയാണോ താമസിക്കുന്നത് അവിടെയാണ് ഫിത്ര്‍ സകാത്ത് നൽകേണ്ടത്. ഇതാണ് ഈ വിഷയത്തിലുള്ള അടിസ്ഥാന നിയമം. എന്നാൽ ഫിത്ര്‍ സകാത്ത് ദാതാക്കളിൽ നിന്ന് പണം സ്വീകരിച്ച് ഒരു രാജ്യത്തിൽ നിന്ന് മറ്റു രാജ്യങ്ങളിലേക്ക് അയക്കുകയാണെങ്കിൽ അത് നിശ്ചിത സമയത്ത് കൊടുക്കുവാനോ വിതരണം ചെ

യ്യുവാനോ സാധിക്കുകയില്ല. അതുപോലെ പ്രവാചകൻ(ﷺ) പറഞ്ഞ രൂപത്തിൽ ആ നാട്ടിലെ ഭക്ഷണം നൽകാതെ അതിന്റെ വില നൽകുകയും ചെയ്തേക്കാം ഇതെല്ലാം തന്നെ പ്രവാചക സുന്നത്തിന് വിരുദ്ധമാണ്, ഒരു പക്ഷേ ആ ഫിത്വ്ർ സകാത്ത് ശരിയാകാതിരിക്കുകയും ചെയ്തേക്കാം.

മാത്രവുമല്ല, പ്രവാചകൻ(ﷺ)യിൽ നിന്നോ, ഖുലഫാഉർറാശിദുകളിൽ നിന്നോ പ്രവാചകാനുചരന്മാരിൽപെട്ട ഏതെങ്കിലുമൊരു സ്വഹാബിയിൽ നിന്നോ ഇങ്ങനെ ചെയ്തതായി ഉദ്ദരിക്കപ്പെട്ടിട്ടില്ല. അത്കൊണ്ട് തന്നെ ഇസ്ലാമിന്റെ ഉത്തമ നൂറ്റാണ്ടുകാർ ചെയ്യാത്ത ഒരു കാര്യം നാമും ചെയ്യാതിരിക്കുക. എവിടെയാണോ താമസിക്കുന്നത് അവിടെയാണ് ഓരോ മുസ്ലീംകളും അവരുടെ സകാത്തുൽ ഫിത്വ്ർ നൽകേണ്ടത് എന്നർത്ഥം. വിശുദ്ധ ഖുർആനും തിരുസുന്നത്തും അനുസരിച്ച് ജീവിക്കുന്ന യഥാർത്ഥ സത്യവിശ്വാസികളിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തു മാറാവട്ടെ. ആമീൻ.

അല്ലാഹുവാണ് ഏറ്റവും കൂടുതൽ അറിയുന്നവൻ.

[redacted]

വിശുദ്ധഖുർആനും തിരുസുന്നത്തും മുസ്ലിംക ളോടു കൽപിക്കുന്ന, വിശ്വാസികൾ നിർബ്ബന്ധ മായും അറിഞ്ഞിരിക്കേണ്ട ചില വിഷയങ്ങ ളിലേക്ക് കൂടി സൂചനകൾ നൽകുകയാണ്.

**‘ലാ ഇലാഹ ഇല്ലല്ലാഹ്’ ആശയവും ശ്രേഷ്ഠതയും,**

**ശിർക്ക് അനന്തമായ അപകടം,**

**ജമാഅത്ത് നമസ്കാരം,**

**വിശുദ്ധ ഖുർആൻ പാരായണവും പഠനവും,**

**സ്വദഖയുടെ മഹത്വം,**

**ഉംറയുടെ രൂപം**

തുടങ്ങിയ വിഷയങ്ങളിൽ സൗദി അറേബ്യയിലെ ജുബൈൽ ദഅ്‌വാ സെന്റർ പുറത്തിറക്കിയിട്ടുള്ള ചെറിയ ലേഖനങ്ങൾ കൂടി മാന്യ വായനക്കാർക്ക് ഉപകാരപ്പെടുമാറാവട്ടെയെന്ന സദുദ്ദേശത്തോടെ ഈ രചനയിൽ ഉൾപ്പെടുത്തുകയാണ്..

# ‘ലാ ഇലാഹ ഇല്ലല്ലാഹ് ’

# ആശയവും, ശ്രേഷ്ഠതയും.

പ്രപഞ്ചനാഥൻ നിയോഗിച്ചയച്ച മുഴുവൻ പ്രവാചകന്മാരും പറയുകയും, പ്രബോധനം നടത്തുകയുംചെയ്ത വാക്യമാണ് لا اله الا الله എന്ന സാക്ഷ്യവചനം. ‘അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നാണ്’ അതിന്റെ അർത്ഥം. അതായത് ഈ കാണുന്ന പ്രപഞ്ചവും, അതിനപ്പുറത്തുള്ളതെല്ലാം സൃഷ്ടിച്ച പടച്ചതമ്പുരാൻ മാത്രമെ ആരാധനക്കർഹനായുള്ളൂ, അത്കൊണ്ട് ആരാധ്യനായി അവനെ മാത്രമെ ഞാൻ അംഗീകരിക്കുകയുള്ളൂ, അവന് മാത്രമെ എന്റെ ആരാധനകൾ അർപ്പിക്കുകയുള്ളൂ എന്നാണ് സാക്ഷ്യപ്പെടുത്തുന്നത്. ഈ വാക്യം വെറും നാവ് കൊണ്ട് പറഞ്ഞാൽ പോരാ, മറിച്ച് ഈ വാചകം ഉൾകൊള്ളുന്ന മുഴുവൻ ആശയ

ങ്ങളും മനസിലാക്കുകയും, അത് ഉൾകൊള്ളുകയും, അതിനനുസരിച്ച് ജീവിക്കുവാൻ തയ്യാറാവുകയും ചെയ്യുന്നവർ ഉരുവിടുമ്പോഴാണ് അല്ലാഹുവിൽ അത് സ്വീകാര്യമാവുകയുള്ളൂ. ഈ സാക്ഷ്യ വചനത്തിന്റെ ആശയം, ഈ വാക്യം ഉച്ചരിക്കുവാനുള്ള നിബന്ധന, ഈ സാക്ഷ്യവചനത്തിന്റെ ശ്രേഷ്ഠത, സാക്ഷ്യവചനം ഉച്ചരിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എന്നിവയാണ് ഈ കുറിപ്പിൽ രേഖപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

**ആശയം:**

മുസ്ലീംകൾ ജീവിതത്തിൽ പലപ്പോഴും ഉച്ചരിക്കുന്ന ഒരു വാക്യമാണ് لا اله الا الله . അതു പോലെ ചെറുപ്പത്തിൽ തൊട്ടിലിൽ വെച്ച്തന്നെ കേൾക്കുന്ന വചനവുമാണിത്. എന്നാൽ മഹാ ഭൂരിപക്ഷമാളുകൾക്കും ഈ വാക്യത്തിന്റെ ആശയമറിയില്ല. പലയാളുകളും, സംഘടനകളും വ്യത്യസ്ഥ അർത്ഥമാണ് പറയാറുള്ളത്. എന്നാൽ ഇസ്ലാമിന്റെ അടിത്തറയായ തൗഹീദ് യഥാർത്ഥ രൂപത്തിൽ മനസിലാക്കിയ സലഫുസ്വാലിഹീങ്ങളിൽ പെ

ട്ടവർ നമുക്ക് പഠിപ്പിച്ച് തരുന്നത് ഇതിന്റെ ആശ യം: لامعبود بحق سوى الله 'യഥാർത്ഥത്തിൽ ആരാ ധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റൊരു ദൈ വവുമില്ലായെന്നാണ്'. ചിലയാളുകൾ പറയാറുള്ള ത് لا اله الا الله എന്ന് പറഞ്ഞാൽ 'അല്ലാഹുവല്ലാ തെ ആരാധ്യനില്ലാ' യെന്നാണ്. ഈ അർത്ഥം ന ൽകിയാൽ അതിന്റെ ആശയം പൂർണമാവില്ല, കാരണം ലോകത്ത് ഒരുപാട് ആരാധ്യന്മാരുണ്ട്, സ്വയം ദൈവമാണെന്ന് പറയുന്നവരും, പറയാ ത്തവരുമായ ഒരുപാട് ദൈവങ്ങൾ ഇന്നും ജനിക്കു കയും, ജീവിക്കുകയും, മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. അപ്പോൾ അല്ലാഹുവല്ലാതെ ദൈവമില്ലായെന്ന് പറഞ്ഞാൽ അത് ശരിയാവില്ല. അതുപോലെ അല്ലാഹുവല്ലാതെ ഭരണാധികാരി യില്ല, അല്ലാഹുവല്ലാതെ അനുസരിക്കപ്പെടേണ്ടവ ൻ എന്നും ഈ വാക്യത്തിന് അർത്ഥം പറഞ്ഞാ ലും ശരിയാവില്ല. കാരണം ഈ വ്യാഖ്യാനങ്ങളെ ല്ലാം ഇസ്ലാമിക പ്രമാണങ്ങളിലെ തെളിവുകൾ ക്കെതിരാണെന്നർത്ഥം. അല്ലാഹുവിനെ അവൻ

വിശുദ്ധഖുർആനിലൂടെയും, പ്രവാചകൻ(ﷺ)യുടെ ഹദീസുകളിലൂടെയും വ്യക്തമാക്കിയ പോലെ മനസിലാക്കിയ ഒരു മുസ്ലിം ഈ لا اله الا الله എന്ന വചനം ഉച്ചരിക്കുമ്പോൾ മനസിലാക്കേണ്ടത് 'അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലാ'യെന്നാണ്. ഇത് തന്നെയാണിതിന്റെ സത്യസമ്പൂർണമായ ആശയം.

**രണ്ട് ഘടകങ്ങൾ:**

لا اله الا الله എന്ന സത്യസാക്ഷ്യവചനത്തിന് **നിഷേധം, സ്ഥിരീകരണം** എന്നീ മുഖ്യമായി രണ്ട് ഘടകങ്ങൾ ഉണ്ട്. لا اله എന്ന വാചകം കുറിക്കുന്നത് മുഴുവൻ വസ്തുക്കളുടെയും ആരാധ്യതയെ നിഷേധിക്കുകയാണ്. الا الله എന്ന വാചകത്തിലൂടെ ആരാധ്യത അല്ലാഹുവിന് മാത്രമാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അത്കൊണ്ട് മു

ഴുവൻ ആരാധനകളും ലഭിക്കുവാൻ അർഹതയുള്ള അല്ലാഹുവിന് മാത്രമെ അത് നൽകാവൂ. അതാണ് ഒരു മുസ്ലിം ഈ വാക്യം ഉച്ചരിക്കുന്നതിലൂടെ സ്ഥാപിക്കുന്നത്.

**നിബന്ധന:**

ഇസ്ലാമിന്റെ ഈ സാക്ഷ്യവചനം വെറുതെ നാവ്കൊണ്ട് ഉച്ചരിച്ചാൽ പോരാ, മറിച്ച് അതിനോടനുബന്ധിച്ച് ചില കാര്യങ്ങൾ അറിയുകയും മനസിലാക്കുകയും ചെയ്യേണ്ടതുണ്ട്. ആയതിനാൽ തന്നെ സലഫു സ്വാലിഹീങ്ങളിൽ പെട്ട പണ്ഡിതന്മാർ ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾ നൽകിയിട്ടുണ്ട്. അത് താഴെ കൊടുക്കുന്നു:

**ഒന്ന്: അറിവ്:** ഈ വാക്യം കുറിക്കുന്ന മുഴുവൻ ആശയങ്ങളെ സംബന്ധിച്ചും മനസിലാക്കുകയും, അറിയുകയും അത് ജീവിതത്തിൽ പകർത്തി ജീവിക്കുകയും ചെയ്യുക. അല്ലാഹുവല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്ന് മനസിലാക്കി ത

ന്റെ ആരാധനകൾ മുഴുവനും അല്ലാഹുവിന് നൽകുകയാണെങ്കിൽ അവൻ ഈ ആശയം മനസിലാക്കിയവനായിത്തീരും. അല്ലാഹു പറയുന്നു: ‘ആകയാൽ അല്ലാഹുവല്ലാതെ (ആരാധനക്കർഹനായി) യാതൊരു ദൈവവുമില്ലെന്ന് നീ മനസിലാക്കുക’ (മുഹമ്മദ്:19)

**രണ്ട്: ദൃഢത:** ഈ വാക്യം ഉൾകൊള്ളുന്ന ആശയത്തിൽ ദൃഢമായി വിശ്വസിക്കുക. ആ വിശ്വാസത്തിൽ നിന്ന് ഒരു സാഹചര്യത്തിലും പിന്നോട്ട് പോകാതിരിക്കുക. ജിന്നുകളിലും, മനുഷ്യരിലും ഉള്ള യാതൊരു പൈശാചിക ശക്തിക്കും ഒരു സംശയത്തിന്റെ കണികയിലൂടെയും കടന്നു വരാൻ പറ്റാത്ത രൂപത്തിൽ മനസിലാക്കുകയും, അതിൽ ഉറച്ച് വിശ്വസിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു: ‘അല്ലാഹുവിലും, അവന്റെ ദൂതനിലും വിശ്വസിക്കുകയും, പിന്നീട് സംശയിക്കാതിരിക്കുകയും ചെയ്തവരാരോ, അവർ മാത്രമാകുന്നു സത്യവിശ്വാസികൾ’ (ഹുജുറാത്ത്: 15)

**മൂന്ന്: സ്വീകാര്യത:** ഈ വാക്യം ഉൾകൊള്ളുന്ന മുഴുവൻ കാര്യങ്ങളും യാതൊരുവിധ വൈമനസ്യവും കൂടാതെ സർവ്വാത്മനാ അംഗീകരിക്കണം. ഖുർആനിക നിയമങ്ങളും, പ്രവാചകചര്യയും ഒന്നൊഴിയാതെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു: 'തന്റെ രക്ഷിതാവിങ്കൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ(ﷺ) വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും, അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു. ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം, (അൽബഖറ: 285). ഇസ്ലാമിലെ ഒരു നിയമത്തെയും നാം നിഷേധിക്കുവാനോ, അംഗീകരിക്കാതിരിക്കുവാനോ, പരിഹസിക്കുവാനോ പാടില്ല. അങ്ങനെ

ചെയ്യുകയാണെങ്കിൽ അത് ഈ വാക്യത്തെ നിരാകരിക്കലാകും.

**നാല്: കീഴ്പെടൽ:** ഈ വാക്യം സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും കീഴ്പ്പെട്ടിരിക്കണം. സ്വീകാര്യത വാക്കുകളിലൂടെ ആണെങ്കിൽ കീഴ്പ്പെടൽ പ്രവർത്തനത്തിലൂടെ ആയിരിക്കും. ഈ വാക്യത്തിന്റെ ആശയം പൂർണ്ണമായി മനസിലാക്കി, അതു സ്വീകരിച്ചയാൾ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലായെങ്കിൽ അതവന്ന് യാതൊരു ഫലവും ചെയ്യില്ല. അല്ലാഹു പറയുന്നു: ‘നിങ്ങൾ നിങ്ങളുടെ രക്ഷിതാവിലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്ന് കീഴ്പ്പെടുകയും ചെയ്യുവീൻ’ (സുമർ:54)

**അഞ്ച്: സത്യസന്ധത:** ഈ വാക്യത്തിലുള്ള തന്റെ വിശ്വാസത്തിൽ സത്യവാനായിരിക്കണം. അല്ലാഹു പറയുന്നു: ‘സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക’ (തൗബ:119). നാവ്കൊണ്ട് ഉച്ചരിക്കുകയും മനസ്

കൊണ്ട് തിരസ്കരിക്കുകയും ചെയ്താൽ അവൻ സത്യവിശ്വാസിയല്ല, കപട വിശ്വാസിയായിരിക്കും.

**ആറ്: നിഷ്കളങ്കത:** ബഹുദൈവവിശ്വാസത്തിന്റെ ചാഞ്ചല്യങ്ങൾ പോലുമേശാത്ത, സദ്‌വിചാരത്തോടെയുള്ള പ്രവർത്തന പരിശുദ്ധിയാണ് ഇതു കൊണ്ടുള്ള വിവക്ഷ. ഈ വാക്യം പറയുന്നവന്റെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയായിരിക്കണം, അതിൽ ലോകമാന്യത്തിന്റെയോ, പ്രശസ്തിയുടേയോ, രഹസ്യപരസ്യമോ ആയ വികാരങ്ങൾക്കോ, ഏതെങ്കിലും വ്യക്തിയോടോ, ആദർശത്തോടോ ദൈവീകമല്ലാത്ത തത്വസംഹിതയോടോ ഉള്ള അനുരാഗാത്മക ഭ്രമത്തിനോ സ്ഥാനമുണ്ടാവാൻ പാടില്ല. അല്ലാഹു പറയുന്നു: ‘കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട്, ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാൻ അല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല.’ (ബയ്യിന: 5)

**ഏഴ്: സ്നേഹം:** ഈ വാക്യത്തെയും, അതുൾ കൊള്ളുന്ന ആശയത്തേയും സ്നേഹിക്കണം.

അല്ലാഹുവിനെയും, അവന്റെ പ്രവാചകനെയും മറ്റെല്ലാത്തിനുമുപരിയായി സ്നേഹിക്കണം. അല്ലാഹു ഇഷ്ടപ്പെടുന്നതിനെ ഇഷ്ടപ്പെടുകയും, അല്ലാഹു വെറുക്കുന്ന കാര്യങ്ങളെ വെറുക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു: ‘സത്യവിശ്വാസികളേ, നിങ്ങൾ ആരെങ്കിലും തന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ സത്യ വിശ്വാസികളോട് വിനയം കാണിക്കുന്ന വരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്ന വരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടും. ഒരാക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല’ (മാഇദ:54) ഈ ഏഴ് കാര്യങ്ങളും ശരിക്കും മനസിലാക്കി സാക്ഷ്യവചനം ചൊല്ലുന്നവർക്കാണ് അതിന്റെ യഥാർത്ഥ ആശയത്തിലൂടെ ജീവിക്കുവാൻ സാധിക്കുകയുള്ളൂ. (അവലംബം)

**ശ്രേഷ്ഠത:**

മനുഷ്യൻ യഥാർത്ഥത്തിൽ മുസ്ലിമായിത്തീരുന്നത് ഈ പരിശുദ്ധവാക്യം അതിന്റെ യഥാർത്ഥ രൂപത്തിൽ പറയുന്നതിലൂടെ മാത്രമാണ്. ഗത്യസന്ധമായി ആരാണോ അത് ഉച്ചരിക്കുന്നത് അവന് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്. ഈ വാക്കിന് ഒരുപാട് ശ്രേഷ്ഠതകളും, പ്രത്യേകതകളും ഉണ്ട്. അല്ലാഹു മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചത് ഈ വാക്യത്തിന്റെ ആശയം അംഗീകരിക്കുവാനും, നടപ്പിലാക്കുവാനാണ്. അല്ലാഹു പറയുന്നു:

(وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلاَّ لِيَعْبُدُونِ) (الذاريات:٥٦)

'ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല' (ജിന്ന്:56).

അല്ലാഹു സ്വയം തന്നെ സാക്ഷ്യം വഹിച്ചതും, മലക്കുകളും, അറിവുള്ളവരും, നീതി നടപ്പാക്കുന്നവരും സാക്ഷ്യം വഹിച്ച കാര്യവും ഇത് തന്നെയാണ്. അല്ലാഹു പറയുന്നു:

(شَهِدَ اللّهُ أَنَّهُ لاَ إِلَـهَ إِلاَّ هُوَ وَالْمَلاَئِكَةُ وَأُوْلُواْ الْعِلْمِ قَآئِمَاً

بِالْقِسْطِ لاَ إِلَـهَ إِلاَّ هُوَ الْعَزِيزُ الْحَكِيمُ ) (آل عمران:١٨)

‘താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ.’ (ആലുഇംറാൻ:18)

ആരുടെയെങ്കിലും അവസാന വാക്ക് ഇതാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنْ مُعَاذِ ابْنِ جَبَلٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: مَـنْ كَانَ آخِـرُ كَلاَمِـهِ لاَ إِلَـــهَ إِلاَّ اللَّهُ دَخَـلَ الْجَنَّـةَ ) (أبـوداود والحاكم وصححه)

മുആദ്ബ്ന ജബൽ(ﷺ)വിൽ നിന്ന്: പ്രവാചകൻ (ﷺ)പറയുകയുണ്ടായി: ‘‘ആരുടെയെങ്കിലും അവസാന വാക്ക് ‘അല്ലാഹു വല്ലാതെ യഥാർത്ഥത്തി

ൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നാ' ണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്'' (അബൂദാവൂദ്, ഹാകിം സ്വഹീഹാക്കിയ ഹദീസ്).

(عن جَابِرُ بْنُ عَبْدِ اللَّهِ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ لَقِيَ اللَّهَ لاَ يُشْرِكُ بِهِ شَيْئًا دَخَلَ الْجَنَّةَ وَمَنْ لَقِيَهُ يُشْرِكُ بِهِ دَخَلَ النَّارَ ) (مسلم)

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുന്നത് അവനിൽ ആരെയും പങ്ക്ചേർക്കാത്ത രൂപത്തിലാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്, അവനിൽ ആരെയെങ്കിലും പങ്ക് ചേർത്തുകൊണ്ടാണ് അവനെ കണ്ടുമുട്ടുന്നതെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്' (മുസ്ലിം)

അല്ലാഹു ഈ ലോകത്തേക്ക് പറഞ്ഞയച്ചിട്ടുള്ള മുഴുവൻ പ്രവാചകന്മാരും സ്വസമൂഹങ്ങളോട് ആദ്യമായും പ്രഥമമായും പറഞ്ഞത് ഈ

വചനവും, അതുൾകൊള്ളുന്ന ആശയവുമായിരുന്നു. അല്ലാഹു പറയുന്നു:

(وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلاَّ نُوحِي إِلَيْهِ أَنَّـهُ لاَ إِلَـهَ إِلاَّ أَنَا فَاعْبُدُونِ) (الأنبياء:٢٥)

'ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല' (അമ്പിയാഅ്:25).

(وَلَقَـدْ بَعَثْنَـا فِي كُلِّ أُمَّـةٍ رَسُـولاً أَنْ اُعْبُـدُوا اللَّهَ وَاجْتَنِبُـوا الطَّاغُوتَ) (النحل :٣٦)

'തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)' (നഹ്ൽ:36)

( عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَـدِّهِ أَنَّ النَّـبِيَّ صَـلَّى اللَّه عَلَيْهِ وَسَلَّمَ قَالَ خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ وَخَيْرُ مَـا قُلْـتُ أَنَـا وَالنَّبِيُّونَ مِنْ قَبْلِي لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ) (الترمذي وموطأ)

അംറുബ്ന ശുഐബ്(ﷺ)തന്റെ പിതാവിൽ നിന്നും, പിതാവ് തന്റെ പിതാവി(ﷺ)ൽ നിന്നും ഉദ്ധരിക്കുന്നു, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ‘‘ഏറ്റവും ഉത്തമമായ പ്രാർത്ഥന അറഫാ ദിനത്തിലുള്ള പ്രാർത്ഥനയാണ്, ഞാനും എനിക്ക് മുമ്പ് വന്നിട്ടുള്ള മുഴുവൻ പ്രവാചകന്മാരും പറഞ്ഞിട്ടുള്ളതിൽ ഏറ്റവും ഉത്തമമായത്: ‘അല്ലാഹു വല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും, അവൻ ഒരുവനാണ്, അവന് യാതൊരു പങ്കുകാരനുമില്ല, അവനാണ് രാജാധിപത്യം, അവനാണ് സ്തുതികളഖിലവും, അവൻ എല്ലാത്തിനും കഴിവുള്ള വനാകുന്നു’ എന്ന വാക്യമാണ് ’’

ഈ സാക്ഷ്യവചനത്തിന് ഇനിയും ഒരുപാട് പ്രത്യേകതകളും, ശ്രേഷ്ഠതയും ഖുർആനിലും, തിരുസുന്നത്തിലും നമുക്ക് കാണുവാൻ സാധിക്കും. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ വാക്യത്തെയും, അതിന്റെ ആശയത്തെയും ശരിക്കും മനസിലാക്കുകയും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുവാൻ പരിശ്രമിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുകയെന്നതാണ് കരണീയമായിട്ടുള്ളത്. അതിന്റെ യഥാർത്ഥ ആശയം മനസിലാക്കുകയും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തവന് മാത്രമെ മരണവേളയിൽ ഈ വാക്യം ഉച്ചരിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാഹു നമ്മെയെല്ലാവരെയും കലിമത്തു തൗഹീദ് ഉച്ചരിച്ച് മരിക്കുന്ന യഥാർത്ഥ സത്യവിശ്വാസികളിൽ ഉൾപ്പെടുത്തുമാറാവട്ടെ. ആമീൻ.

## ശിർക്ക് അനന്തമായ അപകടം

മനുഷ്യ സൃഷ്ടിപ്പിന്റെ ആത്യന്തികമായ ലക്ഷ്യം സൃഷ്ടാവിനെ മാത്രം ആരാധിക്കലാകുന്നു.

ഐഹികമായ ജീവിതവും, അതിലെ അനുഗ്രഹ ങ്ങളും അതിന് വേണ്ടിയാണ് അല്ലാഹു ഒരുക്കി വെച്ചിട്ടുള്ളത്. മനുഷ്യരിൽ നിന്ന് അല്ലാഹു ആവ ശ്യപ്പെടുന്നത് ആരാധനകൾ അവന് മാത്രം അർ പ്പിക്കുകയെന്നത് മാത്രമാണ്. ആരാധനയുടെ വരു തിയിൽ വരുന്ന മുഴുവൻ കാര്യങ്ങളും അല്ലാഹു വിന് മാത്രം അവകാശപ്പെട്ടതാണ്, അത് മറ്റുവല്ല വർക്കും നൽകുകയെന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ലായെന്ന് പറഞ്ഞ ഏറ്റവും വലിയ പാപമായ ശിർക്കാണ്. ആരാധനകൾ മലക്കുകൾ ക്കോ, പ്രവാചകൻമാർക്കോ, ഔലിയാക്കൾക്കോ, സ്വാലിഹീങ്ങൾക്കോ, പുണ്യാത്മാക്കൾക്കോ, മര ങ്ങൾക്കോ, കല്ലുകൾക്കോ, ഖബറുകൾക്കോ, ഖബറാളികൾക്കോ, ജിന്നുകൾക്കോ, പിശാചുക്ക ൾക്കോ മുതലായ അല്ലാഹു വല്ലാത്തവർക്ക് സമ ർപ്പിക്കുന്നതാണ് ശിർക്ക്. ആരാധനകൾ മുഴുവ നും അല്ലാഹുവിന് അർപ്പിക്കണം, അത് സൃഷ്ടിക ൾക്ക് ഒരു കാരണവശാലും അർപ്പിക്കുവാൻ പാടി ല്ല, ഇത് പഠിപ്പിക്കുവാനാണ് അല്ലാഹു കാലാകാല ങ്ങളിൽ വ്യത്യസ്ഥ ദേശങ്ങളിലേക്ക് പ്രവാചകൻ മാരെ പറഞ്ഞയച്ചിട്ടുള്ളത്. അവർ സ്വസമൂഹങ്ങ

ളെ പ്രഥമവും, പ്രധാനവുമായി പഠിപ്പിച്ചത് ആരാധനകൾ സൃഷ്ടികർത്താവിന് മാത്രം, അത് സൃഷ്ടികൾക്ക് നൽകുവാൻ പാടില്ല എന്ന കാര്യമാണ്. അവസാന പ്രവാചകനും ജനങ്ങളെ പഠിപ്പിച്ചത് ഇതുതന്നെ. വിശുദ്ധഖുർആനിന്റെ ആകെത്തുകയും ഇത് തന്നെ. അല്ലാഹുവിനെ മാത്രം ആരാധിക്കണം, സൃഷ്ടികൾക്ക് ആരാധനകൾ നൽകുവാൻ പാടില്ലായെന്ന് ഒട്ടനവധി കാരണങ്ങൾ നിരത്തി ഖുർആൻ വിശദമാക്കുന്നത് നാം ശ്രദ്ധിക്കുക. ശിർക്ക് കൊണ്ട് മനുഷ്യർക്ക് ഐഹിക ലോകത്തും, പാരത്രിക ലോകത്തും ഉണ്ടാകുന്ന അനന്തമായ അപകടങ്ങൾ ഏതെല്ലാമാണെന്ന് സത്യവിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്, എങ്കിൽ അതിൽ നിന്ന് രക്ഷപ്പെടുവാനായി അവർ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നതാണ്.

**പ്രാർത്ഥന ആരാധന തന്നെ:**

പ്രാർത്ഥന ആരാധനയാണ്, ചെയ്യുന്ന കർമ്മങ്ങളെ ആരാധനയായി മാറ്റി തീർക്കുന്നത് അതി

ലടങ്ങിയിട്ടുള്ള പ്രാർത്ഥനയാകുന്നു. പ്രവാചകൻ (ﷺ) പറയുന്നത് നാം കാണുക:

( عَنِ النُّعْمَانِ بْنِ بَشِيرٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الدُّعَاءُ هُوَ الْعِبَادَةُ ثُمَّ قَرَأَ ( وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ (غافر:٦٠) ) (الترمذي )

നുഅ്മാനുബ്നു ബഷീറി(رضي الله عنه)ൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: 'പ്രാർത്ഥന, അതു തന്നെയാണ് ആരാധന'. ശേഷം താഴെ വരുന്ന ആയത്ത് പാരായണം ചെയ്യുകയുണ്ടായി: 'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച' (ഗ്വാഫിർ: 60). (തിർമിദി)

**1– അല്ലാഹുവിനോട് പ്രാർത്ഥിക്കുക:**

ഖുർആൻ പ്രസ്താവിക്കുന്നത് അല്ലാഹുവിനോട് നിങ്ങൾ പ്രാർത്ഥിക്കണം, അവനോട് മാത്രമെ പ്രാർത്ഥിക്കാവൂ എന്നാണ്. അല്ലാഹു പറയുന്നു :

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَـنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ) (غافر:٦٠)

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച' (ഗ്വാഫിർ: 60).

**2– പരിഗണന പ്രാർത്ഥനയിലൂടെ മാത്രം:**

മനുഷ്യരെ അല്ലാഹു പരിഗണിക്കണമെങ്കിൽ അവനോട് മാത്രം പ്രാർത്ഥിക്കണം, അവനോട് പ്രാർത്ഥിക്കുമ്പോഴാണ് അല്ലാഹു മനുഷ്യരെ പരി

ഗണിക്കുകയുള്ളൂ. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

(قُلْ مَا يَعْبَأُ بِكُمْ رَبِّي لَوْلَا دُعَاؤُكُمْ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا) (الفرقان: ٧٧ )

'(നബിയേ,) പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ് ? എന്നാൽ നിങ്ങൾ നിഷേധിച്ച് തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും' (ഫുർഖാൻ: 77).

**3- ന്യായമായ പ്രാർത്ഥന:**

ഖുർആൻ വിശദീകരിക്കുന്നത് നാം കാണുക:

(لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لَا يَسْتَجِيبُونَ لَهُمْ بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ) (الرعد: ١٤)

'അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു.' (റഅ്ദ്: 14)

### 4- ഖുർആനിലെ പ്രഥമ കൽപന:

അവസാന വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ മുഴുവൻ മനുഷ്യരെയും അഭിസംബോധന ചെയ്ത്കൊണ്ട് മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യ സാക്ഷാൽക്കാരത്തിന് ചെയ്യേണ്ട മർമ്മപ്രധാനമായ കാര്യത്തെപ്പറ്റി പറയുന്നുണ്ട്. ജനങ്ങളെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കണം, അവന് മാത്രമെ നിങ്ങൾ ആരാധനകൾ അർപ്പിക്കുവാൻ പാടുള്ളൂവെന്നാണ് വിശുദ്ധഖുർ

ആനിന്റെ മനുഷ്യ സമൂഹത്തോട് ഒന്നടങ്കമുള്ള പ്രഥമ കൽപനയിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. അല്ലാഹു പറയുന്നു:

(يَاأَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ) (البقرة:٢١)

'ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്.' (അൽബഖറ: 21)

**5- ഖുർആനിലെ പ്രഥമ നിരോധം:**

നിങ്ങൾ ഏകനായ ദൈവത്തെ മാത്രമെ ആരാധിക്കാവൂവെന്ന ഖുർആനിന്റെ പ്രഥമ കൽപന ഖുർആൻ പറയുവാനുള്ള കാരണവും അല്ലാഹു വിശദീകരിക്കുന്നുണ്ട്, അവനാണ് നിങ്ങളെയും, നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ചത്, നിങ്ങൾക്ക് ഭൂമിയെ നിവാസ യോഗ്യമാക്കിത്തന്നതും, ആകാശത്തിന് ചുവട്ടിൽ സുഖസുന്ദരമായി താമസിക്കുവാനായി ആകാശത്തെ മേലാപ്പായും,

ആ എടുപ്പാകുന്ന ആകാശത്ത് നിന്ന് വെള്ളമിറക്കി തരിശ് ഭൂമിയെ ജീവസുറ്റതാക്കി സസ്യലതാദികളിലൂടെ ഭക്ഷിക്കുവാനുള്ള വിഭവങ്ങൾ ഒരുക്കി തന്നതും ഏകനായ സൃഷ്ടാവാകുന്നു. അതുകൊണ്ട് തന്നെ വിശുദ്ധ ഖുർആനിലെ ഒന്നാമത്തെ വിരോധത്തിലൂടെ അല്ലാഹുവിന് ജനങ്ങളോട് പറയുവാനുള്ള കാര്യം നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത് എന്നതാണ്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക:

( الَّذِي جَعَلَ لَكُم الْأَرْضَ فِرَاشًا وَالسَّمَاءَ بِنَاءً وَأَنْزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقًا لَكُمْ فَلَا تَجْعَلُوا لِلَّهِ أَنْدَادًا وَأَنْتُمْ تَعْلَمُونَ) (البقرة: ٢٢ )

'നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ് കൊണ്ട് നിങ്ങൾ

അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്' (അൽ ബഖറ: 22) .

### 6- അല്ലാഹുവിനോട് മാത്രം:

മനുഷ്യർ പ്രാർത്ഥിക്കേണ്ടത് അല്ലാഹുവിനോട് മാത്രമാകുന്നു. സൂറത്തു ജിന്നിൽ അതാണ് അല്ലാഹു മനുഷ്യരെ പഠിപ്പിക്കുന്നത്:

(وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا) (الجن: ١٨)

'പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത് എന്നും' (ജിന്ന്: 18).

### 7- ശക്തമായ പ്രഖ്യാപനം:

ദൈവിക കൽപനകൾ ജീവിതത്തിൽ പകർത്തേണ്ടതും, ജീവിക്കേണ്ടതും എപ്രകാരമാണെന്ന് കാണിച്ച്കൊടുക്കുവാനായി നിയോഗിതനായ, ലോകർക്ക് അനുഗ്രഹീതനായി അയക്കപ്പെട്ട മുഹമ്മദ്നബി(ﷺ)യോട് ഒരു ശക്തമായ പ്രഖ്യാപനം നടത്തുവാൻ പറയുന്നുണ്ട്. അത് ഞാനെന്റെ

റബ്ബിനോട് മാത്രമെ പ്രാർത്ഥിക്കുകയുള്ളൂ, അവനിൽ ആരെയും ഞാൻ പങ്കു ചേർക്കുകയില്ലാ. ആ പ്രഖ്യാപനം സൂറത്തുൽ ജിന്നിലൂടെ നാം വായിക്കുക:

(قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا) (الجن: ٢٠ )

'(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കു ചേർക്കുകയില്ല' (ജിന്ന്: 20).

**8- യാതൊന്നും ഉടമപ്പെടുത്തുന്നില്ല:**

അല്ലാഹുവിനെ കൂടാതെ വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ യാതൊന്നും തന്നെ ഉടമപ്പെടുത്തുന്നില്ല, അതുകൊണ്ട് അവരോട് പ്രാർത്ഥിച്ചിട്ട് കാര്യമില്ലായെന്ന് ഖുർആൻ പറയുന്നു:

(يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ فِي اللَّيْلِ وَسَخَّرَ الشَّمْسَ وَالْقَمَرَ كُلٌّ يَجْرِي لِأَجَلٍ مُسَمًّى ذَلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِنْ دُونِهِ مَا يَمْلِكُونَ مِنْ قِطْمِيرٍ) (الفاطر:١٣)

'രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെ യും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോ രോന്നും നിശ്ചിതമായ ഒരു പരിധിവരെ സഞ്ചരി ക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ ര ക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപ ത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥി ക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല' (ഫാത്വിർ: 13).

**9– കേൾക്കകയില്ല:**

അല്ലാഹുവല്ലാത്തവരോട് നിങ്ങൾ പ്രാർത്ഥി ക്കരുത്, കാരണം നിങ്ങളുടെ പ്രാർത്ഥനകൾ

അല്ലാഹുവല്ലാത്തവർ കേൾക്കുകയില്ലായെന്ന് ഖുർആൻ വളരെ വ്യക്തമായി പ്രഖ്യാപിക്കുന്നു.

(إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ)

(فاطر: ١٤)

'നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.' (ഫാത്വിർ: 14).

**10– അശ്രദ്ധർ:**

അല്ലാഹുവല്ലാത്ത ആരോടെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ ആ പ്രാർത്ഥന അവർ ശ്രദ്ധിക്കുന്നില്ല, അവർ അതിനെ സംബന്ധിച്ച്

അശ്രദ്ധരുമാകുന്നു. ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

(وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لَا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ) (الأحقاف:٥)

'അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ച വൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥ നയെപ്പറ്റി ബോധമില്ലാത്തവരാകുന്നു' (അഹ് ഖാഫ്: 5).

**11- അവസാന നാൾ വരെ ഉത്തരം ലഭിക്കില്ല:**

അല്ലാഹുവല്ലാതെ ആരോടാണോ, എന്തി നോടാണോ പ്രാർത്ഥിക്കുന്നത്, അവർ അവസാന നാൾ വരെ അവർക്ക് ഉത്തരം നൽകുവാൻ സാധി ക്കുകയില്ലായെന്ന് ഖുർആൻ സ്പഷ്ടമായി വിശദ മാക്കുന്നത് കാണുക:

(وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لَا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ) (الأحقاف:٥)

'അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ച വൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥന യെപ്പറ്റി ബോധമില്ലാത്തവരാകുന്നു'

**12– അവർക്ക് കഴിവില്ല:**

സൃഷ്ടികൾക്ക് അല്ലാഹുവിന്റെ സഹായം കൂടാതെ സ്വയം ഒരു കാര്യവും ചെയ്യുവാൻ സാധ്യമല്ല, അത്കൊണ്ട് തന്നെ സൃഷ്ടികൾക്ക് നമ്മുടെ ആരാധനകൾ നൽകുവാൻ പാടില്ലായെ ന്നും ഖുർആൻ പ്രഖ്യാപിക്കുന്നു:

(وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لَا يَمْلِكُ لَهُمْ رِزْقًا مِنَ السَّمَاوَاتِ وَالْأَرْضِ شَيْئًا وَلَا يَسْتَطِيعُونَ ) (النحل: ٧٣ )

'ആകാശങ്ങളിൽ നിന്നോ ഭൂമിയിൽ നിന്നോ അവർക്ക് വേണ്ടി യാതൊരു ഭക്ഷണവും അധീനപ്പെടുത്തി കൊടുക്കാത്തവരും, (യാതൊന്നിനും)

കഴിയാത്തവരുമായിട്ടുള്ളവരെയാണ് അല്ലാഹുവിന് പുറമെ അവര്‍ ആരാധിക്കുന്നത്' (നഹ്ല്‍ : 73)

### 13- ഏറ്റവും വലിയ വഴികേട്:

നമ്മെ സൃഷ്ടിക്കുകയും, നമുക്ക്വേണ്ട അനുഗ്രഹങ്ങള്‍ മുഴുവനും ഒരുക്കി തരുകയും ചെയ്ത അല്ലാഹുവിന് നാം പങ്കുകാരുണ്ടാക്കുകയും, ആ പങ്കുകാര്‍ക്ക് ആരാധനയുടെ അംശം അര്‍പ്പിക്കുകയും ചെയ്യുകയെന്നത് വളരെയധികം വഴി പിഴച്ച കാര്യമാണ്, അങ്ങിനെ ചെയ്യുന്നവരേക്കാള്‍ വഴി പിഴച്ചവന്‍ ആരുണ്ട് എന്ന ഖുര്‍ആനിന്റെ ചോദ്യം നാം ശ്രദ്ധിക്കുക:

(وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللَّهِ مَنْ لَا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ) (الأحقاف: ٥)

'അല്ലാഹുവിനു പുറമെ, ഉയിര്‍ത്തെഴുന്നേല്‍പിന്റെ നാളുവരെയും തനിക്ക് ഉത്തരം നല്‍കാത്തവരെ വിളിച്ചു പ്രാര്‍ത്ഥിക്കുന്നവനെക്കാള്‍ വഴിപിഴച്ചവന്‍ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാര്‍ത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു' (അഹ്ഖാഫ്: 5).

## 14– പരസ്പരം ശത്രുക്കൾ:

അല്ലാഹുവല്ലാത്തവർക്ക് ആരാധനകൾ അർപ്പിച്ചാൽ പരലോകത്ത് ആരാധന ചെയ്തവരും, ആരാധന ചെയ്യപ്പെട്ടവരും പരസ്പരം ശത്രുക്കളായി മാറുന്നതാണ്. ഖുർആനിന്റെ ഭാഷ്യം നാം നോക്കുക:

(وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ) (الأحقاف: ٦)

'മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും.' (അഹ്ഖാഫ്: 6).

## 15– ഒഴിഞ്ഞ് മാറും:

പരലോകത്തെ ഒരു രംഗം അല്ലാഹു ഖുർആനിൽ വിശദമാക്കുന്നത്, അല്ലാഹുവല്ലാതെ ആരാധിക്കപ്പെട്ടവരോട് അല്ലാഹു ചോദിക്കും: നിങ്ങൾ ഇവരോട് വിളിച്ച് പ്രാർത്ഥിക്കുവാൻ പറഞ്ഞിരു

ന്നോ? അവർ ഉത്തരം പറയും: ഞങ്ങളോട് വിളിച്ച് പ്രാർത്ഥിക്കുവാൻ ഞങ്ങൾ ഒരിക്കലും ഇവരോട് പറഞ്ഞിരുന്നില്ല, അങ്ങിനെ പറഞ്ഞിരുന്നെങ്കിൽ നിനക്കറിയുമല്ലോ? അങ്ങിനെ ഒഴിഞ്ഞ് മാറുന്ന രംഗം നമുക്ക് പരലോകത്ത് കാണാവുന്നതാണ്.

എന്തിനേറെ ഈസാ നബി(ﷺ)നോട് പോലും ഈ ചോദ്യം അല്ലാഹു ചോദിക്കുകയും, ഈസാ നബി(ﷺ) അല്ലാഹുവെ, എനിക്ക് അധികാരമില്ലാത്ത കാര്യം ഞാനെങ്ങനെ പറയുമെന്ന് ചോദിക്കുന്നത് ഖുർആൻ വിശദമാക്കുന്നുണ്ട്.

(وَإِذْ قَالَ اللَّهُ يَاعِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِنْ دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ إِنْ كُنتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ) (المائدة: ١١٦ )

'അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ(ﷺ), അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര

പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ.' (മാഇദ: 116)

**16– ശിക്ഷ നിർബ്ബന്ധം:**

ശിർക്കെന്ന പൊറുക്കപ്പെടാത്ത പാപം ചെയ്താൽ അവന് ശിക്ഷ നിർബ്ബന്ധമാണെന്ന് അല്ലാഹു ഉണർത്തുന്നു:

(وَمَنْ يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِنْدَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ) (المؤمنون: ١١٧)

'വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം– അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ– അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച'

**17– അല്ലാഹുവല്ലാത്തവർക്കുള്ള പ്രാർത്ഥന ശിർക്ക്:**

അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന ശിർക്കായത് കൊണ്ട് തന്നെ അത് ചെയ്യാൻ പാടില്ല. അല്ലാഹു പറയുന്നു:

(إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ) (فاطر: ١٤)

'നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല.'

**18– കർമ്മങ്ങൾ നിഷ്ഫലം:**

ഇസ്ലാം പഠിപ്പിക്കുന്ന മുഴുവൻ സൽകർമ്മങ്ങളും ചെയ്യുന്ന ഒരു വ്യക്തി ജീവിതത്തിന്റെ ഏതോ ഒരു നിമിഷത്തിൽ ശിർക്ക് ചെയ്യുകയാണെങ്കിൽ അവൻ അത്വരെ ചെയ്ത കർമ്മങ്ങൾ മുഴുവനും നിഷ്ഫലമായി പോകുമെന്നാണ് ഖുർആൻ പ്രവാചക(ﷺ)നോട് പോലും പറയുന്നത്. പ്രവാചക(ﷺ) ജീവിതത്തിൽ ഒരിക്കലും ശിർക്കിന്റെ ഒരു അംശവും കടന്ന് വന്നിട്ടില്ല, പാപസുരക്ഷിതനായ, പ്രവാചകൻമാരുടെ നേതാവായ, മനുഷ്യരിൽ ശ്രേഷ്ഠനായ മുഹമ്മദ് നബി(ﷺ)യെ അഭിസംബോധന ചെയ്ത് കൊണ്ടാണ് അല്ലാഹു ഈ കാര്യം പറയുന്നത് എന്നതിൽ നിന്നും നമുക്ക് മനസിലാകുന്നത് ശിർക്ക് അത്രക്കും മാരകമായ പാപമാണെന്നാണ്.

(وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ) (الزمر: ٦٥)

'തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ച

യായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുക യും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും' (സുമർ: 65).

**19- യാതൊരു തെളിവുമില്ല:**

ശിർക്ക് ചെയ്യുവാൻ യാതൊരു തെളിവുമില്ല, ആരാധനകൾ അല്ലാഹുവല്ലാത്തവർക്ക് ചെയ്യു വാൻ ഖുർആനിൽ തെളിവുമില്ല.

(وَمَنْ يَدْعُ مَعَ اللَّهِ إِلَهًا آخَرَ لَا بُرْهَانَ لَهُ بِهِ فَإِنَّمَا حِسَابُهُ عِنْدَ رَبِّهِ إِنَّهُ لَا يُفْلِحُ الْكَافِرُونَ) (المؤمنون: ١١٧)

'വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവ ത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതി ന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ- അവന്റെ വിചാരണ അവന്റെ രക്ഷിതാവി ന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യ നിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച' (മുഅ്മിനൂൻ :117)

**20- യാതൊന്നും സൃഷ്ടിച്ചില്ല:**

സൃഷ്ടാവിന് മാത്രമെ ആരാധനകൾ നൽകുവാൻ പാടുള്ളൂ, കാരണം അവൻ സൃഷ്ടാവാണ്, എന്നാൽ അല്ലാഹുവല്ലാത്തവർ യാതൊന്നും സൃഷ്ടിച്ചിട്ടില്ലായെന്നാണ് സൃഷ്ടാവായ പടച്ച തമ്പുരാൻ നമ്മോട് പറഞ്ഞ് തരുന്നത്.

(قُلْ أَرَأَيْتُمْ شُرَكَاءَكُمُ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ أَمْ آتَيْنَاهُمْ كِتَابًا فَهُمْ عَلَى بَيِّنَةٍ مِنْهُ بَلْ إِنْ يَعِدُ الظَّالِمُونَ بَعْضُهُمْ بَعْضًا إِلَّا غُرُورًا) (فاطر: ٤٠ )

'നീ പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന നിങ്ങളുടെ പങ്കാളികളെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്തൊന്നാണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരിക. അതല്ല, ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽ നിന്നുള്ള തെളിവനുസരിച്ചാണോ അവർ നില കൊള്ളുന്നത്? അല്ല അക്രമകാരികൾ അന്യോ

ന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു' (ഫാത്വിർ: 40).

(قُلْ أَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ اِئْتُونِي بِكِتَابٍ مِنْ قَبْلِ هَذَا أَوْ أَثَارَةٍ مِنْ عِلْمٍ إِنْ كُنْتُمْ صَادِقِينَ) (الأحقاف: ٤)

'(നബിയേ,)പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടു വന്നു തരൂ' (അഹ്ഖാഫ്: 4).

**21– ഈച്ചയേ പോലും സൃഷ്ടിച്ചില്ല:**

അല്ലാഹുവല്ലാത്തവർ ഒരു ഈച്ചയേ പോലും സൃഷ്ടിച്ചിട്ടില്ല, മുഴുവൻ മനുഷ്യരും യോജി

ച്ചാലും ശരി ഒരു ഈച്ചയെ സൃഷ്ടിക്കുവാൻ സാധ്യമല്ല, മാത്രമല്ല, ഒരു ഈച്ച ഭക്ഷണ തളികയിൽ നിന്ന് വല്ലതും തട്ടിയെടുക്കുകയാണെങ്കിൽ അത് തിരിച്ചെടുക്കുവാൻ പോലും അവർക്ക് സധ്യമല്ലായെന്ന് ഖുർആൻ വ്യക്തമാക്കുന്നത് നോക്കുക:

(يَاأَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَنْ يَخْلُقُوا ذُبَابًا وَلَوْ اجْتَمَعُوا لَهُ وَإِنْ يَسْلُبْهُمُ الذُّبَابُ شَيْئًا لَا يَسْتَنقِذُوهُ مِنْهُ ضَعُفَ الطَّالِبُ وَالْمَطْلُوبُ) (الحج:٧٣)

'മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ' (ഹജ്ജ്: 73).

## 22- ഏറ്റവും വലിയ പാപവും, അക്രമവും:

ഇസ്ലാം പഠിപ്പിക്കുന്ന ഏറ്റവും വലിയ പാപവും, അക്രമവും ശിർക്കാകുന്നു. ശിർക്കിനേക്കാൾ വലിയ പാപവും, അക്രമവും ഇല്ല തന്നെ. അതാണ് ലുഖ്മാനുൽ ഹഖീം തന്റെ മകനെ വിളിച്ച് ഉപദേശിക്കുന്ന ഉപദേശത്തിലൂടെ ഖുർആൻ വ്യക്തമാക്കുന്നത്. ഖുർആൻ പറയുന്നു:

(وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَابُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ) (لقمان:١٣)

'ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകി കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞു മകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു' (ലുഖ്മാൻ: 13).

## 23- സ്വർഗം നിഷിദ്ധം, നരകം അനിവാര്യം, യാതൊരു സഹായിയുമില്ല

ശിർക്ക് ചെയ്ത് അതിൽ നിന്ന് പശ്ചാതപിച്ച് മുസ്ലിമാകാതെയാണ് ഒരാൾ മരണപ്പെടുന്നതെങ്കിൽ അവന് സ്വർഗം നിഷിദ്ധമാണ്, നരകം നിർബ്ബന്ധമാണ്, അവന് യാതൊരു സഹായിയേയും കണ്ടെത്തുവാൻ സാധ്യമല്ല. അവൻ നരകത്തിൽ നിത്യ വാസിയുമായിരിക്കുന്നതാണ്. ഖുർആൻ വിശദമാക്കുന്നു:

(إِنَّهُ مَنْ يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ) (المائدة:٧٢)

'അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്' (മാഇദ: 72).

**24- ആകാശത്ത് നിന്ന് വീണവനെ പോലെ:**

തൗഹീദിൽ നിന്ന് വ്യതിചലിക്കുകയും, അതിൽ മായം ചേർക്കുകയും, അതിനെ അവഗണി

ക്കുകയും ചെയ്തവൻ ആകാശത്ത് നിന്ന് വീണ വനെ പോലെയാണ്, എവിടെയാണ് അവൻ പതി ക്കുകയെന്നറിയില്ല. തൗഹീദിൽ നിന്ന് വ്യതിചലി ച്ചാൽ ജാറങ്ങളിലും, മഖാമുകളിലും, ആത്മീയത വിൽക്കപ്പെടുന്ന മറ്റു കേന്ദ്രങ്ങളിലും അഭയം തേ ടുകയും, അല്ലാഹുവിന്ന് മാത്രം കഴിയുന്നതും, അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കുകയും ചെയ്യു ന്ന കാര്യങ്ങൾ അവിടെ നിന്ന് ആവശ്യപ്പെടുക യും ചെയ്യുന്നതായി നമുക്ക് കാണുവാൻ സാധി ക്കുന്നു. അതാണ് ഖുർആൻ പറയുന്നത് ഒരു കേ ന്ദ്രത്തിൽ നിന്നും, മറ്റു കേന്ദ്രങ്ങളിലേക്ക് കൂടു മാറി മാറി പോകുന്ന അവർ, ആകാശത്ത് നിന്ന് വീണവനെ പോലെ.

(وَمَنْ يُشْرِكْ بِاللَّهِ فَكَأَنَّمَا خَرَّ مِـنَ السَّـمَاءِ فَتَخْطَفُـهُ الطَّـيْرُ أَوْ تَهْوِي بِهِ الرِّيحُ فِي مَكَانٍ سَحِيقٍ) (الحج: ٣١ )

'അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പ ക്ഷം അവൻ ആകാശത്തു നിന്ന് വീണത് പോലെ യാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചി ക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ

വിദൂരസ്ഥലത്തേക്ക് കൊണ്ടു പോയി തള്ളുന്നു.' (ഹജ്ജ്: 31)

**25- ഒരിക്കലും പൊറുക്കപ്പെടാത്ത പാപം:**

ശിർക്ക് എന്ന പാപം പശ്ചാതാപിച്ച് മുസ്ലിമായാലല്ലാതെ അല്ലാഹു പൊറുത്ത് തരികയില്ല, ശിർക്കിന് താഴെയുള്ള പാപങ്ങൾ ഒരുപക്ഷേ, മറ്റു സൽക്കർമ്മങ്ങൾ മുഖേന അല്ലാഹു പൊറുത്ത് തരുന്നതാണ്, ശിർക്ക് അല്ലാഹു അങ്ങിനെ പൊറുക്കുകയില്ല. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക:

(إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ افْتَرَى إِثْمًا عَظِيمًا) (النساء:٤٨)

'തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്' (നിസാഅ്: 48).

(إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ ضَلَّ ضَلَالًا بَعِيدًا) (النساء: ١١٦)

'തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കു ചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു' (നിസാഅ്: 116).

**26- സ്വയം തന്നെ സഹായിക്കാൻ സാധ്യമല്ല:**

അല്ലാഹുവല്ലാതെയുള്ള ആരാധ്യൻമാർക്ക് സ്വദേഹങ്ങൾക്ക് പോലും സഹായം നൽകുവാൻ സാധ്യമല്ല, പിന്നെയെങ്ങിനെയാണ് മറ്റുള്ളവർക്ക് സഹായം നൽകുവാൻ അവർക്ക് സാധിക്കുക. ആ കാര്യം ഖുർആൻ പഠിപ്പിക്കുന്നു:

(لَهُمْ آلِهَةٌ تَمْنَعُهُمْ مِنْ دُونِنَا لَا يَسْتَطِيعُونَ نَصْرَ أَنْفُسِهِمْ وَلَا هُمْ مِنَّا يُصْحَبُونَ) (الأنبياء:٤٣)

‘അതല്ല, നമുക്ക് പുറമെ അവരെ സംരക്ഷിക്കുന്ന വല്ല ദൈവങ്ങളും അവർക്കുണ്ടോ? സ്വദേഹങ്ങൾക്ക് തന്നെ സഹായം ചെയ്യാൻ അവർക്ക് (ദൈവങ്ങൾക്ക്) സാധിക്കുകയില്ല. നമ്മുടെ ഭാഗത്ത് നിന്നും അവർ തുണക്കപ്പെടുകയുമില്ല’ (അൻബിയാഅ്: 43).

**27- എട്ടുകാലി വല:**

അല്ലാഹുവിനെയല്ലാതെ മറ്റാരേയെങ്കിലും വലിയ്യായി സ്വീകരിക്കുന്നവരുടെ ഉപമ ഒരു എട്ടുകാലിയുടെ വലയോടാണ് അല്ലാഹു ഉപമിക്കുന്നത്. അതായത് അത്രമാത്രം ദുർബ്ബലമാണ് അവർ ചെയ്യുന്ന പ്രവർത്തനം എന്നർത്ഥം. ഖുർആനിന്റെ ഉപമ ശ്രദ്ധിക്കൂ:

(مَثَلُ الَّذِينَ اتَّخَذُوا مِنْ دُونِ اللَّهِ أَوْلِيَاءَ كَمَثَلِ الْعَنكَبُوتِ اتَّخَذَتْ بَيْتًا وَإِنَّ أَوْهَنَ الْبُيُوتِ لَبَيْتُ الْعَنْكَبُوتِ لَوْ كَانُوا يَعْلَمُونَ) (العنكبوت: ٤١)

‘അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!’ (അൻകബൂത്ത്: 41)

**28– വെള്ളത്തിനായി കൈനീട്ടൽ:**

അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുകയെന്നത് വെള്ളത്തിനായി കൈനീട്ടുന്നവനെ പോലെയാണ്, അതായത് വെള്ളം കുടിക്കുവാൻ വേണ്ടി അവൻ കൈ നീട്ടുന്നു, പക്ഷേ, കൈ നീട്ടിയത് കൊണ്ട് മാത്രം അവന് വായിലേക്ക് വെള്ളം എത്തുകയില്ലല്ലോ? അതുപോലെയാണ് അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിച്ചാൽ അവർ ഉത്തരം നൽകുകയില്ല. ഖുർആൻ അത് പ്രസ്താവിക്കുന്നത് നോക്കുക:

(لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لَا يَسْتَجِيبُونَ لَهُمْ بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ) (الرعد:١٤)

'അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാര്‍ത്ഥന. അവന്നു പുറമെ ആരോടെല്ലാം അവര്‍ പ്രാര്‍ത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവര്‍ക്ക് യാതൊരു ഉത്തരവും നല്‍കുന്നതല്ല. വെള്ളം തന്‍റെ വായില്‍ (തനിയെ) വന്നെത്താന്‍ വേണ്ടി തന്‍റെ ഇരുകൈകളും അതിന്‍റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവര്‍. അത് (വെള്ളം) വായില്‍ വന്നെത്തുകയി ല്ലല്ലോ. സത്യനിഷേധികളുടെ പ്രാര്‍ത്ഥന നഷ്ട ത്തില്‍ തന്നെയാകുന്നു.' (റഅ്ദ്: 14)

**29– ദുര്‍ബ്ബലര്‍:**

ഒരു ഈച്ചയെ പോലും സൃഷ്ടിക്കാത്തവരോ ട് പ്രാര്‍ത്ഥിക്കുന്നത് വഴികേടാണ്, സൃഷ്ടികളോട് പ്രാര്‍ത്ഥിക്കുന്നവരും, പ്രാര്‍ത്ഥിക്കപ്പെടുന്നവരും

വളരെ നിസ്സാരൻമാരും, ദുർബ്ബലരുമാണെന്ന് ഖുർആൻ പഠിപ്പിക്കുന്നു:

(يَاأَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَنْ يَخْلُقُوا ذُبَابًا وَلَوِ اجْتَمَعُوا لَهُ وَإِنْ يَسْلُبْهُمُ الذُّبَابُ شَيْئًا لَا يَسْتَنقِذُوهُ مِنْهُ ضَعُفَ الطَّالِبُ وَالْمَطْلُوبُ) (الحج:٧٣)

'മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തു ചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർതന്നെ'(ഹജ്ജ്:73).

## 30- നിർബ്ബന്ധമായും ഒരു ദിവസം 17 തവണ:

പ്രപഞ്ച നാഥനായ പടച്ച തമ്പുരാൻ ഓരോ വിശ്വാസികളോടും നിർബ്ബന്ധമായും പതിനേഴ് ത

വണകളിലായി ഓരോ ദിവസവും നെഞ്ചത്ത് കൈ വെച്ച് കൊണ്ട് പ്രാർത്ഥിപ്പിക്കുന്ന സന്ദേശവും ഈ കാര്യം തന്നെയാണ്. അതായത് നിർബ്ബന്ധമായും നിർവ്വഹിക്കേണ്ട അഞ്ച് നേരത്തെ നമസ്കാരങ്ങളിൽ ഓരോ റക്അത്തിലും ഓരോ വിശ്വാസികളും പ്രാർത്ഥിക്കുവാൻ കൽപിക്കപ്പെട്ടിരിക്കുന്നു, അല്ലാഹുവെ നിന്നെ മാത്രമെ ഞങ്ങൾ ആരാധിക്കുകയുള്ളൂ, നിന്നോട് മാത്രമെ ഞങ്ങൾ സഹായം തേടുകയുള്ളൂ.

(إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ) (الفاتحة: ٥ )

'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു' (ഫാതിഹ: 5).

വിശുദ്ധഖുർആനിലൂടെ അല്ലാഹു സുതരാം സുവ്യക്തമാക്കിയിരിക്കുന്നത് അല്ലാഹുവിന് മാത്രമെ ആരാധനകൾ അർപ്പിക്കുവാൻ പാടുള്ളൂ, സൃഷ്ടികൾക്ക് അത് അർപ്പിക്കുവാൻ പാടില്ല. ആരെങ്കിലും അല്ലാഹുവല്ലാത്തവർക്ക് ആരാധനയുടെ ഏതെങ്കിലും അംശം നൽകുകയാണെങ്കിൽ അത് പടച്ച തമ്പുരാൻ പൊറുത്ത് തരാത്ത വലിയ പാപ

മായ ശിർക്കാണ്. ഖുർആനിന്റെ ആയത്തുകൾ സൂറത്തും, നമ്പറുമടക്കമാണ് നാം ഈ കാര്യം വ്യക്തമാക്കിയത്. അത്കൊണ്ട് ജീവിതത്തിൽ ഒരിക്കലും ശിർക്ക് ചെയ്യാതെ ആരാധനകൾ മുഴുവനും നമ്മെ സൃഷ്ടിക്കുകയും, പരിപാലിക്കുകയും, നിയന്ത്രിക്കുകയും, മരിപ്പിക്കുകയും, മരണത്തിന് ശേഷം പുനർജീവിപ്പിക്കുകയും, പ്രതിഫലം നൽകുകയും ചെയ്യുന്നവന് മാത്രം നൽകുകയും, അവന് മാത്രം ആരാധനകൾ അർപ്പിച്ച് കൊണ്ട് വിശ്വാസികളായി മരിക്കുവാനും, സ്വർഗത്തിൽ പ്രവേശിക്കുവാനും സൗഭാഗ്യം ലഭിക്കുന്നവരിൽ ഉൾകൊള്ളുവാൻ പരിശ്രമിക്കുക. അല്ലാഹു സത്യവിശ്വാസികളായി ജീവിക്കുവാനും, മരിക്കുവാനും, സ്വർഗത്തിൽ പ്രവേശിക്കുവാനും നമുക്ക് സൗഭാഗ്യം നൽകുമാറാവട്ടെ. ആമീൻ.

## ജമാഅത്ത് നമസ്കാരം

ഇസ്ലാമിന്റെ അടിത്തറയായ തൗഹീദ് അംഗീകരിച്ച ഏതൊരു മനുഷ്യനും അഞ്ച് നേരത്തെ നമസ്കാരം നിർബ്ബന്ധമാണ്. വിശുദ്ധ ഖുർആൻ

ഒരുപാട് സ്ഥലങ്ങളിൽ അത് നമുക്ക് വിശദീകരിച്ച് തരുന്നുണ്ട്. നമസ്കാരം അതിന്റെ നിബന്ധനകളും, വാജിബുകളും, സുന്നത്തുകളും എല്ലാം കൃത്യമായ രൂപത്തിൽ പൂർത്തിയാക്കി നിലനിർത്തുവാനാണ് ഖുർആൻ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നത്. ഇത് ആരാണോ ഉപേക്ഷിക്കുന്നത് അവന് ഇസ്ലാമിൽ സ്ഥാനമില്ലായെന്ന് തിരുനബി(ﷺ)യുടെ തിരു വചനങ്ങളിൽ കാണാവുന്ന ഒരു സത്യമാണ്.

( عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ عَنْ أَبِيهِ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ الْعَهْدَ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلَاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ ) (الترمذي والنسائي )

അബ്ദുല്ലാഹ്ബ്നു ബുറൈദ(رضي الله عنه) തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: പ്രവാചകൻ(ﷺ)പറയുന്നു: ‘തീർച്ചയായും നമ്മുടെയും അവരുടെയും ഇടയിലുള്ള കരാർ (വ്യത്യാസം) നമസ്കാരമാണ്, അതാരാണ് ഉപേക്ഷിക്കുന്നത് അവൻ അവിശ്വസിച്ചിരിക്കുന്നു’

ബുദ്ധിയും, വിവേകവും പ്രായപൂർത്തിയുമായ ഓരോ മുസ്‌ലിമിനും അഞ്ച് നേരത്തെ നമസ്കാരം നിർബ്ബന്ധമാണ്. എന്നാൽ പുരുഷന്മാർക്ക് അത് പള്ളിയിൽ വെച്ച് ജമാഅത്തായി നമസ്കരിക്കൽ നിർബ്ബന്ധമാണെന്നാണ് ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ ഖുർആനും തിരു സുന്നത്തും നമ്മെ പഠിപ്പിക്കുന്നത്. പുരുഷന്മാർ അഞ്ച്നേരത്തെ നമസ്കാരം പള്ളിയിൽ വെച്ച് തന്നെ നിർവ്വഹിക്കേണ്ടതുണ്ടെന്ന് പഠിപ്പിക്കുന്ന ഏതാനും തെളിവുകൾ താഴെ കൊടുക്കുന്നു. സത്യം ഗ്രഹിക്കാനും, സ്വീകരിക്കുവാനും, പകർത്താനുമുള്ള സന്മനസ് അല്ലാഹു നമുക്ക് നൽകുമാറാവട്ടെ.

**യുദ്ധത്തിലുള്ള നമസ്കാരം:**

ഇസ്ലാമിന്റെ ആണിക്കല്ലായ തൗഹീദിന്റെ വിജയത്തിന് വേണ്ടി ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ പോലും നിങ്ങൾ ജമാഅത്തായി നമസ്കരിക്കണമെന്നാണ് വിശുദ്ധഖുർആനിന്റെ കൽപന. ജമാഅത്ത് നിർബ്ബന്ധമല്ലായിരുന്നെ

ങ്കിൽ ഈ സമയത്തെങ്കിലും അത് ഒഴിവാക്കുവാനുള്ള ഇളവ് അല്ലാഹു നൽകുമായിരുന്നു. പക്ഷേ, വിശുദ്ധഖുർആൻ നിങ്ങൾ യുദ്ധക്കളത്തിലായാൽ എങ്ങിനെ നമസ്കരിക്കണമെന്ന് വിശദമായി ജനങ്ങളെ പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

(وَإِذَا كُنتَ فِيهِمْ فَأَقَمْتَ لَهُمُ الصَّلاَةَ فَلْتَقُمْ طَآئِفَةٌ مِّنْهُم مَّعَكَ وَلْيَأْخُذُواْ أَسْلِحَتَهُمْ فَإِذَا سَجَدُواْ فَلْيَكُونُواْ مِن وَرَآئِكُمْ وَلْتَأْتِ طَآئِفَةٌ أُخْرَى لَمْ يُصَلُّواْ فَلْيُصَلُّواْ مَعَكَ وَلْيَأْخُذُواْ حِذْرَهُمْ وَأَسْلِحَتَهُمْ) (سورة النساء:١٠٢)

'(നബിയേ,) നീ അവരുടെ കൂട്ടത്തിലുണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവഹിക്കുകയുമാണെങ്കിൽ അവരിൽ ഒരു വിഭാഗം നിന്റെ കൂടെ നിൽക്കട്ടെ. അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്യട്ടെ. അങ്ങനെ അവർ സുജൂദ് ചെയ്ത് കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറിനിൽക്കുകയും, നമസ്കരിച്ചിട്ടില്ലാത്ത മറ്റെ വിഭാഗം വന്ന് നിന്റെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ. അവർ ജാഗ്രത കൈക്കൊള്ളുകയും, തങ്ങളുടെ ആ

യുധങ്ങൾ എടുക്കുകയും ചെയ്യേണ്ടതാണ്.' (നിസാഅ്:102)

യുദ്ധത്തിൽപോലും ജമാഅത്തായി നമസ്കരിക്കണമെങ്കിൽ മറ്റുള്ള സമയങ്ങളിൽ അങ്ങനെ ചെയ്യണമെന്ന് പറയേണ്ടതില്ലല്ലോ. ചിലയാളുകൾ പറയാറുണ്ട് പള്ളിയിൽ കുറച്ചാളുകൾ ജമാഅത്തായി നമസ്കരിച്ചാൽ മതി, അത് ഫർള് കിഫായയയാണെന്ന്. എന്നാൽ മുകളിൽ നാം മനസിലാക്കിയത് ഭയത്തിന്റെ അവസരത്തിൽ പോലും എല്ലാവരും ജമാഅത്തായി നമസ്കരിക്കണമെന്നാണ്. ഫർള് കിഫായ ആയിരുന്നെങ്കിൽ ഈ ആയത്തിൽ ഒരു വിഭാഗം മാത്രം ജമാഅത്തായി നമസ്കരിക്കുകയെന്നാണ് പറയുക. എന്നാൽ ആയത്തിൽ പഠിപ്പിക്കുന്നത് ഒരു വിഭാഗം ജമാഅത്തായി നമസ്കരിച്ച് ഒരു റക്അത്ത് നിർവ്വഹിച്ചാൽ അവരോടൊപ്പം അവശേഷിക്കുന്നവർ കൂടി ജമാഅത്തായി നമസ്കരിക്കണമെന്നാണ്. ചുരുക്കി പറഞ്ഞാൽ ജമാഅത്ത് നമസ്കാരം ഫർള് ഐൻ (ഓരോ വ്യക്തികളും ചെയ്യേണ്ട കാര്യം) ആകുന്നു.

**നമസ്കരിക്കുന്നവരോടൊപ്പം നമസ്കരിക്കുക:**

വിശുദ്ധ ഖുർആൻ വിശ്വാസികളോട് നമസ്കരിക്കുന്നവരോടൊപ്പം നമസ്കരിക്കുവാനായി കൽപിക്കുന്നത് നാം ശ്രദ്ധിക്കുക:

(وَأَقِيمُواْ الصَّلاَةَ وَآتُواْ الزَّكَاةَ وَارْكَعُواْ مَعَ الرَّاكِعِينَ) (البقرة:٤٣)

'പ്രാർത്ഥന മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും, (അല്ലാഹുവിന്റെ മുമ്പിൽ) തലകുനി(നമസ്ക്കരി)ക്കുന്നവരോടൊപ്പം നിങ്ങൾ തലകുനി(നമസ്ക്കരി)ക്കുകയും ചെയ്യുവിൻ.' (അൽബഖറ:43)

**വിളിക്ക് ഉത്തരം നൽകുക:**

അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളിൽ നിന്ന് ഉയർന്ന് വരുന്ന വിളിക്ക് (ബാങ്ക്) ഉത്തരം നൽകാത്തവരെ സംബന്ധിച്ച് ഖുർആൻ പറയുന്നത്, പരലോകത്ത് അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുവാൻ അവർക്ക് സാധ്യമല്ല, അവർക്ക് ആഗ്രഹമുണ്ടാകും, പക്ഷേ, അവരുടെ മുതുക് വളയുകയില്ല.

(يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى السُّجُودِ فَلاَ يَسْتَطِيعُونَ * خَاشِعَةً أَبْصَارُهُمْ تَرْهَقُهُمْ ذِلَّةٌ وَقَدْ كَانُوا يُدْعَوْنَ إِلَى السُّجُودِ وَهُمْ سَالِمُونَ) (سورة القلم:٤٢-٤٣)

'കണങ്കാൽ വെളിവാക്കപ്പെടുന്ന (ഭയങ്കരമായ) ഒരു ദിവസത്തെ നിങ്ങൾ ഓർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല. അവരുടെ കണ്ണുകൾ കീഴ്പോട്ട് താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുരക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു' (ഖലം:42–43).

ആളുകളെ കാണിക്കുവാനും, ലോകമാന്യത്തിന് വേണ്ടിയും നമസ്കരിക്കുന്നവർക്കും അവരുടെ മുതുക് വളക്കുവാൻ സാധ്യമല്ല. തിരുമേനി(ﷺ) പറയുന്നു:

( عَنْ أَبِي سَعِيدٍ رَضِي اللَّه عَنْه قَالَ: سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: يَكْشِفُ رَبُّنَا عَنْ سَاقِهِ فَيَسْجُدُ لَهُ كُلُّ

مُؤْمِنٍ وَمُؤْمِنَةٍ فَيَبْقَى كُلُّ مَنْ كَانَ يَسْجُدُ فِي الدُّنْيَا رِيَاءً وَسُمْعَةً فَيَذْهَبُ لِيَسْجُدَ فَيَعُودُ ظَهْرُهُ طَبَقًا وَاحِدًا ) (بخاري)

അബൂസഈദ്(﵁)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുന്നതായി കേട്ടു: 'നമ്മുടെ രക്ഷിതാവ് കണങ്കാൽ വെളിവാക്കുന്ന സമയം അവന് വേണ്ടി മുഴുവൻ വിശ്വാസി വിശ്വാസിനികളും സുജൂദ് ചെയ്യുന്നതാണ്, ഇഹലോകത്ത് വെച്ച് ആളുകളെ കാണിക്കുവാനും, ലോകമാന്യത്തിനും വേണ്ടി സുജൂദ് ചെയ്തവർ അവശേഷിക്കും, അവർ സുജൂദ് ചെയ്യുവാൻ പോകും പക്ഷേ, അവരുടെ മുതുകുകൾ വളയാതെ നേരെ നിൽക്കുന്നതാണ്' (ബുഖാരി)

**പ്രവാചക(ﷺ) കൽപന:**

പ്രവാചകൻ(ﷺ) തന്റെയടുത്ത് വന്ന് ഇസ്ലാം സ്വീകരിക്കുന്ന സമൂഹങ്ങളോട്, അവർ മടങ്ങി പോകുമ്പോൾ കൽപിക്കുന്നത് നിങ്ങൾ മടങ്ങി പോവുകയും, സത്യമതത്തിലേക്ക് ആളുകളെ

ക്ഷണിക്കുകയും, നമസ്കാരം ഇമാമും ജമാഅ ത്തുമായി നിർവ്വഹിക്കുകയും ചെയ്യണമെന്ന് കൽ പിക്കാറുണ്ടായിരുന്നു:

( عَنْ مَالِكِ بْنِ الْحُوَيْرِثِ أَتَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي نَفَرٍ مِنْ قَوْمِي فَأَقَمْنَا عِنْدَهُ عِشْرِينَ لَيْلَةً وَكَانَ رَحِيمًا رَفِيقًا فَلَمَّا رَأَى شَوْقَنَا إِلَى أَهَالِينَا قَالَ: ارْجِعُوا فَكُونُوا فِيهِمْ وَعَلِّمُوهُمْ وَصَلُّوا فَإِذَا حَضَرَتِ الصَّلاَةُ فَلْيُؤَذِّنْ لَكُمْ أَحَدُكُمْ وَلْيَؤُمَّكُمْ أَكْبَرُكُمْ ) (بخاري)

മാലിക്ബ്നു ഹുവൈരിഥിൽ(ﷺ) നിന്ന്, അദ്ദേഹം പറയുന്നു: 'എന്റെ സമുദായത്തിൽ പെട്ട കുറച്ച് പേർ പ്രവാചകൻ(ﷺ)യുടെ അടുത്ത്വന്നു, അവി ടെ ഞങ്ങൾ ഇരുപത് ദിവസം തങ്ങുകയും ചെയ് തു, പിന്നീട് നാട്ടിലേക്ക് മടങ്ങിപോകുവാൻ ഉദ്ദേ ശിച്ചപ്പോൾ ഞങ്ങളോട് തിരുമേനി(ﷺ) കൽപി ക്കുകയുണ്ടായി: 'നിങ്ങൾ മടങ്ങി പോവുക, നി ങ്ങളുടെ സമൂഹത്തിൽ നിങ്ങൾ ജീവിക്കുകയും, അവരെ ഇസ്ലാം പഠിപ്പിക്കുകയും, നമസ്കരിക്കുക യും ചെയ്യുക, നമസ്കാര സമയമായാൽ നിങ്ങ

ളിൽ ഒരുവൻ നിങ്ങൾക്ക് ബാങ്ക് വിളിച്ച് തരട്ടെ, നിങ്ങളിൽ വലിയവൻ നിങ്ങൾക്ക് ഇമാമായി നിൽക്കുകയും ചെയ്യട്ടെ' (ബുഖാരി).

ഇവിടെ കുറച്ചാളുകൾ ജമാഅത്തായി നമസ്കരിച്ചാൽ മതിയെന്നല്ല തിരുമേനി(ﷺ) പഠിപ്പിക്കുന്നത്. നേരെമറിച്ച് എല്ലാവരും ഇമാമും ജമാഅത്തുമായി നമസ്കരിക്കണമെന്നാണ് കൽപിക്കുന്നത്. പ്രവാചക(ﷺ)ന്റെ കൽപന കുറിക്കുന്നത് നിർബ്ബന്ധത്തെയാണ്.

## ജമാഅത്തിന് വരാത്തവരുടെ വീടുകൾ...

പള്ളിയിലേക്ക് ജമാഅത്തിന് വരാത്തവരുടെ വീടുകൾ ചുട്ട്കരിക്കുവാൻ തിരുമേനി(ﷺ) ഒരിക്കൽ ഉദ്ദേശിക്കുകയുണ്ടായി. ആ ഹദീസ് നാം ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَدَ نَاسًا فِي بَعْضِ الصَّلَوَاتِ فَقَالَ لَقَدْ هَمَمْتُ أَنْ آمُرَ رَجُلاً يُصَلِّي بِالنَّاسِ

ثُمَّ أُخَالِفَ إِلَى رِجَالٍ يَتَخَلَّفُونَ عَنْهَا فَآمُرَ بِهِمْ فَيُحَرِّقُوا عَلَيْهِمْ بِحُزَمِ الْحَطَبِ بُيُوتَهُمْ وَلَوْ عَلِمَ أَحَدُهُمْ أَنَّهُ يَجِدُ عَظْمًا سَمِينًا لَشَهِدَهَا يَعْنِي صَلاَةَ الْعِشَاءَ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ)ക്ക് ചിലയാളുകളെ ചില നമസ്കാരത്തിന് നഷ്ടപ്പെടുകയുണ്ടായി, (അതായത് അവർ ജമാഅത്തിന് വരാതിരുന്നു) അപ്പോൾ തിരുമേനി (ﷺ) പറയുകയുണ്ടായി: 'ജനങ്ങൾക്ക് ഇമാമായി നിൽക്കുവാൻ ഒരാളെ ചുമതലപ്പെടുത്തുവാനും, ജമാഅത്തിന് വരാത്തവരുടെ വീടുകൾ അവരോടൊപ്പം തന്നെ ചുട്ടെരിക്കുവാനായി കുറച്ച് വിറകു കെട്ടുകളുമായി എന്നോടൊപ്പം വരുവാൻ കുറച്ചാളുകളോട് കൽപിക്കുവാനും ഞാൻ വിചാരിക്കുകയുണ്ടായി, അവിടെ (പള്ളിയിൽ) ഭക്ഷിച്ച് ഒഴിവാക്കിയ ആടിന്റെ ഒരു എല്ലിൻ കഷ്ണം കിട്ടുമെന്ന് നിങ്ങളിൽ ഒരാൾ മനസിലാക്കിയിരുന്നെങ്കിൽ അവൻ ജമാഅത്തിന് സന്നിഹിതരാകുമായിരുന്നു, അതായത് ഇശാഅ് നമസ്കാരത്തിന്' (മുസ്ലിം).

എത്ര ഗൗരവമായിട്ടാണ് പ്രവാചകൻ(ﷺ) ജമാഅത്ത് നമസ്കാരത്തിന് വരാത്തവരെ സംബന്ധിച്ചുള്ള താക്കീതുകളെ കുറിച്ച് ജനങ്ങളെ ഉൽബോധിപ്പിക്കുന്നത്.

**ഇബ്നു ഉമ്മു മക്തൂം(رضي الله عنه):**

എന്ത് തന്നെയായാലും ജമാഅത്തിന് വരൽ നിർബ്ബന്ധമാണെന്നാണ് ഇബ്നു ഉമ്മുമക്തൂമി (رضي الله عنه)ന്റെ സംഭവം നമ്മെ പഠിപ്പിക്കുന്നത്.

( عَنِ ابْنِ أُمِّ مَكْتُومٍ أَنَّهُ سَأَلَ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ: يَا رَسُولَ اللَّهِ إِنِّي رَجُلٌ ضَرِيرُ الْبَصَرِ شَاسِعُ الدَّارِ وَلِي قَائِدٌ لاَ يُلاَئِمُنِي فَهَلْ لِي رُخْصَةٌ أَنْ أُصَلِّيَ فِي بَيْتِي قَالَ: هَلْ تَسْمَعُ النِّدَاءَ قَالَ نَعَمْ، قَالَ لاَ أَجِدُ لَكَ رُخْصَةً ) (أبوداود) وفي رواية: (عَنِ ابْنِ أُمِّ مَكْتُومٍ قَالَ: يَا رَسُولَ اللَّهِ إِنَّ الْمَدِينَةَ كَثِيرَةُ الْهَوَامِّ وَالسِّبَاعِ فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَتَسْمَعُ حَيَّ عَلَى الصَّلاَةِ حَيَّ عَلَى الْفَلاَحِ فَحَيَّ هَلاً ) (أبوداود)

ഇബ്നു ഉമ്മുമക്തൂം(ﷺ) ഒരിക്കൽ പ്രവാചക ൻ(ﷺ)യോട് ഇങ്ങനെ പറയുകയുണ്ടായി: ''പ്ര വാചകരെ, ഞാൻ അന്ധനായ വ്യക്തിയാണ്, എ ന്റെ വീട് വിദൂരത്താണ്, എനിക്ക് വഴികാട്ടുവാനാ യി ഒരു വഴികാട്ടിയുമില്ല, ആയതിനാൽ എനിക്ക് എന്റെ വീട്ടിൽ വെച്ച് നമസ്കരിക്കുവാൻ വല്ല ഇളവുമുണ്ടോ?' അപ്പോൾ റസൂലുല്ലാഹ്(ﷺ) പറ യുകയുണ്ടായി: 'നീ ബാങ്ക് കേൾക്കാറുണ്ടോ?' അദ്ദേഹം ഉത്തരം നൽകി: 'അതെ' തിരുമേനി (ﷺ) വീണ്ടും പറയുന്നു: 'ഞാൻ നിനക്ക് ഇളവ് കാണുന്നില്ല' (അബൂദാവൂദ്) മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയാണ്: ഇബ്നു ഉമ്മുമക്തൂം(ﷺ) റസൂലു ല്ലാ(ﷺ)യോട് ചോദിക്കുന്നു: 'പ്രവാചകരെ, മദീന യിൽ ധാരാളം ഉപദ്രവിക്കുന്ന ഇഴജന്തുക്കളുണ്ട്, അതു പോലെ ധാരാളം വന്യമൃഗങ്ങളുണ്ട്. അ പ്പോൾ തിരുമേനി(ﷺ) അദ്ദേഹത്തോട് ചോദിക്കു കയുണ്ടായി: 'നമസ്കാരത്തിലേക്ക് വരുവീൻ, വി ജയത്തിലേക്ക് വരുവീൻ' എന്നത് നീ കേൾക്കാ

റുണ്ടോ? എങ്കിൽ നീ അതിലേക്ക് വരേണ്ടതു ണ്ട് '' (അബൂ ദാവൂദ്).

ഇവിടെ നാം പ്രത്യേകിച്ച് മനസിലാക്കേണ്ട കാര്യം ഇബ്നു ഉമ്മുമക്തൂം(ﷺ) അന്ധനാണ്, അദ്ദേഹത്തിന് വഴികാട്ടിയില്ല, വീട് വളരെ ദൂരെ യാണ്, മാത്രവുമല്ല മദീനയിൽ ധാരാളം ഇഴ ജ ന്തുക്കളും, വന്യമൃഗങ്ങളുമാണ് അവ ആക്രമിക്കു മെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ഏകദേശം അഞ്ച് തടസ്സങ്ങൾ ഉണ്ടായിട്ട് പോലും തിരുമേനി(ﷺ) അദ്ദേഹത്തോട് കൽപിക്കുന്നത് നീ ബാങ്ക് കേൾക്കുന്നുവെങ്കിൽ അതിന് ഉത്തരം നൽ കി പള്ളിയിലേക്ക് വരണമെന്നാണ്. നാം ചിന്തി ക്കുക, അല്ലാഹുവിന്റെ അനുഗ്രഹമായ രണ്ട് ക ണ്ണുകൾ നമുക്ക് അല്ലാഹു നൽകി, നടക്കേണ്ടതി ല്ല, അല്ലാഹുവിന്റെ അനുഗ്രഹമായ വാഹനം നമു ക്കുണ്ട്, വന്യമൃഗങ്ങളുടേയോ, ഇഴജന്തുക്കളുടെ യോ ഭയം നമുക്കില്ല. എന്നിട്ട് പോലും പള്ളി മിനാരങ്ങളിൽനിന്ന് 'നമസ്കാരത്തിലേക്ക് വരു വീൻ, വിജയത്തിലേക്ക് വരുവീൻ' എന്ന സുന്ദര

മനോഹരമായ അല്ലാഹുവിന്റെ വിളിയാളം അല്ലാഹുവിന്റെ ഭവനത്തിന്റെ മിനാരങ്ങളിൽ നിന്നും നമ്മുടെ കർണ്ണപുടങ്ങളിലേക്ക് എത്തിയിട്ടും എന്തെ നമുക്ക് അതിന് ഉത്തരം നൽകുവാൻ ഒരു മടി.? നാം യഥാർത്ഥ വിശ്വാസികളാണോ, അത് അളക്കേണ്ടതും, തീരുമാനിക്കേണ്ടതും ഈ വരികൾ വായിക്കുന്ന ഓരോരുത്തരുമാണ്...!

**ബാങ്കിന് ഉത്തരം നൽകി പള്ളിയിൽ വരുക:**

ഒരാൾ നമസ്കാരത്തിനുള്ള ബാങ്ക് കേട്ടിട്ട് അതിന് ഉത്തരം നൽകി പള്ളിയിൽ ജമാഅത്തായി നമസ്കാതിരിക്കുകയാണെങ്കിൽ അവന് നമസ്കാരമില്ലായെന്നാണ് താഴെ വരുന്ന ഹദീസ് നമ്മെ പഠിപ്പിക്കുന്നത്. ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത് അവൻ വീട്ടിൽ നിന്ന് നമസ്കരിച്ചാൽ അവന്റെ നമസ്കാരം സ്വീകരിക്കുകയില്ലായെന്നാണ്.

( عَنِ ابْنِ عَبَّاسٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنْ سَمِعَ النِّدَاءَ فَلَمْ يَأْتِهِ فَلاَ صَلاَةَ لَهُ إِلاَّ مِنْ عُـذْرٍ ) (إبن ماجه- حديث صحيح)

ഇബ്നു അബ്ബാസ്(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: ‘ആരെങ്കിലും ബാങ്ക് കേട്ടിട്ട് അതിന് (പള്ളിയിലേക്ക്) വരുന്നില്ലായെങ്കിൽ അവന് നമസ്കാരമില്ല, ഒഴിവ് കഴിവ് കൂടാതെ’ (ഇബ്നുമാജ– സ്വഹീഹായ ഹദീസ്)

അതായത് ബാങ്ക് കേട്ടിട്ട് അതിന് ഉത്തരം നൽകി പള്ളിയിൽ വരുന്നില്ലായെങ്കിൽ അവൻ വീട്ടിൽ വെച്ച് നമസ്കരിച്ചാലും ശരി, അവന് നമസ്കാരമില്ല. അവൻ പള്ളിയിൽ വന്ന് തന്നെ നമസ്കരിക്കണം.

**കപട വിശ്വാസിയുടെ ലക്ഷണം:**

ജമാഅത്ത് നമസ്കാരം ഉപേക്ഷിക്കുന്നത് കപടവിശ്വാസിയുടെ ലക്ഷണമായിട്ടാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്:

( عَنْ أَبِي الْأَحْوَصِ قَالَ: قَالَ عَبْدُ اللَّهِ لَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنِ الصَّلاَةِ إِلاَّ مُنَافِقٌ قَدْ عُلِمَ نِفَاقُهُ أَوْ مَرِيضٌ إِنْ كَانَ الْمَرِيضُ

لَيَمْشِي بَيْنَ رَجُلَيْنِ حَتَّى يَأْتِيَ الصَّلاَةَ وَقَالَ إِنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَلَّمَنَا سُنَنَ الْهُدَى وَإِنَّ مِنْ سُنَنِ الْهُدَى الصَّلاَةَ فِي الْمَسْجِدِ الَّذِي يُؤَذَّنُ فِيهِ ) (مسلم)

അബുൽ അഹ്വസിൽ(ﷺ) നിന്ന് നിവേദനം: അബ്ദുല്ലാഹ് പറഞ്ഞു: 'രോഗികളോ, കാപട്യം അറിയപ്പെട്ട കപടവിശ്വാസികളോ അല്ലാതെ നമസ്കാരത്തെ തൊട്ട് ആരും പിന്തുന്നതായി ഞങ്ങൾ കാണാറില്ലായിരുന്നു, രോഗിയാണെങ്കിൽ രണ്ടാളുകൾക്കിടയിൽ നടന്നുകൊണ്ടെങ്കിലും നമസ്കാരത്തിലേക്ക് വരാറുണ്ടായിരുന്നു.' അദ്ദേഹം തുടരുന്നു: 'തീർച്ചയായും പ്രവാചകൻ(ﷺ) ഞങ്ങൾക്ക് സന്മാർഗചര്യ പഠിപ്പിച്ച് തന്നിരിക്കുന്നു, ആ സന്മാർഗ ചര്യയിൽ പെട്ടതാണ് ബാങ്ക് കൊടുക്കുന്ന പള്ളിയിൽ വെച്ച് നമസ്കരിക്കുകയെന്നത്' (മുസ്ലിം).

ഒരു ഹദീസും കൂടി ശ്രദ്ധിക്കുക:

( عَنْ أَبِي الأَحْوَصِ عَنْ عَبْدِ اللَّهِ قَالَ: مَنْ سَرَّهُ أَنْ يَلْقَى اللَّهَ غَدًا مُسْلِمًا فَلْيُحَافِظْ عَلَى هَؤُلاَءِ الصَّلَوَاتِ حَيْثُ يُنَادَى بِهِنَّ فَإِنَّ اللَّهَ شَرَعَ لِنَبِيِّكُمْ صَلَّى اللَّه عَلَيْهِ وَسَلَّمَ سُنَنَ الْهُدَى وَإِنَّهُنَّ مِنْ سُنَنِ الْهُدَى وَلَوْ أَنَّكُمْ صَلَّيْتُمْ فِي بُيُوتِكُمْ كَمَا يُصَلِّي هَذَا الْمُتَخَلِّفُ فِي بَيْتِهِ لَتَرَكْتُمْ سُنَّةَ نَبِيِّكُمْ وَلَوْ تَرَكْتُمْ سُنَّةَ نَبِيِّكُمْ لَضَلَلْتُمْ وَمَا مِنْ رَجُلٍ يَتَطَهَّرُ فَيُحْسِنُ الطُّهُورَ ثُمَّ يَعْمِدُ إِلَى مَسْجِدٍ مِنْ هَذِهِ الْمَسَاجِدِ إِلاَّ كَتَبَ اللَّهُ لَهُ بِكُلِّ خَطْوَةٍ يَخْطُوهَا حَسَنَةً وَيَرْفَعُهُ بِهَا دَرَجَةً وَيَحُطُّ عَنْهُ بِهَا سَيِّئَةً وَلَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنْهَا إِلاَّ مُنَافِقٌ مَعْلُومُ النِّفَاقِ وَلَقَدْ كَانَ الرَّجُلُ يُؤْتَى بِهِ يُهَادَى بَيْنَ الرَّجُلَيْنِ حَتَّى يُقَامَ فِي الصَّفِّ ) (مسلم)

അബുൽ അഹ്വസ്വി(﵁)ൽ നിന്ന് നിവേദനം: 'മുസ്ലിമായി നാളെ ആരെങ്കിലും അല്ലാഹുവിനെ കണ്ട്മുട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമസ്കാരത്തിന് വേണ്ടി വിളിക്കുന്ന സ്ഥലത്ത് പോയി ഈ നമസ്കാരങ്ങളെ അവൻ സംരക്ഷി (നിർവ്വഹി) ക്കട്ടെ. കാരണം അല്ലാഹു നിങ്ങളുടെ പ്ര

വാചകന് സന്മാർഗചര്യ നിയമമാക്കിയിരിക്കുന്നു, അത് (നമസ്കാരം അതിന്വേണ്ടി വിളിക്കുന്ന സ്ഥലങ്ങളിൽ നിർവ്വഹിക്കുകയെന്നത്) സന്മാർഗ ചര്യയിൽ പെട്ടതാണ്. നമസ്കാരത്തെ തൊട്ട് പിന്തുന്നവർ വീട്ടിൽനിന്ന് നമസ്കരിക്കുന്നത് പോലെ നിങ്ങൾ നിങ്ങളുടെ വീട്ടിൽ വെച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചിരിക്കുന്നു, നിങ്ങളുടെ പ്രവാചകന്റെ ചര്യ നിങ്ങൾ ഉപേക്ഷിച്ചാൽ നിങ്ങൾ വഴികേടിലാവുന്നതാണ്. ആരെങ്കിലും നല്ല രൂപത്തിൽ വുദുവെടുത്ത്കൊണ്ട് ഇങ്ങനെയുള്ള പള്ളികളിലെ ഏതെങ്കിലും ഒരു പള്ളിയിലേക്ക് പോവുകയാണെങ്കിൽ ഓരോ കാലടിക്കും ഓരോ നന്മകൾ രേഖപ്പെടുത്തുകയും, ഓരോ പദവികൾ ഉയർത്തുകയും, ഓരോ പാപങ്ങൾ മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. കാപട്യം അറിയപ്പെട്ട കപട വിശ്വാസിയല്ലാതെ ഓരാളും നമസ്കാരത്തിൽ നിന്ന് പിന്തി നിൽക്കുന്നതായി ഞങ്ങൾ കാണാറില്ല, ചിലപ്പോൾ ഒരാൾ രണ്ടാളുകളുടെ ചുമലിൽ കൈ വെച്ച് കൊണ്ടെങ്കിലും വന്നുകൊണ്ട് നമസ്

കാരത്തിന്റെ അണിയിൽ നിൽക്കാറുണ്ടായിരുന്നു' (മുസ്ലിം)

ഇനി നാം ചിന്തിക്കുക പള്ളിയിലെ ജമാഅത്ത് ഒഴിവാക്കുവാൻ നമുക്ക് എന്ത് ന്യായീകരണമാണ് ഉള്ളത്? ഓരോ വിശ്വാസികളും ചിന്തിക്കേണ്ട കാര്യമാണ്. ജമാഅത്തിൽ കുറച്ചാളുകൾ പങ്കെടുക്കുകയും മറ്റുള്ള ആളുകൾ വീട്ടിൽ നമസ്കരിക്കുകയും ചെയ്യുകയെന്നതിന് തെളിവ് ഇല്ലായെന്നർത്ഥം. ജമാഅത്ത് നമസ്കാരം ഓരോ മുസ്ലിമിനും നിർബ്ബന്ധമാണെന്നാണ് പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്, ഈ കാര്യം ബോധ്യം വന്നിട്ടുള്ള ഓരോ മുസ്ലിമും പള്ളിയിൽ ജമാഅത്തായി നമസ്കരിക്കട്ടെ.

## ഇരുപത്തേഴ് ഇരട്ടി പ്രതിഫലം:

പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കുന്നതിന് തനിയെ നമസ്കരിക്കുന്നതിനേക്കാൾ ഇരുപത്തേഴ് ഇരട്ടി പ്രതിഫലം ഉണ്ട്. തിരുവചനം നാം കാണുക:

( عَنْ عَبْدِاللَّهِ بْنِ عُمَـرَ أَنَّ رَسُـولَ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ قَالَ: صَلاَةُ الْجَمَاعَةِ تَفْضُلُ صَلاَةَ الْفَذِّ بِسَبْعٍ وَعِشْرِينَ دَرَجَـةً )
(بخاري)

അബ്ദുല്ലാഹ് ഇബ്നു ഉമർ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ‘ജമാഅത്തായുള്ള നമസ്കാരം ഒറ്റക്കുള്ള നമസ്കാരത്തേക്കാൾ ഇരുപത്തേഴിരട്ടി പദവിയു (പ്രതിഫലമു) ള്ളതാണ്.’ (ബുഖാരി).

### ജമാഅത്തിന് ആളുകൾ കൂടുന്നതിനനുസരിച്ച്...

പള്ളിയിൽ ജമാഅത്തിന് ആളുകൾ കൂടുന്നതിനനുസരിച്ച് പ്രതിഫലവും വർദ്ധിക്കും, അതുപോലെ അല്ലാഹുവിനത് കൂടുതൽ ഇഷ്ടവുമാണെന്ന് തിരുനബി(ﷺ)യുടെ തിരു വചനം നമ്മെ പഠിപ്പിക്കുന്നത് നാം കാണുക:

( عَنْ أُبَيِّ بْنِ كَعْبٍ قَالَ: صَـلَّى بِنَـا رَسُـولُ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَلَّمَ يَوْمًا الصُّبْحَ فَقَالَ: أَشَاهِدٌ فُلاَنٌ قَالُوا لاَ قَالَ أَشَاهِدٌ فُـلاَنٌ

قَالُوا لاَ قَالَ إِنَّ هَاتَيْنِ الصَّلاَتَيْنِ أَثْقَلُ الصَّلَوَاتِ عَلَى الْمُنَافِقِينَ وَلَوْ تَعْلَمُونَ مَا فِيهِمَا لأَتَيْتُمُوهُمَا وَلَوْ حَبْوًا عَلَى الرُّكَبِ وَإِنَّ الصَّفَّ الأَوَّلَ عَلَى مِثْلِ صَفِّ الْمَلاَئِكَةِ وَلَوْ عَلِمْتُمْ مَا فَضِيلَتُهُ لاَبْتَدَرْتُمُوهُ وَإِنَّ صَلاَةَ الرَّجُلِ مَعَ الرَّجُلِ أَزْكَى مِنْ صَلاَتِهِ وَحْدَهُ وَصَلاَتُهُ مَعَ الرَّجُلَيْنِ أَزْكَى مِنْ صَلاَتِهِ مَعَ الرَّجُلِ وَمَا كَثُرَ فَهُوَ أَحَبُّ إِلَى اللَّهِ تَعَالَى) (أبوداود)

ഉബയ്യ്ബ്ന കഅ്ബ്(ﷺ) പറയുന്നു: 'ഒരു ദിവസം പ്രവാചകൻ(ﷺ) ഞങ്ങളെയും കൊണ്ട് സുബ്ഹി നമസ്കരിക്കുകയുണ്ടായി, എന്നിട്ട് ഇന്ന വ്യക്തി നമസ്കാരത്തിന് സന്നിഹിതനായിട്ടുണ്ടോ?, ഇന്ന വ്യക്തി നമസ്കാരത്തിന് സന്നിഹിതനായിട്ടുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. സ്വഹാബികൾ പറഞ്ഞു: 'ഇല്ല പ്രവാചകരെ,' അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: 'ഈ രണ്ട് നമസ്കാരങ്ങളാണ് കപട വിശ്വാസികൾക്ക് ഭാരം കൂടിയത്, എന്നാൽ അവക്കുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ അവരുടെ മുട്ടുകളി

ൽ ഇഴഞ്ഞ്കൊണ്ടെങ്കിലും അതിലേക്ക് എത്തി ച്ചേരുമായിരുന്നു, ഒന്നാമത്തെ സ്വഫ്ഫിനുള്ള പ്ര ത്യേകത മലക്കുകളുടെ സ്വഫ്ഫ് പോലെയാണ്, അവർ അതിന്റെ പ്രതിഫലം മനസിലാക്കിയിരു ന്നെങ്കിൽ അത് കരസ്ഥമാക്കുവാൻ വേണ്ടി അവർ ധൃതിപ്പെട്ട് വരുമായിരുന്നു, ഒരാൾ മറ്റൊരാളുമായി ജമാഅത്തായി നമസ്കരിക്കുന്നതാണ് അയാൾ ഒറ്റക്ക് നമസ്കരിക്കുന്ന തിനേക്കാൾ ഏറ്റവും നല്ലത്, ഒരാൾ രണ്ടാളുമായി ജമാഅത്തായി നമ സ്കരിക്കുന്നതാണ് രണ്ടാൾ ജമാഅത്തായി നമ സ്കരിക്കുന്നതിനേക്കാൾ ഏറ്റവും നല്ലത്, എത്ര ത്തോളം ആളുകൾ വർദ്ദിക്കുന്നുവോ അത്രക്കും അല്ലാഹുവിന് ഇഷ്ടമാണത്' (അബൂദാവൂദ്)

**പിശാചിൽ നിന്ന് സംരക്ഷണം:**

ഒരു പ്രദേശത്ത് മൂന്നാളോ അതിൽ കൂടുത ലോ ഉണ്ടെങ്കിൽ അവർ അവിടെ ജമാഅത്തായി നമസ്കരിക്കേണ്ടതുണ്ട്. റസൂലുല്ലാഹ്(ﷺ) പറ യുന്നു:

(عَنْ أَبِي الدَّرْدَاءِ قَالَ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَــلَّمَ يَقُولُ: مَا مِنْ ثَلاَثَةٍ فِي قَرْيَةٍ وَلاَ بَدْوٍ لاَ تُقَامُ فِيهِمُ الصَّلاَةُ إِلاَّ قَدِ اسْتَحْوَذَ عَلَيْهِمُ الشَّيْطَانُ فَعَلَيْكَ بِالْجَمَاعَةِ فَإِنَّمَا يَأْكُـلُ الذِّئْـبُ الْقَاصِيَةَ ) (أبوداود)

അബൂദർദാഅ്(ﷺ)വിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'ഒരു നാട്ടിലോ ഗ്രാമത്തിലോ മൂന്നാളുകളോ, അതുപോലെ ഗ്രാമീണരോ ആയവർ ഉണ്ടെങ്കിൽ അവർക്കിടയിൽ നമസ്കാരം ജമാഅത്തായി നിലനിർത്തുന്നില്ലായെങ്കിൽ അവരെ പിശാച് അതിജയിക്കുന്നതാണ്, അതുകൊണ്ട് നീ ജമാഅത്ത് നമസ്കാരത്തെ സൂക്ഷിക്കുക, ഒറ്റപ്പെട്ട് നിൽക്കുന്നവനെയാണ് ചെന്നായ പിടിക്കുന്നത്' (അബൂദാവൂദ്)

## കാപട്യം, നരകം എന്നിവയിൽ നിന്ന് മോചനം:

ആരെങ്കിലും നാൽപത് ദിവസം തക്ബീറത്തുൽ ഇഹ്റാം ലഭിക്കുന്ന രൂപത്തിൽ ജമാഅത്തായി നമസ്കരിച്ചാൽ അവന് കാപട്യത്തിൽ

നിന്നും, നരകത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതാണ്. തിരുവചനം ശ്രദ്ധിക്കുക:

( عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ صَلَّى لِلَّهِ أَرْبَعِينَ يَوْمًا فِي جَمَاعَةٍ يُدْرِكُ التَّكْبِيرَةَ الأُولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنَ النَّارِ وَبَرَاءَةٌ مِنَ النِّفَاقِ ) (الترمذي- حسنه الألباني)

അനസ്ബ്നു മാലിക്(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: 'ആരെങ്കിലും അല്ലാഹുവിന് വേണ്ടി തക്ബീറത്തുൽ ഇഹ്റാം ലഭിക്കുന്ന രൂപത്തിൽ നാൽപത് ദിവസം ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അവന് രണ്ട് സുരക്ഷിതത്വമുണ്ട്, നരകത്തിൽ നിന്നുള്ള സുരക്ഷിതത്വവും, കാപട്യത്തിൽനിന്നുള്ള സുരക്ഷിതത്വവും' (തിർമിദി, അൽബാനി ഹസനാക്കിയ ഹദീസ്).

**അല്ലാഹുവിന്റെ സംരക്ഷണത്തിൽ:**

ആരെങ്കിലും സുബ്ഹി നമസ്കാരം നിർവ്വഹിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിന്റെ സരംക്ഷണത്തിലാണ്.

عَنْ جُنْدَبُ بْنَ عَبْدِ اللَّهِ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ : مَنْ صَلَّى الصُّبْحَ فَهُوَ فِي ذِمَّةِ اللَّهِ ...) (مسلم)

ജുൻദുബ്ബ്നു അബ്ദില്ലാഹ്(ﷺ)വിൽ നിന്ന് നിവേദനം: ‘പ്രവാചകൻ(ﷺ) പറയുന്നു: ‘ആരെങ്കിലും സുബ്ഹി നമസ്കരിച്ചാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാകുന്നു...’ (മുസ്ലിം)

## രാത്രി മുഴുവനും നമസ്കരിച്ച പ്രതിഫലം

ആരെങ്കിലും ഇശാഅ് ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ രാത്രിയുടെ പകുതി മുഴുവനും നിന്ന് നമസ്കരിക്കുന്നതിന് തുല്യവും, ആരെങ്കിലും സുബ്ഹി ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അവൻ രാത്രി മുഴുവനും നിന്ന് നമസ്കരിച്ച പ്രതിഫലം ലഭിക്കുന്നതാണ് എന്ന തിരുവചനം നമ്മെ പഠിപ്പിക്കുന്നത് കാണുക:

(عن عَبْدُ الرَّحْمَنِ بْنُ أَبِي عَمْرَةَ قَالَ: دَخَلَ عُثْمَانُ بْنُ عَفَّانَ الْمَسْجِدَ بَعْدَ صَلاَةِ الْمَغْرِبِ فَقَعَدَ وَحْدَهُ فَقَعَدْتُ إِلَيْهِ فَقَالَ يَا ابْنَ أَخِي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ صَلَّى الْعِشَاءَ فِي جَمَاعَةٍ فَكَأَنَّمَا قَامَ نِصْفَ اللَّيْلِ وَمَنْ صَلَّى الصُّبْحَ فِي جَمَاعَةٍ فَكَأَنَّمَا صَلَّى اللَّيْلَ كُلَّهُ ) (مسلم)

അബ്ദുർറഹ്മാനബ്നു അബൂ അമ്ർ(﵁) പറയുന്നു: 'ഉഥ്മാനബ്നു അഫ്ഫാൻ(﵁) മഗ്‌രിബ് നമസ്കാരത്തിന് ശേഷം പള്ളിയിൽ പ്രവേശിക്കുകയും ഒരിടത്ത് ഒറ്റക്ക് ഇരിക്കുകയും ചെയ്തു, അങ്ങിനെ ഞാനദ്ദേഹത്തിന്റെ അടുത്തിരുന്നു, അപ്പോൾ എന്നോട് അദ്ദേഹം പറഞ്ഞു: 'എന്റെ സഹോദരന്റെ പുത്രാ, പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: ആരെങ്കിലും ഇശാഅ് ജമാഅത്തായി നമസ്കരിച്ചാൽ അവൻ പകുതി രാത്രി മുഴുവനും നിന്ന് നമസ്കരിച്ച പോലെയാണ്, ആരെങ്കിലും സുബ്ഹി ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി മുഴുവനും നമസ്കരിച്ച പോലെയാകുന്നു' (മുസ്ലിം)

**മലക്കുകളുടെ പ്രാർത്ഥന ലഭിക്കും:**

നമസ്കാരം പ്രതീക്ഷിച്ച് കൊണ്ട് ആരെങ്കിലും പള്ളിയിൽ ഇരിക്കുകയാണെങ്കിൽ ആ സമയം മുഴുവനും അല്ലാഹുവിന്റെ കൽപനകൾ മാത്രം അനുസരിക്കുന്ന മാലാഖമാരുടെ പ്രാർത്ഥന അവർക്ക് ലഭിക്കുന്നതാണ്. റസൂലുല്ലാഹ്(ﷺ)യുടെ വചനം നാം ശ്രദ്ധിക്കൂ.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: لاَ يَزَالُ الْعَبْدُ فِي صَلاَةٍ مَا كَانَ فِي مُصَلاَّهُ يَنْتَظِرُ الصَّلاَةَ وَتَقُولُ الْمَلاَئِكَةُ اللَّهُمَّ اغْفِرْ لَهُ اللَّهُمَّ ارْحَمْهُ حَتَّى يَنْصَرِفَ أَوْ يُحْدِثَ )

(مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറഞ്ഞു: 'ആരെങ്കിലും നമസ്കാരം പ്രതീക്ഷിച്ചിരിക്കുകയാണെങ്കിൽ അവൻ നമസ്കാരത്തിൽ തന്നെയാണ്, അവന് വേണ്ടി മലക്കുകൾ 'അല്ലാഹുവെ അവന് പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവെ അവനോട് കാരുണ്യം കാണിക്കേ

ണമേ' എന്ന് അവൻ അവിടെ നിന്ന് പിന്തിരിയുകയോ, അവന്റെ വുദു മുറിയുകയോ ചെയ്യുന്നത് വരെ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നതാണ്' (മുസ്ലിം).

നാം മുകളിൽ വിവരിച്ച തെളിവിന്റെ അടിസ്ഥാനത്തിൽ പള്ളിയിലുള്ള ജമാഅത്തിൽ പങ്കെടുക്കൽ ഓരോ മുസ്ലിമിന്റെയും നിർബ്ബന്ധ ബാധ്യതയാണെന്ന് നാം മനസിലാക്കി. ഇനി ഈ അക്ഷരങ്ങൾ വായിക്കുന്ന ഓരോ മുസ്ലിമും ചിന്തിക്കുക, ഞാൻ എത്ര ജമാഅത്തിനാണ് പങ്കെടുക്കുന്നത്? എത്ര ജമാഅത്താണ് എനിക്ക് നഷ്ടപ്പെടുന്നത് എന്നും ചിന്തിക്കുക. എന്നിട്ട് പങ്കെടുക്കുവാൻ കഴിയാത്തതിനുള്ള കാരണം എന്താണ് എന്ന് മനസിലാക്കുകയും, ആ തടസ്സങ്ങൾ ഒഴിവാക്കി ഓരോ ദിവസവും അഞ്ച് നേരം പള്ളിയിൽ തന്നെ പോയി ജമാഅത്തിൽ പങ്കെടുക്കുവാൻ പരിശ്രമിക്കുക. അല്ലായെങ്കിൽ നമസ്കാരത്തെ തൊട്ട് അശ്രദ്ധരായ നമസ്കാരക്കാർക്ക് അല്ലാഹു ഒരുക്കിയിട്ടുള്ള 'വൈൽ' എന്ന നരകമായിരിക്കും പ

രലോകത്ത് നമുക്ക് അല്ലാഹു നൽകുക. അല്ലാഹു നമ്മെ അതിൽ നിന്ന് കാത്ത് രക്ഷിക്കുമാറാവട്ടെ.

( فَوَيْلٌ لِلْمُصَلِّينَ * الَّذِينَ هُمْ عَنْ صَلاَتِهِمْ سَاهُونَ) (الماعون: ٤-٥)

'എന്നാൽ നമസ്കാരക്കാർക്കാകുന്നു നാശം. തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായവർക്ക്' (മാഊൻ:4–5)

ഇവിടെ നമസ്കാരത്തെ തൊട്ട് അശ്രദ്ധരായി നമസ്കരിക്കുന്നവർക്കാണ് നാശം, അതായത് അത് നിർവ്വഹിക്കേണ്ട രൂപത്തിൽ നിർവ്വഹിക്കാത്തവർക്കാണ് നാശം, അതിന്റെ സമയത്ത് ജമാഅത്തായി നമസ്കരിക്കേണ്ടതുണ്ട് എന്നാണ് ഈ ആയത്തും നമ്മെ പഠിപ്പിക്കുന്നത്. അല്ലായെങ്കിൽ അവന് നാശമായിരിക്കും. നരകത്തിൽ പ്രവേശിക്കുന്നവർക്ക് ശിക്ഷ ആസ്വദിക്കുവാനായി തൊലികൾ മാറ്റി മാറ്റി നൽകുന്നതാണ്. അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ كَفَرُوا بِآيَاتِنَا سَوْفَ نُصْلِيهِمْ نَارًا كُلَّمَا نَضِجَتْ جُلُودُهُمْ بَدَّلْنَاهُمْ جُلُودًا غَيْرَهَا لِيَذُوقُوا الْعَذَابَ إِنَّ اللَّهَ كَانَ عَزِيزًا حَكِيمًا) (النساء:٥٦)

‘തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചു കൊണ്ടിരിക്കാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു.’ (നിസാഅ്: 56)

അഞ്ച് നമസ്കാരങ്ങളും കൃത്യമായി പള്ളിയിൽ പോയി നമസ്കരിക്കുന്ന സത്യവിശ്വാസികളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാവട്ടെ, നരകത്തിൽ നിന്ന് രക്ഷിച്ച് സ്വർഗത്തിൽ നമ്മെ പ്രവേശിക്കുമാറാവട്ടെ. ആമീൻ.

# വിശുദ്ധ ഖുർആൻ പാരായണവും പഠനവും,

ലോകത്തിലെ ഉൽകൃഷ്ട ജീവിയാണ് മനുഷ്യൻ. ആ മനുഷ്യൻ ജീവിക്കേണ്ടത് അവനെ സൃഷ്ടിച്ച രക്ഷിതാവിന്റെ നിയമങ്ങൾക്ക് വിധേയമായിട്ടാണ്. ദൈവിക നിയമങ്ങൾ കാലാകാലങ്ങളിൽ മനുഷ്യർക്കെത്തിക്കുവാനായി പ്രവാചകന്മാരെയും അവരോടൊപ്പം വേദഗ്രന്ഥങ്ങളും അല്ലാഹു നിയോഗിക്കുകയുണ്ടായി. പ്രവാചക ശൃംഖലയുടെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ്(ﷺ). അദ്ദേഹത്തിലൂടെ ലോക വിമോചനത്തിന് വേണ്ടി അല്ലാഹു അവതരിപ്പിച്ചിട്ടുള്ള വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഇന്ന് വേദഗ്രന്ഥങ്ങളാണെന്ന് പറയുന്ന ഗ്രന്ഥങ്ങളിൽ സ്വയം തന്നെ ദൈവികമാണെന്ന് വാദിക്കുന്ന ഏകഗ്രന്ഥം. ഏകദേശം പതിനാല് നൂറ്റാണ്ടുകളായി യാതൊരു മാറ്റത്തിരുത്തലും കൂടാതെ നില നിൽക്കുന്ന ഏക വേദഗ്രന്ഥം. അവസാനനാൾ വരെ നിലനിൽക്കു

ന്ന മാർഗദർശകഗ്രന്ഥം. സകല സത്യത്തിലേക്കും വഴിനടത്തുന്ന ഗ്രന്ഥം. ലോകർക്ക് നീതിയെന്ത് എന്ന് പഠിപ്പിച്ച വിശുദ്ധഗ്രന്ഥം.

വിശുദ്ധഖുർആൻ പഠിക്കുകയും, അതുൾ കൊള്ളുകയും, അതനുസരിച്ച് ജീവിക്കുകയും ചെയ്യേണ്ടത് ഓരോ മനുഷ്യരുടെയും ബാധ്യതയാണ്. വിശുദ്ധഖുർആൻ എന്താണ്? അതിലുൾകൊള്ളുന്ന ആശയങ്ങൾ എന്തെല്ലാം? തുടങ്ങിയ കാര്യങ്ങൾ ഓരോരുത്തരും മനസിലാക്കേണ്ടതുണ്ട്. മുസ്ലീംകളുടെ കൈകളിലുള്ള ഈ വിശുദ്ധഗ്രന്ഥം മാനവരാശിയുടെ മൊത്തം വേദഗ്രന്ഥമാണ്. വിശുദ്ധ ഖുർആൻ പഠിച്ചയാളുകൾ അത് പഠിക്കാത്തവർക്ക് എത്തിച്ച് കൊടുക്കൽ അവരുടെ ബാധ്യതയാണ്. പഠിക്കാത്തവർ പഠിക്കുകയും ചെയ്യുക. വിശുദ്ധ ഖുർആൻ പഠിക്കുന്നതിന്റെയും പാരായണം ചെയ്യുന്നതിന്റെയും ശ്രേഷ്ഠതയാണ് ഈ ചെറുലേഖനത്തിലൂടെ വിവരിക്കുന്നത്.

**ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുന്നു:**

വിശുദ്ധഖുർആൻ പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യുകയാണെങ്കിൽ ഏറ്റവും ശരിയായ പാതയിലൂടെ സഞ്ചരിക്കുവാൻ സാധിക്കുന്നു. അല്ലാഹു പറയുന്നു:

(إِنَّ هَذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ وَيُبَشِّرُ الْمُؤْمِنِينَ الَّذِينَ يَعْمَلُونَ الصَّالِحَاتِ أَنَّ لَهُمْ أَجْرًا كَبِيرًا) (الاسراء :9)

അല്ലാഹു പറയുന്നു: 'തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു' (ഇസ്രാഅ്: 9).

**ഏറ്റവും ഉത്തമർ:**

വിശുദ്ധഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് അല്ലാഹുവിന്റെ അടുത്ത് ഏറ്റവും ഉത്തമർ

عَنْ عُثْمَانَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَـالَ خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ ) (بخاري)

ഉഥ്മാൻ(ﷻ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നു: "നിങ്ങളിൽ ഏറ്റവും ഉത്തമർ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാകുന്നു" (ബുഖാരി)

**ഖുർആൻ ശുപാർശ ചെയ്യും:**

വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവർക്ക് പരലോകത്ത് ഖുർആൻ അല്ലാഹുവിനോട് ശുപാർശ ചെയ്യുന്നതാണ്.

عن أَبُي أُمَامَةَ الْبَاهِلِيُّ قَالَ سَـمِعْتُ رَسُـولَ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَلَّمَ يَقُـولُ: اقْـرَءُوا الْقُـرْآنَ فَإِنَّـهُ يَـأْتِي يَـوْمَ الْقِيَامَـةِ شَـفِيعًا لِأَصْحَابِهِ (بخاري)

അബൂഉമാമ(ﷻ)യിൽ നിന്ന് നിവേചനം: അദ്ദേഹം പ്രവാചകൻ(ﷺ) പറയുന്നതായി കേട്ടു: 'നി

ങ്ങൾ ഖുർആൻ പാരായണം ചെയ്യുക. കാരണം അവസാനനാളിൽ അത് പാരായണം ചെയ്തവർക്ക് വേണ്ടി ശുപാർശ ചെയ്യുന്നതാണ്' (മുസ്ലിം)

## പ്രയാസപ്പെട്ട് പാരായണം ചെയ്യുന്നവർക്ക് രണ്ട് പ്രതിഫലം:

വിശുദ്ധഖുർആൻ ഇറങ്ങിയ ഭാഷയായ അറബി പഠിക്കുവാൻ ഓരോ മുസ്ലിമും പരിശ്രമിക്കേണ്ടതുണ്ട്. കാരണം ഖുർആനിന്റെ യഥാർത്ഥ ആശയവും, അർത്ഥവും അറബി പഠിച്ചാലേ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. അങ്ങിനെ അറബി പഠിച്ച് വരുന്ന ഒരാൾ അക്ഷരങ്ങൾ ഓരോന്നും കൂട്ടിയോജിപ്പിച്ച്കൊണ്ട് തപ്പിത്തടഞ്ഞ് ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അവന് രണ്ട് പ്രതിഫലമുണ്ടെന്നാണ് പ്രവാചകൻ(ﷺ) പറയുന്നത്:

(وَالَّذِي يَقْرَأُ الْقُرْآنَ وَيَتَتَعْتَعُ فِيهِ وَهُوَ عَلَيْـهِ شَـاقٌّ لَهُ أَجْـرَانِ )

(متفق عليه)

'വളരെ ബുദ്ധിമുട്ടിക്കൊണ്ട് തപ്പിത്തടഞ്ഞ് ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അവന് രണ്ട് പ്രതിഫലമുണ്ട്' (മുത്തഫഖുൻ അലൈഹി)

**ഖുർആൻ പാരായണം ചെയ്യുന്നവന്റെ ഉപമ:**

ഖുർആൻ പാരായണം ചെയ്യുന്നവരുടെ ഉപമ കാണുക:

عَنْ أَبِي مُوسَى عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الْمُؤْمِنُ الَّذِي يَقْرَأُ الْقُرْآنَ وَيَعْمَلُ بِهِ كَالْأُتْرُجَّةِ طَعْمُهَا طَيِّبٌ وَرِيحُهَا طَيِّبٌ وَالْمُؤْمِنُ الَّذِي لَا يَقْرَأُ الْقُرْآنَ وَيَعْمَلُ بِهِ كَالتَّمْرَةِ طَعْمُهَا طَيِّبٌ وَلَا رِيحَ لَهَا وَمَثَلُ الْمُنَافِقِ الَّذِي يَقْرَأُ الْقُرْآنَ كَالرَّيْحَانَةِ رِيحُهَا طَيِّبٌ وَطَعْمُهَا مُرٌّ وَمَثَلُ الْمُنَافِقِ الَّذِي لَا يَقْرَأُ الْقُرْآنَ كَالْحَنْظَلَةِ طَعْمُهَا مُرٌّ أَوْ خَبِيثٌ وَرِيحُهَا مُرٌّ ) (متفق عليه)

അബൂമൂസാ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: 'ഖുർആൻ പാരായണം ചെയ്യുകയും അത്കൊണ്ട് പ്രവർത്തിക്കുക

യും ചെയ്യുന്ന സത്യവിശ്വാസിയുടെ ഉപമ നല്ല വാസനയും സ്വാദുമുള്ള മാദളനാരങ്ങയെപോലെയാണ്, ഖുർആൻ പാരായണം ചെയ്യാത്ത, എന്നാൽ അത്കൊണ്ട് പ്രവർത്തിക്കുന്ന വിശ്വാസിയുടെ ഉപമ വാസനയില്ലാത്ത മാദുര്യമുള്ള കാരക്കയെ പോലെയാണ്, ഖുർആൻ പാരായണം ചെയ്യുന്ന കപടവിശ്വാസിയുടെ ഉപമ നല്ല വാസനയുള്ള കയ്പുരസമുള്ള റൈഹാൻ പുഷ്പം പോലെയാണ്, ഖുർആൻ പാരായണം ചെയ്യാത്ത കപടവിശ്വാസിയുടെ ഉപമ വാസനയില്ലാത്ത കയ്പുരസമുള്ള ആട്ടങ്ങ പോലെയാണ്' (മുത്തഫഖുൻ അലൈഹി).

**ഒരു അക്ഷരത്തിന് പത്ത് കൂലി:**

ഖുർആൻ പാരായണം ചെയ്യുന്നത് വളരെ പുണ്യമുള്ള കാര്യമാണ്. ഓരോ അക്ഷരത്തിനും പത്ത് കൂലിയാണ് ലഭിക്കുക.

قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ قَرَأَ حَرْفًا مِنْ كِتَابِ اللَّهِ فَلَهُ بِهِ حَسَنَةٌ وَالْحَسَنَةُ بِعَشْرِ أَمْثَالِهَا لَا أَقُولُ الم حَرْفٌ وَلَكِنْ أَلِفٌ حَرْفٌ وَلَامٌ حَرْفٌ وَمِيمٌ حَرْفٌ)

പ്രവാചകൻ(ﷺ) പറയുന്നു: 'ആരെങ്കിലും ഖുർ ആനിൽ നിന്ന് ഒരു അക്ഷരം പാരായണം ചെയ് താൽ അവന് ഒരു നന്മയുണ്ട്, ഓരോ നന്മയും പ ത്ത് നന്മയേപോലെയാണ്. അലിഫ്-ലാം-മീം എ ന്നത് ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് ഒരു അക്ഷരം, ലാം മറ്റൊരു അക്ഷരവും, മീം മറ്റൊരു അക്ഷരവുമാകുന്നു' (ദാരിമി)

### വീടുകളെ ഖബറിടങ്ങളാക്കാതിരിക്കുക:

വീടുകളിൽ ഖുർആൻ പഠിക്കുകയും പാരായ ണം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഖ ബറിടങ്ങളിൽ ഖുർആൻ പാരായണം ചെയ്യുന്നത് പ്രവാചകൻ(ﷺ) വിലക്കിയിട്ടുണ്ട്.

أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْـهِ وَسَـلَّمَ قَـالَ لَا تَجْعَلُـوا بُيُـوتَكُمْ مَقَابِرَ إِنَّ الشَّيْطَانَ يَنْفِرُ مِنَ الْبَيْتِ الَّذِي تُقْرَأُ فِيهِ سُورَةُ الْبَقَرَةِ ) (مسلم)

തിരുമേനി(ﷺ) പറയുന്നു: 'നിങ്ങൾ നിങ്ങളുടെ വീടുകളെ ഖബറിടങ്ങളാക്കരുത്, സൂറത്തുൽ ബഖറ പാരായണം ചെയ്യുന്ന വീടുകളിൽ നിന്ന് പിശാച് വിരണ്ടോടുന്നതാണ്' (മുസ്ലിം)

**രാത്രി മുഴുവനും സുരക്ഷ:**

പ്രവാചക തിരുമേനി(ﷺ) പറയുന്നു:

قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ قَرَأَ بِالْآيَتَيْنِ مِنْ آخِرِ سُـورَةِ الْبَقَرَةِ فِي لَيْلَةٍ كَفَتَاهُ) (متفق عليه)

'ആരെങ്കിലും അൽബഖറ സൂറത്തിലെ അവസാനത്തെ രണ്ട് ആയത്ത് രാത്രിയിൽ പാരായണം ചെയ്യുകയാണെങ്കിൽ അവനത് മതിയാകുന്നതാണ്' (മുത്തഫഖുൻ അലൈഹി)

**ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത്:**

عن رافع بْنِ الْمُعَلَّى قَالَ: قَالَ لِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَأُعَلِّمَنَّكَ سُورَةً هِيَ أَعْظَمُ السُّوَرِ فِي الْقُرْآنِ قَبْلَ أَنْ تَخْـرُجَ مِـنَ الْمَسْجِدِ ثُمَّ أَخَذَ بِيَدِي فَلَمَّـا أَرَادَ أَنْ يَخْـرُجَ قُلْـتُ لَهُ أَلَـمْ تَقُـلْ لَأُعَلِّمَنَّكَ سُورَةً هِيَ أَعْظَمُ سُورَةٍ فِي الْقُرْآنِ قَـالَ الْحَمْـدُ لِلَّهِ رَبِّ الْعَالَمِينَ هِيَ السَّبْعُ الْمَثَانِي ) (بخاري)

റാഫിഅ്ബ്ന മുഅല്ലാ(ﷺ)വിൽ നിന്ന്: തിരുമേനി(ﷺ) അദ്ദേഹത്തോട് പറയുകയുണ്ടായി: “നീ പള്ളിയിൽ നിന്ന് പുറത്ത്പോകുന്നതിനുമുമ്പ് ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത് നിനക്ക് ഞാൻ പഠിപ്പിച്ച് തരട്ടെയോ? എന്നിട്ട് എന്റെ കൈപിടിക്കുകയുണ്ടായി. അങ്ങനെ പുറത്ത് പോകുവാൻ ഉദ്ദേശിച്ചപ്പോൾ ഞാൻ ചോദിച്ചു: ‘പ്രവാചകരെ, ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്ത് പഠിപ്പിച്ച് തരാമെന്ന് താങ്കൾ പറഞ്ഞല്ലോ?’ അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: ‘അൽ

ഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അത് ഏഴ് ആയത്തുകളാണ്' (ബുഖാരി).

**ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂക്തം:**

قَالَ رَسُولُ اللَّهِ يَا أَبَا الْمُنْذِرِ أَتَدْرِي أَيُّ آيَةٍ مِنْ كِتَابِ اللَّهِ أَعْظَمُ قُلْتُ ( اللَّهُ لَا إِلَهَ إِلَّا هُوَ الْحَيُّ الْقَيُّومُ ) قَالَ فَضَرَبَ فِي صَدْرِي وَقَالَ وَاللَّهِ لِيَهْنِكَ الْعِلْمُ أَبَا الْمُنْذِرِ (مسلم)

പ്രവാചക തിരുമേനി(ﷺ) അബൂമുൻദിറി(رضي الله عنه)നോട് പറയുന്നു: 'അബൂമുൻദിർ(رضي الله عنه) നിനിക്ക് ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ ആയത്തേതാണെന്ന് അറിയുമോ? അപ്പോൾ ഞാൻ ആയത്തുൽ കുർസി ഓതിക്കൊടുത്തു. പ്രവാചകൻ എന്റെ നെഞ്ചിൽ തടവികൊണ്ട് എനിക്ക് ആശംസകളർപ്പിക്കുകയുണ്ടായി' (മുസ്ലിം)

**മുഅവ്വിദതൈനിയുടെ ശ്രേഷ്ഠത:**

عَنْ عَائِشَةَ رَضِي اللَّه عَنْهَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: كَانَ إِذَا اشْتَكَى يَقْرَأُ عَلَى نَفْسِهِ بِـالْمُعَوِّذَاتِ وَيَنْفُـثُ فَلَمَّـا اشْـتَدَّ وَجَعُهُ كُنْتُ أَقْرَأُ عَلَيْهِ وَأَمْسَحُ بِيَدِهِ رَجَاءَ بَرَكَتِهَا) (بخاري)

ആയിശാ(ﷺ)യിൽ നിന്നും നിവേദനം: 'പ്രവാചകന്(ﷺ) വല്ല രോഗവും ബാധിക്കുകയാണെങ്കിൽ മുഅവ്വിദതൈനി ഓതുകയും ശരീരത്തിൽ തടവുകയും ചെയ്യുമായിരുന്നു' അദ്ദേഹത്തിന് രോഗം കഠിനമായപ്പോൾ ഞാൻ മുഅവ്വിദതൈനി ഓതി പ്രവാചകൻ(ﷺ) യുടെ അനുഗ്രഹീതമായ കൈകളിൽ ഊതി ശരീരം മുഴുവനും തടവിയിരുന്നു' (ബുഖാരി)

**ദജ്ജാലിന്റെ ഫിത്നയിൽ നിന്നും സംരക്ഷണം:**

أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنْ حَفِظَ عَشْرَ آيَـاتٍ مِـنْ أَوَّلِ سُورَةِ الْكَهْـف عُصِـمَ مِـنَ الدَّجَّـالِ وفي روايـة: مِـنْ آخِـرِ الْكَهْفِ ) (مسلم)

പ്രവാചക തിരുമേനി(ﷺ) പറയുന്നു: 'ആരെങ്കിലും സൂറത്തുൽ കഹ്ഫിലെ ആദ്യത്തെ പത്ത് സൂക്തങ്ങൾ മന:പാഠമാക്കുകയാണെങ്കിൽ അവന് ദജ്ജാലിൽ നിന്നും സംരക്ഷണം ലഭിക്കുന്നതാണ്' മറ്റൊരു റിപ്പോർട്ടിൽ സൂറത്ത് കഹ്ഫിലെ അവസാന പത്ത് ആയത്ത് എന്നാണുള്ളത്' (മുസ്ലിം)

**രണ്ട് ജുമുഅ:ക്കിടയിൽ പ്രകാശം ലഭിക്കും:**

أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: من قرأ سُـورَةِ الْكَهْـف يـوم الجمعـة أضـاء له النـور مـا بـين الجمعتـين) (رواه الحـاكم والبيهقي)

പ്രവാചക തിരുമേനി(ﷺ) പറയുന്നു: 'ആരെങ്കിലും വെള്ളിയാഴ്ച ദിനം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുകയാണെങ്കിൽ അവനത് രണ്ട് ജുമുഅ: ക്കിടയിൽ പ്രകാശം നൽകുന്നതാണ്' (ഹാകിം, ബൈഹഖി)

**ഖബർ ശിക്ഷയിൽ നിന്നും സംരക്ഷണം:**

قال رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: سـورة تبـارك هي المانعـة من عذاب القبر) (رواه الحاكم وأبو نعيم)

പ്രവാചക തിരുമേനി(ﷺ) പറയുന്നു: 'തബാറക എന്ന സൂറത്ത് ഖബർ ശിക്ഷയിൽ നിന്നും സംരക്ഷണം നൽകുന്നു' (ഹാഖിമും, അബൂ നഐം)

**ഖുർആനിന്റെ മൂന്നിലൊന്ന്:**

വിശുദ്ധ ഖുർആനിന്റെ മൂന്നിലൊന്ന് എന്ന പേരിൽ അറിയപ്പെടുന്ന ഒരു സൂറത്ത് ഉണ്ട്. അതിനെ സംബന്ധിച്ച് പ്രവാചക തിരുമേനി(ﷺ) പറയുന്നു:

قَالَ رَسُولُ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَك قُـلْ هُـوَ اللَّهُ أَحَـدٌ – وَالَّذِي نَفْسِي بِيَدِهِ إِنَّهَا لَتَعْدِلُ ثُلُثَ الْقُرْآنِ ) (بخاري)

'ഖുൽ ഹുവല്ലാഹു അഹദ്' അല്ലാഹു തന്നെയാണ് സത്യം; തീർച്ചയായും അത് ഖുർആനിന്റെ മൂന്നിലൊന്നിന് സമമാണ്' (ബുഖാരി).

**സ്വർഗത്തിലൊരു കൊട്ടാരം:**

عَنْ مُعَاذِ بْنِ أَنَسٍ الْجُهَنِيِّ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنْ قَرَأَ قُلْ هُوَ اللَّهُ أَحَدٌ حَتَّى يَخْتِمَهَا عَشْرَ مَرَّاتٍ بَنَى اللَّهُ لَهُ قَصْرًا فِي الْجَنَّةِ ) (أحمد)

മുആദ്ബ്നുഅനസ് അൽജുഹനി(ﷺ)വിൽ നിന്നും നിവേദനം: റസൂൽ(ﷺ) പറയുന്നു: 'ആരെങ്കിലും ഖുൽഹുവല്ലാഹു അഹദ് എന്ന സൂറത്ത് അവസാനിക്കുന്നത്വരെ പത്ത് പ്രാവശ്യം പാരായണം ചെയ്യുകയാണെങ്കിൽ അല്ലാഹു അവന് സ്വർഗത്തലൊരു ഭവനം നിർമ്മിച്ച് കൊടുക്കുന്നതാണ്' (അഹ്മദ്)

**സ്വർഗത്തിന്റെ പാതയിൽ:**

عَنْ أَبِي هُرَيْرَةَ قَالَ :قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا سَهَّلَ اللَّهُ لَهُ بِهِ طَرِيقًا إِلَى الْجَنَّةِ وَمَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللَّهِ يَتْلُونَ كِتَابَ اللَّهِ

وَيَتَدَارَسُونَهُ بَيْنَهُمْ إِلَّا نَزَلَتْ عَلَيْهِمُ السَّكِينَةُ وَغَشِيَتْهُمُ الرَّحْمَةُ وَحَفَّتْهُمُ الْمَلَائِكَةُ وَذَكَرَهُمُ اللَّهُ فِيمَنْ عِنْدَهُ وَمَنْ بَطَّأَ بِهِ عَمَلُهُ لَمْ يُسْرِعْ بِهِ نَسَبُهُ ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറഞ്ഞു: 'ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് പുറപ്പെടുകയാണെങ്കിൽ അല്ലാഹു അവന്ന് സ്വർഗ്ഗത്തിലേക്കുള്ള പാത എളുപ്പമാക്കി കൊടുക്കുന്നതാണ്, അല്ലാഹുവിന്റെ ഭവനമായ പള്ളിയിൽ ഒരു വിഭാഗം ആളുകൾ ഒരുമിച്ച് കൂടി അവന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും, അതിനെ പഠിക്കുകയും ചെയ്താൽ അവർക്ക് അല്ലാഹുവിന്റെ സമാധാനം ഇറങ്ങാതിരിക്കില്ല തന്നെ, അവരെ കാരുണ്യം പൊതിയുകയും, മലക്കുകൾ വലയം വെക്കുകയും അല്ലാഹു അവന്റെയടുത്തുള്ളവരോട് അവരെപ്പറ്റി പറയുകയും ചെയ്യുന്നതാണ്. കർമ്മങ്ങളിൽ പിന്തി നിന്നയാളുകളെ അവരുടെ തറവാട് മുൻ കടത്തുകയില്ല' (മുസ്ലിം)

അവസാന വേദ്രഗന്ഥമായ വിശുദ്ധഖുർആൻ പാരയണം ചെയ്യുന്നതിനും പഠിക്കുന്നതിനും ഒരു

പാട് ശ്രേഷ്ഠതകളും പ്രത്യേകതകളുമുണ്ട്. സത്യ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഖുർആൻ പാരായണം ചെയ്യുന്നതോടൊപ്പം തന്നെ അത് പഠിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കു കയും ചെയ്യേണ്ടതുണ്ട്. വിശുദ്ധ ഖുർആനിനനു സരിച്ച് ജീവിതം ക്രമീകരിച്ചത് കൊണ്ടാണ് പ്രവാ ചകാനുയായികൾ അല്ലാഹുവിന്റെ ഇഷ്ടത്തിനും, ഉത്തമ സമുദായമെന്ന പ്രവാചക പ്രശംസക്കും പാത്രമായത്. ആയതിനാൽ അല്ലാഹുവിനെയും, പ്രവാചകനെയും, സ്വഹാബികളെയും സ്നേഹി ക്കുന്നവർ ഖുർആൻ പഠിക്കുവാനും ജീവിതത്തിൽ പകർത്തുവാനും സന്നദ്ധരാവുക. അതിന്ന് സാധ്യ മാവുന്ന എല്ലാ അവസരങ്ങളും ഉപയോഗപ്പെടു ത്തുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

## സ്വദഖ: മഹത്വങ്ങൾ ശ്രേഷ്ടതകൾ

അല്ലാഹുവിന്റെ അനുഗ്രഹമാണ് സമ്പത്ത് എന്നത്. അത് അവൻ ഉദ്ദേശിക്കുന്നവർക്ക് കണ ക്കില്ലാതെ നൽകുന്നതാണ്. ദൈവിക അനുഗ്രഹ മായ സമ്പത്ത് അവന്റെ നിയമങ്ങൾക്ക് വിധേയ

മായിട്ടാണ് നാം ചിലവഴിക്കേണ്ടതും, സമ്പാദിക്കേണ്ടതും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയെന്നതായിരിക്കണം അതിലൂടെ നാം ലക്ഷ്യമാക്കേണ്ടത്. ഖുർആൻ പറയുന്നു:

الَّذِينَ يُنفِقُونَ أَمْوَالَهُمْ بِاللَّيْلِ وَالنَّهَارِ سِرًّا وَعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ) (البقرة: ٢٧٤)

'രാത്രിയും പകലും രഹസ്യമായും പരസ്യമായും തങ്ങളുടെ സ്വത്തുക്കൾ ചെലവഴിച്ചു കൊണ്ടിരിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുണ്ടായിരിക്കുന്നതാണ്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.' (അൽബഖറ: 274)

സ്വദഖകളിലൂടെ വർദ്ധിച്ച പ്രതിഫലമാണ് കരഗതമാവുക. അതിൽ ചിലത് താഴെ വിശദീകരിക്കട്ടെ.

**പാപങ്ങൾ മായ്ക്കപ്പെടും:**

സ്വദഖകൾ നൽകുന്നതിലൂടെ പാപങ്ങൾ മായ്ക്കപ്പെടുകയും, കുറ്റങ്ങൾ പൊറുക്കപ്പെടുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു:

(إِنْ تُقْرِضُوا اللَّهَ قَرْضًا حَسَنًا يُضَاعِفْهُ لَكُمْ وَيَغْفِرْ لَكُمْ وَاللَّهُ شَكُورٌ حَلِيمٌ) (التغابن:١٧)

'നിങ്ങൾ അല്ലാഹുവിന് ഉത്തമമായ കടം കൊടുക്കുന്ന പക്ഷം അവനത് നിങ്ങൾക്ക് ഇരട്ടിയാക്കിത്തരികയും നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറ്റവും അധികം നന്ദിയുള്ളവനും സഹനശീലനുമാകുന്നു'.

പ്രവാചകൻ(ﷺ) പറയുന്നു:

( عَنْ مُعَاذٍ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ سَأُنَبِّئُكَ بِأَبْوَابٍ مِنَ الْخَيْرِ الصَّوْمُ جُنَّةٌ وَالصَّدَقَةُ تُطْفِئُ الْخَطِيئَةَ كَمَا يُطْفِئُ الْمَاءُ النَّارَ...) (الترمذي - صححه الألباني)

മുആദ്(رضي الله عنه)വിൽ നിന്ന്, നബി(ﷺ) പറയുകയുണ്ടായി: 'നന്മയുടെ വാതായനങ്ങളെ സംബന്ധിച്ച് ഞാൻ താങ്കൾക്ക് അറിയിച്ച് തരാം, നോമ്പ് പരിചയാണ്, സ്വദഖകൾ പാപങ്ങളെ മായ്ച്ച് കള

യുന്നതാണ്, വെള്ളം തീയിനെ കെടുത്തി കളയുന്നത് പോലെ' (തിർമിദി)

**സ്വദഖ: ധനം വർദ്ധിപ്പിക്കുന്നു:**

( عَنْ أَبِي هُرَيْرَةَ عَنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَا نَقَصَتْ صَدَقَةٌ مِنْ مَالٍ وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلَّا عِزًّا وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلَّا رَفَعَهُ اللَّهُ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറഞ്ഞു: 'ദാനധർമ്മങ്ങൾ ഒരു ധനത്തെയും കുറച്ചിട്ടില്ല, വിട്ട്വീഴ്ച ചെയ്യുന്നതിലൂടെ ഒരാൾക്കും അല്ലാഹു പ്രതാപമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ല, അല്ലാഹുവിന് വേണ്ടി ആരെങ്കിലും വിനയം പ്രകടിപ്പിച്ചാൽ അതിലൂടെ അവന്റെ പദവി അല്ലാഹു ഉയർത്താതിരുന്നിട്ടില്ല' (മുസ്ലിം)

**പരലോകത്ത് തണൽ ലഭിക്കും:**

يَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ كُلُّ امْرِئٍ

فِي ظِلِّ صَدَقَتِهِ حَتَّى يُفْصَلَ بَيْنَ النَّاسِ أَوْ قَالَ يُحْكَمَ بَيْنَ النَّاسِ) (أحمد - صحح الألباني)

ഉഖ്ബതുബ്നു ആമിറി(ﷺ)ൽ നിന്ന്, പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടു: 'ഓരോ മനുഷ്യനും അവന്റെ സ്വദഖയുടെ തണലിലായിരിക്കും, ജനങ്ങൾക്കിടയിൽ വേർതിരിവു ണ്ടാകുന്നത് വരെ, അല്ലെങ്കിൽ ജനങ്ങൾക്കിടയിൽ വിധി നടപ്പിലാക്കുന്നത് വരെ' (അഹ്മദ്)

**മുറിഞ്ഞ് പോവാതെ...**

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا مَاتَ الْإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلَّا مِنْ ثَلَاثَةٍ إِلَّا مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ് (ﷺ) പറഞ്ഞു: 'ഒരു മനുഷ്യൻ മരിച്ച് കഴിഞ്ഞാൽ മൂന്ന് കാര്യങ്ങളല്ലാത്ത മറ്റു കർമ്മങ്ങളെല്ലാം മുറിഞ്ഞ് പോകുന്നതാണ്, മുറിഞ്ഞുപോകാത്ത

സ്വദഖകൾ, ഉപകാരപ്പെടുന്ന വിജ്ഞാനങ്ങൾ, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹീങ്ങളായ സന്താനങ്ങൾ എന്നിവയാണത്' (മുസ്ലിം)

**കോപത്തിൽ നിന്ന് സുരക്ഷ:**

عن أبي سعيد قال: قال النبي صلى الله عليه وسلم: صدقة السر تطفئ غضب الرب و صلة الـرحم تزيـد في العمـر ...) (تخـريج السيوطي تحقيق الألبـاني ( صـحيح ) رقـم : ٣٧٦٠ في صـحيح الجامع .)

അബൂസഈദി(ﷺ)ൽ നിന്ന്, നബി(ﷺ) പറയുകയുണ്ടായി: 'രഹസ്യമായ ദാനധർമ്മം രക്ഷിതാവിന്റെ കോപത്തെ തണുപ്പിക്കുന്നതാണ്, കുടുംബ ബന്ധം ചേർക്കൽ ആയുസ്സിൽ വർദ്ധനവുണ്ടാക്കുന്നതുമാണ്' (സുയൂത്വി. അൽബാനി സഹീഹാക്കിയത്)

**കാരക്ക ചീള്...**

സ്വദഖ: മഹത്വരമാണ്, അതെത്ര ചെറുതാണെങ്കി

ലും ശരി, അല്ലാഹുവിന്റെയടുത്ത് അത് വലുതാണ്. തിരുമേനി(ﷺ) പറയുന്നു:

( عَنْ عَدِيِّ بْنِ حَاتِمٍ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ ... قَالَ اتَّقُوا النَّارَ وَلَوْ بِشِقِّ تَمْرَةٍ فَمَنْ لَمْ يَجِدْ فَبِكَلِمَةٍ طَيِّبَةٍ ) (متفق عليه)

അദിയ്യുബ്നു ആതിമി(رضي الله عنه)ൽ നിന്ന്, നബി(ﷺ) പറയുകയുണ്ടായി: 'നിങ്ങൾ നരകത്തെ സൂക്ഷിക്കുക, ഒരു കാരക്ക ചീളുകൊണ്ടെങ്കിലും, അതും ലഭിച്ചില്ലെങ്കിൽ നല്ല വാക്ക് കൊണ്ടെങ്കിലും' (മുത്തഫഖുൻ അലൈഹി)

**ബന്ധുക്കൾക്ക്:**

അല്ലാഹുവിൽ നിന്ന് പ്രതിഫലമാഗ്രഹിച്ചുകൊണ്ട് ആരെങ്കിലും കുടുംബത്തിന് ചിലവഴിക്കുകയാണെങ്കിൽ അത് സ്വദഖയായി പരിഗണിക്കുമെന്നാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്, മാത്രമല്ല, ആരെങ്കിലും കുടുംബക്കാർക്ക് സ്വദഖ: നൽകുകയാണെങ്കിൽ അതിന് ഇരട്ടി പ്രതിഫലമുണ്ടെന്നും തിരുമേനി നമ്മെ പഠിപ്പിക്കുന്നു.

( عَنْ أَبِي مَسْعُودٍ الْأَنْصَارِيِّ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا أَنْفَقَ الْمُسْلِمُ نَفَقَةً عَلَى أَهْلِهِ وَهُوَ يَحْتَسِبُهَا كَانَتْ لَهُ صَدَقَةً ) (بخاري)

അബൂമസ്ഊദ് അൽ അൻസാരി(ﷺ)വിൽ നിന്ന്, നബി(ﷺ) പറഞ്ഞു: 'തന്റെ കുടുംബത്തിന് വേണ്ടി ഒരു മുസ്ലിം ചിലവഴിക്കുകയും, അതിന് പ്രതിഫലം കാംക്ഷിക്കുകയും ചെയ്താൽ അത് അവന് സ്വദഖയാകുന്നു' (ബുഖാരി).

( عَنْ سَلْمَانَ بْنِ عَامِرٍ الضَّبِّيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الصَّدَقَةُ عَلَى الْمِسْكِينِ صَدَقَةٌ وَعَلَى ذِي الْقَرَابَةِ اثْنَتَانِ صَدَقَةٌ وَصِلَةٌ ) (ابن ماجه - صححه الألباني)

സൽമാനുബ്നു ആമിർ അള്ളബ്ബി(ﷺ)യിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'പാവപ്പെട്ടവർക്കുള്ള ദാനധർമ്മം സ്വദഖയാകുന്നു, അടുത്ത ബന്ധുക്കൾക്കുള്ളത് രണ്ട് പ്രതിഫലമുള്ളതാണ്, സ്വദഖയും, കുടുംബബന്ധം ചേർക്കലും' (ഇബ്നുമാജ)

**മുകളിലുള്ള കൈ...**

അല്ലാഹു നൽകിയ അനുഗ്രഹമായ സമ്പത്ത് ഇസ്ലാമിന്റെ മാർഗത്തിൽ ചിലവഴിക്കുന്നത് വളരെ പുണ്യമുള്ളതാണ്, അങ്ങിനെ ചിലവഴിക്കുന്ന മുകളിലെ കൈ ആണ് അത് വാങ്ങുന്ന താഴെയുള്ള കയ്യിനേക്കാൾ ഉത്തമവും, പ്രതിഫലാർഹവുമായിട്ടുള്ളത്.

( عَنِ ابْنِ عُمَرَ رَضِي اللَّه عَنْهمَا قَالَ سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يقول وَهُوَ عَلَى الْمِنْبَرِ وَذَكَرَ الصَّدَقَةَ وَالتَّعَفُّفَ وَالْمَسْأَلَةَ الْيَدُ الْعُلْيَا خَيْرٌ مِنَ الْيَدِ السُّفْلَى فَالْيَدُ الْعُلْيَا هِيَ الْمُنْفِقَةُ وَالسُّفْلَى هِيَ السَّائِلَةُ ) (بخاري)

ഇബ്നുഉമർ(ﷺ)വിൽ നിന്ന് നിവേദനം; നബി(ﷺ) മിമ്പറിലായിരിക്കെ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'സ്വദഖയെ സംബന്ധിച്ചും, ചാരിത്ര്യത്തെ സംബന്ധിച്ചും പറഞ്ഞു, അതുപോലെ മുകളിലെ കൈ ആണ് താഴെയുള്ള കയ്യിനേക്കാളും ഉത്തമം എന്ന കാര്യവും. മുകളിലെ കൈ

ചിലവഴിക്കുന്ന കയ്യും, താഴെയുള്ള കൈ ചോദിക്കുന്നവന്റെ കയ്യുമാകുന്നു' (ബുഖാരി)

**ചോദ്യം ചെയ്യപ്പെടും:**

ഇത്രമാത്രം പ്രാധാന്യമുള്ള കാര്യമാണ് ഇസ്ലാമിന്റെ മാർഗത്തിൽ ചിലവഴിക്കുകയെന്നത്. പ്രബോധനം മുഴുവൻ മുസ്ലീംകളുടെയും ബാധ്യതയാണ്, ഓരോ വ്യക്തിക്കും അവരവരുടെ കഴിവിനനുസരിച്ച് പ്രബോധനം ചെയ്യുക, സാമ്പത്തിക ശേഷിയുള്ളവർ പ്രബോധന പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം ചെയ്യുക, പ്രബോധനം ചെയ്യുന്നവരെ സഹായിക്കുക പോലെയുള്ള കാര്യങ്ങൾ ചെയ്ത് കൊണ്ട് ധനികർ അവരുടെ ബാധ്യതകൾ നിർവ്വഹിക്കൽ അനിവാര്യമാണ്. പരലോകത്ത് ധനം എവിടെ നിന്നാണ് സമ്പാദിച്ചത്, എങ്ങിനെ ചിലവഴിച്ചുവെന്ന ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാതെ ഒരാൾക്കും തന്റെ കാൽ പാദങ്ങൾ മുന്നോട്ട് ചലിപ്പിക്കുവാൻ സാധ്യമല്ല.

(عَنْ أَبِي بَرْزَةَ الْأَسْلَمِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَا تَزُولُ قَدَمَا عَبْدٍ يَوْمَ الْقِيَامَةِ حَتَّى يُسْأَلَ عَنْ عُمُرِهِ فِيمَا أَفْنَاهُ وَعَنْ عِلْمِهِ فِيمَ فَعَلَ وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَ أَنْفَقَهُ وَعَنْ جِسْمِهِ فِيمَ أَبْلَاهُ ) (الترمذي- صحح الألباني)

അബൂബർസ അൽ അസ്ലമി(ﷺ)യിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'അവസാന നാളിൽ ഒരാളുടെയും കാൽപാദങ്ങൾ മുന്നോട്ട് ചലിപ്പിക്കുവാൻ സാധ്യമല്ല, തന്റെ ആയുസ്സ് എന്തിന് വേണ്ടി ചിലവഴിച്ചു, തന്റെ വിജ്ഞാനം കൊണ്ട് എന്ത് ചെയ്തു, തന്റെ ധനം എങ്ങിനെ സമ്പാദിച്ചു, എന്തിന് ചിലവഴിച്ചു, തന്റെ ശരീരത്തെ എന്തിന് വേണ്ടിയാണ് ക്ഷീണിപ്പിച്ചത് എന്നീ കാര്യങ്ങൾ ചോദ്യം ചെയ്യപ്പെടാതെ' (തിർമിദി)

**നെൽ കതിർ:**

അല്ലാഹുവിന്റെ മാർഗത്തിൽ ദാനധർമ്മം ചെയ്യുന്നവരുടെ ഉപമ നാം കാണുക:

(مَثَلُ الَّذِينَ يُنفِقُونَ أَمْوَالَهُمْ فِي سَبِيلِ اللَّهِ كَمَثَلِ حَبَّةٍ أَنْبَتَتْ سَبْعَ سَنَابِلَ فِي كُلِّ سُنْبُلَةٍ مِائَةُ حَبَّةٍ وَاللَّهُ يُضَاعِفُ لِمَنْ يَشَاءُ وَاللَّهُ وَاسِعٌ عَلِيمٌ) (البقرة:٢٦١)

'അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്.' (അൽബഖറ: 261)

## ഉംറയുടെ രൂപം

സർവ്വ സ്തുതിയും ഏകനായ അല്ലാഹുവിനത്രെ. അവന്റെ ദാസനും ദൂതനുമായ മുഹമ്മദ് നബി(ﷺ)യിൽ അനുഗ്രഹാശിസുകൾ വർഷിക്കട്ടെ.

വിശുദ്ധ ഖഅ്ബാലയ തീർത്ഥാടകരെ, അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ, അവൻ തൃപ്തിപ്പെടുന്ന രീതിയിൽ ഉംറ നിർവ്വഹിക്കുവാൻ തുണക്കട്ടെ. ജീവിതത്തിലുടനീളം തഖ്‌വാ ബോധമുണ്ടാകണമെന്ന് ഉണർത്തുന്ന, ആരാധനയുടെ എല്ലാ അംശവും അല്ലാഹുവിന് മാത്രം അർപ്പിച്ച് കൊണ്ട് അവൻ നിയോഗിച്ചയച്ചിട്ടുള്ള പ്രവാചക(ﷺ)നെ പരിപൂർണമായി പിൻപറ്റിക്കൊണ്ടാണ് നാം ഉംറ നിർവ്വഹിക്കേണ്ടത്. ഉംറയുടെ ഒരു ലഘുവിവരണമാണ് താഴെ കൊടുക്കുന്നത്: അല്ലാഹു അനുഗ്രഹിക്കട്ടെ... ആമീൻ

**ഉംറയുടെ റുക്നുകൾ:**

ഇഹ്റാം, ത്വവാഫ്, സഅ്‌യ് എന്നിവ ഉംറയുടെ റുക്നുകളാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടാൽ ഉംറ നിഷ്ഫലമായി പോകും.

**ഉംറയുടെ വാജിബാതുകൾ:**

മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യൽ, മുടി വടിക്കുകയോ വെട്ടുകയോ ചെയ്യുക. ഇവയിൽ

ഏതെങ്കിലും ഒന്ന് നഷ്ടപ്പെടുകയാണെങ്കിൽ മൃഗ ബലി നടത്തേണ്ടതാണ്.

**ഇഹ്റാം:**

ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങളിൽ പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്ന് പറയുന്നത്. ഇഹ്റാമിന് മുമ്പായി നഖം മുറിക്കുക, കക്ഷം –ഗുഹ്യഭാഗം എന്നിവിടങ്ങളിലെ രോമം നീക്കുക, മീശ വെട്ടുക, കുളിക്കുക, ശരീരത്തിൽ മാത്രം സുഗന്ധം പൂശുക എന്നിവ ചെയ്യൽ സുന്നത്താണ്. പിന്നീട് പുരുഷന്മാർ ഒരു തുണിയും മേൽ മുണ്ടും മാത്രവും, സ്ത്രീകൾ മുഖവും മുൻ കയ്യു മൊഴിച്ച് ശരീരം മുഴുവനും മറയുന്ന വസ്ത്രവുമാണ് ധരിക്കേണ്ടത്. തുടർന്ന് ഏതെങ്കിലും നമസ്കാര സമയമാണെങ്കിൽ നമസ്കരിച്ചതിന് ശേഷം 'ലബ്ബൈക ഉംറതൻ' എന്ന് പറയുക. ഇതോടുകൂടി ഉംറയിൽ പ്രവേശിച്ച് കഴിഞ്ഞു. തുടർന്ന് ത്വവാഫ് തുടങ്ങുന്നത് വരെ തൽബിയ്യത്ത് ചൊല്ലികൊണ്ടേ യിരിക്കുക. സ്ത്രീകൾ ശബ്ദം താഴ്ത്തിയും, പുരുഷന്മാർ ഉച്ചത്തിലുമാണ് തൽബിയ്യത്ത് ചൊല്ലേണ്ടത്.

(لَبَّيْكَ اللَّهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ إِنَّ الْحَمْدَ وَالنِّعْمَـةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ)

അർത്ഥം: 'അല്ലാഹുവെ നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, യാതൊരു പങ്കുകാരനുമില്ലാത്ത നിന്റെ വിളിക്ക് ഉത്തരം ചെയ്തു ഞാനിതാ വന്നിരിക്കുന്നു, സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്ക് തന്നെ, നിനക്ക് ആരും പങ്കുകാരനായില്ല.'

**2- ത്വവാഫ്:**

മസ്ജിദുൽ ഹറാമിൽ വലത് കാൽ വെച്ച് കൊണ്ടായിരിക്കണം പ്രവേശിക്കേണ്ടത്. ഈ പ്രാർത്ഥന ചൊല്ലൽ സുന്നത്താണ്.

بِسمِ اللهِ وَالصَلاَةُ وَالسَلاَمُ عَلَى رَسوُلِ اللهِ اللَّهُمَّ افْـتَحْ لِي أَبْـوَابَ رَحْمَتِكَ

അർത്ഥം: 'അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതരിൽ രക്ഷയും സമാധാനവും ഉണ്ടാക

ട്ടെ. അല്ലാഹുവെ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ'

ശേഷം ഹജറുൽ അസ്‌വദിന്റെ അടുത്ത് ചെന്ന് കഴിയുമെങ്കിൽ അതിനെ ചുംബിക്കുകയോ, അല്ലെങ്കിൽ തൊട്ട് മുത്തുകയോ ആംഗ്യം കാണിക്കുകയോ ചെയ്യുക.

തുടർന്ന് കഅബയെ ഇടതു വശത്താക്കി ത്വവാഫ് ആരംഭിക്കുക, ത്വവാഫിന് വുളൂഅ് നിർബ്ബന്ധമാണ്. ത്വവാഫിൽ പുതച്ചിട്ടുള്ള മുണ്ട് വലതു കക്ഷത്തിലൂടെയാക്കി ഇടതു ചുമലിൽ രണ്ടറ്റവും വെക്കൽ സുന്നത്താണ്. ആദ്യത്തെ മൂന്ന് ചുറ്റലിൽ പുരുഷന്മാർ ധൃതിയിൽ (റമൽ) നടക്കണം. ഹജറുൽ അസ്‌വദ് മുതൽ തുടങ്ങി വീണ്ടും ഹജറുൽ അസ്‌വദിനടുത്തെത്തിയാൽ ഒരു ചുറ്റ് പൂർത്തിയായി, ഇങ്ങിനെ ഏഴ് തവണ ചുറ്റണം. ഓരോ ചുറ്റലിലും ഹജറുൽ അസ്‌വദ് കഴയുമെങ്കിൽ ചുംബിക്കുന്നത് സുന്നത്താണ്. ഹജറുൽ അസ്‌വദിന്റെ തൊട്ട് മുമ്പുള്ള മൂലക്ക് 'റുക്നുൽയമാനി'യെന്ന് പറയുന്നു. ഇവിടെയെത്തിയാൽ കഴിയുമെങ്കിൽ കൈ കൊണ്ട് തൊടു

കയും ‘ബിസ്മില്ലാഹി വ അല്ലാഹു അക്ബർ’ എന്ന് പറയുകയും ചെയ്യുക. ഇല്ലെങ്കിൽ ഒന്നും ചെയ്യേണ്ടതില്ല. റുക്നുൽ യമാനി മുതൽ ഹജറുൽ അസ്‌വദ് വരെ ഇത് പ്രാർത്ഥിക്കുക:

(رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّار)

അർത്ഥം: ‘ഞങ്ങളുടെ നാഥാ, ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് നീ നന്മ നൽകേണമേ, ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ’

മറ്റു സമയങ്ങളിൽ ഏത് പ്രാർത്ഥനകളും, ദിക്റുകളും ചൊല്ലാവുന്നതാണ്. പ്രത്യേകിച്ച് ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ത്വവാഫിന് ശേഷം തന്റെ മുണ്ട് കക്ഷത്തിൽ നിന്ന് മാറ്റി പുതക്കുക. ത്വവാഫിൽ മാത്രമെ ഇള്തിബാഹ് സുന്നത്തുള്ളൂ, മറ്റു സമയങ്ങളിൽ തല മറക്കാത്തവിധം പുതക്കുക. ത്വവാഫിന് ശേഷം മഖാമു ഇബ്രാഹിമിന്റെ പിന്നിൽ കഅബക്ക് നേരെ തിരിഞ്ഞ് രണ്ട് റക്അത്ത് നമസ്കരിക്കണം. മഖാമു ഇബ്രാഹിമിന്റെ തൊട്ട് പിന്നിൽ തന്നെ പ്രയാസപ്പെട്ട് തിക്കി തിരക്കി നിൽക്കണമെന്നില്ല. അതിന്റെ പിന്നിൽ

ആവും വിധം പിറകോട്ട് മാറി സൗകര്യപൂർവ്വം എവിടെയും നിന്ന് നമസ്കരിക്കാവുന്നതാണ്. ആദ്യത്തെ റക്അത്തിൽ ഫാതിഹക്ക് ശേഷം 'ഖു ൽയാ അയ്യുഹൽ കാഫിറൂനം' രണ്ടാമത്തെ റക് അത്തിൽ 'കുൽ ഹുവല്ലാഹു അഹദും' ആയിരിക്കണം ഓതേണ്ടത്. പിന്നീട് സംസം കുടിക്കൽ സുന്നത്താണ്.

**സഅ്യ്:**

സ്വഫയിൽ നിന്നാണ് സഅ്യ് തുടങ്ങേണ്ടത്. സ്വഫയിലേക്ക് കയറുമ്പോൾ

(إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ)

'തീർച്ചയായും സഫയും മർവ്വയും അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാണ്' എന്ന ആയത്തോതി സ്വഫയിൽ കയറി കഅബക്ക് അഭിമുഖമായി നിന്ന് ഈ പ്രാർത്ഥന ചൊല്ലുക.

(لآإِلَهَ إِلا اللَّهُ و اللَّهُ أكبر لآإِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ

الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَـدِيرٌ لاَ إِلَهَ إِلَّا اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ)

അർത്ഥം: 'അല്ലാഹു അല്ലാതെ ഒരാരാധ്യനുമില്ല. അല്ലാഹു ഏറ്റവും ഉന്നതനാണ്, അല്ലാഹുവല്ലാതെ ആരാധ്യനില്ല. അവന് പങ്കുകാരാരുമില്ല. രാജാധിപത്യം അവനുള്ളതാണ്, സ്തുതിയും അവന് തന്നെ, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വ ശക്തനാണ്. അല്ലാഹുവല്ലാതെ അരാധ്യനില്ല. അവൻ ഏകനാണ്, അവൻ വാഗ്ദത്തം പൂർത്തിയാക്കി, തന്റെ ദാസനെ സഹായിച്ചു, ശത്രുസേനകളെ പരാജയപ്പെടുത്തി'

ഈ പ്രാർത്ഥന മൂന്ന് പ്രാവശ്യം ആവർത്തിക്കാവുന്നതാണ് പിന്നീട് ഏത് ആവശ്യങ്ങളും അറിയാവുന്ന ഭാഷയിൽ പ്രാർത്ഥിക്കാവുന്നതാണ്. പിന്നെ അവിടെ നിന്ന് മർവ്വയിലേക്ക് നടക്കുക. പച്ച അടയാളമിട്ട സ്ഥലത്തിനിടയിൽ പുരുഷന്മാർ വേഗത്തിൽ നടക്കണം. ഇത് സ്ത്രീകൾക്ക് ബാധകമല്ല. മർവ്വയിലെത്തിയാൽ സഫയിൽ ചെയ്തത് പോലെ പ്രാർത്ഥിക്കുക. പിന്നെ സഫയി

ലേക്ക് തിരിച്ച് നടക്കുക. സഫ യിൽ നിന്ന് മർവ്വ യിലേക്കെത്തിയാൽ ഒന്ന്, മർവ്വയിൽ നിന്ന് സ്വഫ യിലേക്കെത്തിയാൽ രണ്ട്. ഇങ്ങനെ സ്വഫയിൽ നിന്ന് തുടങ്ങി മർവ്വയിൽ അവസാനിക്കുന്ന രൂപ ത്തിൽ ഏഴ് പ്രാവശ്യം സ്വഫാ മർവ്വ ക്കിടയിൽ സഅ്യ് പൂർത്തിയാക്കുക. സഅ്യിനിടയിൽ ആ വശ്യമുള്ള പ്രാർത്ഥനകളും, ദിക്റുകളും അധിക രിപ്പിക്കൽ സുന്നത്താണ്. പ്രത്യേകം നിശ്ചയിക്ക പ്പെട്ട പ്രാർത്ഥനകളൊന്നും തന്നെയില്ല.

മർവ്വയിൽ അവസാനിക്കുന്ന രൂപത്തിൽ സഅ്യ് പൂർത്തിയായാൽ മുടികളയുകയോ, വെ ട്ടുകയോ ചെയ്യുക. കളയലാണ് ഏറ്റവും ഉത്തമം. വെട്ടുകയാണെങ്കിൽ സാധാരണ മുടി വെട്ടുന്നത് പോലെ മുഴുവൻ ഭാഗത്ത് നിന്നും വെട്ടണം. സ്ത്രീകൾ വിരൽ കൊടിയോളം മുടിയുടെ അറ്റം വെട്ടിയാൽ മതി. ഇതോടെ ഉംറയുടെ കർമ്മങ്ങൾ പൂർത്തിയായി. ഇനി ഇഹ്റാമിൽ നിന്ന് വിരമി ക്കാവുന്നതാണ്.

മദീനാ സന്ദർശനം ഹജ്ജിന്റെയോ ഉംറയു ടെയോ ഭാഗമല്ല. മദീന പള്ളിയിൽ വെച്ചുള്ള നമ

സ്കാരം (മസ്ജിദുൽ ഹറാം ഒഴിച്ച്) മറ്റു പള്ളികളിൽ നമസ്കരിക്കുന്നതിനേക്കാൾ ആയിരം ഇരട്ടി പ്രതിഫലം ഉള്ളതാണ്. ആ പ്രതിഫലം കരഗതമാക്കാൻ ഉദ്ദേശിച്ച് കൊണ്ട് പോകാവുന്നതാണ്. അവിടെയെത്തിയാൽ നബി(ﷺ)ടെയും, അബൂബക്കർ(رضي الله عنه), ഉമർ(رضي الله عنه) എന്നിവരുടെയും ഖബറുകൾ പുരുഷന്മാർക്ക് മാത്രം സന്ദർശിക്കൽ സുന്നത്താണ്. പ്രവാചകൻ(ﷺ) കാണിച്ചു തന്ന പോലെ ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ

**വിശുദ്ധഖുർആൻ പറയുന്നു:**

'നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണ്ണമായി നിർവ്വഹിക്കുക' (അൽബഖറ:196)

**പ്രവാചക തിരുമേനി(ﷺ) പറയുന്നു:**

'ഒരു ഉംറ അടുത്ത ഉംറ വരെയുള്ള പാപങ്ങളുടെ കഫ്ഫാറത്ത് (പ്രായ്ശ്ചിത്തം) ആകുന്നു' (ബുഖാരി, മുസ്ലിം)

**മുഹമ്മദ്നബി(ﷺ) അരുളുന്നു:**

'മസ്ജിദുൽ ഹറാമിലെ ഒരു നമസ്കാരം മറ്റുപള്ളികളിലെ നമസ്കാര ത്തേക്കാൾ (മസ്ജി ദുന്നബവി ഒഴിച്ച്) ഒരു ലക്ഷം ശ്രേഷ്ഠതയു ള്ളതാണ്' (അഹ്മദ്, ഇബ്നു മാജ)

**നബി(ﷺ) പറഞ്ഞു:**

'റമളാനിലെ ഒരു ഉംറ എന്റെ കൂടെ ഹജ്ജ് ചെയ്യുന്നതിന്റെ പ്രതിഫലമുള്ളതാകുന്നു'
(ബുഖാരി)

| <u>**ഉള്ളടക്കം**</u> | <u>**പേജ്**</u> | **فهرس** |
|---|---|---|
| **മുഖവുര** | 3 | مقدمة |
| **ഇസ്ലാമിൽ നോമ്പിനുള്ള സ്ഥാനം** | 7 | منزلة الصيام في الإسلام |
| **റമളാനിന്റെയും, നോമ്പിന്റെയും ശ്രേഷ്ഠത** | 9 | فضل شهر رمضان والصيام |
| **റമദാൻ വ്രതം നിർബ്ബന്ധം** | 19 | وجوب صوم رمضان |
| **നോമ്പിന്റെ നിയ്യത്ത്** | 21 | النية في الصوم |
| **റമളാൻ മാസമുറപ്പിക്കുന്നത്** | **25** | أثباب دخول الشهر |
| **നോമ്പ് ഖളാ വീട്ടൽ** | 27 | قضاء صوم رمضان |
| **നോമ്പുകാരന് സുന്നത്തായ കാര്യങ്ങൾ** | 31 | مستحبات الصيام |
| **നോമ്പുകാരന് കറാഹത്തായ കാര്യങ്ങൾ** | 39 | ما يكره للصائم |
| **നോമ്പുകാരന് നിർബ്ബന്ധമായ കാര്യങ്ങൾ** | 40 | ما يجب على الصائم |
| **റമളാനിൽ വൃതം ഒഴിവാക്കുവാൻ അനുവദനീയമായ കാര്യങ്ങൾ** | 41 | أمور يجوز فيها الفطر في رمضان |
| **നോമ്പ് നിഷ്ഫലമാക്കുന്ന കാര്യങ്ങൾ** | 47 | مفسدات الصوم |

| | | |
|---|---|---|
| സുന്നത്ത് നോമ്പുകൾ | 54 | صيام التطوع |
| വെറുക്കപ്പെട്ട നോമ്പുകൾ | **58** | صيام المكروه |
| ഹറാമായ നോമ്പുകൾ | **60** | صيام المحرم |
| തറാവീഹ് | **64** | صلاة التراويح |
| ലൈലത്തുൽ ഖദ്ർ | **66** | تحري ليلة القدر |
| ഇഅ്തികാഫ് | 71 | الاعتكاف |
| ഫിത്വ്ർ സകാത്ത് | 79 | زكاة الفطر. |
| 'ലാ ഇലാഹ ഇല്ലല്ലാഹ് ' ആശയവും, ശ്രേഷ്ഠതയും. | 92 | معنى لاإله الا الله |
| ശിർക്ക് അനന്തമായ അപകടം | 107 | خطورة الشرك |
| ജമാഅത്ത് നമസ്കാരം | 142 | صلاة الجماعة |
| വിശുദ്ധ ഖുർആൻ പാരായണവും പഠനവും, | 173 | فضل قرآءة القرآن |
| സ്വദഖ: മഹത്വങ്ങൾ ശ്രേഷ്ടതകൾ | 189 | فضائل الصدقات |
| ഉംറയുടെ രൂപം | 200 | كيفية العمرة |
| ഉള്ളടക്കം | 211 | فهارس |